# സാഹിത്യമഞ്ജൂഷ.

(ഒന്നാം ഭാഗം)

(സൎക്കാർ അംഗീകരിച്ചിട്ടുള്ളതു്)

പ്രസാധകൻ

ജെ. തോമ്മസ്

ആറന്മുള.

T61
T37

XK17

# സാഹിത്യമഞ്ജൂഷ.

T61
I37

പ്രസാധകൻ

വി. ജെ. തോമസ്

ആറന്മുള

CANCELLED

DHARMARAM COLLEGE LIBRARY, BANGALORE.
7143

First Edition
Copies 1000.

PRINTED AT THE
THOMAS ATHANASIUS MEMORIAL PRESS, TIRUVALLA.

PRICE RE. ONE.

N. B. എല്ലാം പ്രതികളിലും പ്രസാധകൻെറ മുദ്ര ഉണ്ടായിരിക്കും.

# മുഖവുര.

കൈരളിയുടെ കാവ്യഭണ്ഡാരം സംപുഷ്ടമായി വരികയാണല്ലോ. ഹൃദയവീണാതന്ത്രികളെ അനായാസം മീട്ടി, സ്വർഗ്ഗീയ സംഗീതം പുറപ്പെടുവിക്കത്തക്കവണ്ണം ശക്തിമത്തായ കാവ്യങ്ങൾ ഇപ്പോൾ ദുർല്ലഭമല്ല. എന്നാൽ, സംസാരബന്ധത്തെ ലഘൂകരിക്കുന്നവയും, ആസ്തിക്യബോധപ്രചോദകങ്ങളുമായ ആദ്ധ്യാത്മിക ചിന്തകളെ സമുല്ലാദിപ്പിക്കുന്ന കവിതകൾ ആവശ്യമുള്ളിടത്തോളം നമുക്കു ലഭിക്കുന്നില്ല എന്നൊരു ന്യൂനത സാധാരണ കണ്ടുവരുന്നുണ്ടു്. ഈ ന്യൂനതയെ ഒരു വിധമെങ്കിലും പരിഹരിക്കുന്നതിനത്രെ ഈ "സാഹിത്യമഞ്ജൂഷ"യുടെ പ്രസിദ്ധീകരണവും.

ബൈബിൾ കഥകളെ ഉപജീവിച്ചു വിരചിതങ്ങളായ സാഹിത്യ കൃതികൾ തുലോം വിരളമായിരിക്കുന്നതു് അത്ഭുതം തന്നെ. എന്നാൽ ബൈബിൾ ഭണ്ഡാരത്തിൽ മാധുര്യനിഷ്യന്ദികളായ കവിതകളെ ജനിപ്പിക്കുന്നതിനു വേണ്ട കോപ്പുകളുണ്ടെന്നു 'മഗ്ദലന മറിയം;' 'വേദവിഹാരം' മുതലായ വിശിഷ്ട കൃതികൾ അടുത്ത കാലത്തു നമ്മെ ഗ്രഹിപ്പിച്ചിട്ടുണ്ടു്. അതിനാൽ പ്രസ്തുത കൃതികളാൽ സജ്ജീകൃതമായ പാതയിലൂടെ പ്രയാണം ചെയ്യുന്ന സുകുമാരങ്ങളായ ഖണ്ഡകൃതികളെ സഹൃദയലോകം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണിതു്. ഈ ഘട്ടത്തിൽ താദൃശ കവിതാതല്ലജങ്ങളുടെ ഒരു സമാഹാരം, സഹൃദയ

ലോകം ഒരു അനർഘോപഹാരമായി കരുതുമെന്നുള്ള ദൃഢബോധത്തോടു കൂടിയാണ്, ഇന്നത്തെ കേരളീയ സാഹിത്യോപാസകന്മാരിൽ പേരും പെരുമയും സമ്പാദിച്ചവരാൽ രചിതങ്ങളായ കാവ്യസുമങ്ങളടങ്ങിയ ഈ മഞ്ജൂഷ കൈരളിക്കു നിവേദിക്കുവാൻ ഞാൻ പുറപ്പെട്ടതു്. ഇതിനു മുൻപ് ഇത്തരത്തിലുള്ള ഒരു ഉപഹാരം നിവേദിക്കപ്പെട്ടിട്ടില്ലെന്നുള്ളതു കൊണ്ടു് ഇതിനെ കേരളീയർ സന്തോഷ സമന്വിതം സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു.

ഈ സമുദ്യമത്തിൽ എന്നെ പ്രോത്സാഹിപ്പിക്കുകയും, സഹായിക്കുകയും ചെയ്ത എല്ലാ മഹാത്മാക്കളോടും എനിക്കുള്ള കൃതജ്ഞത എത്രമാത്രമാണെന്നു പറഞ്ഞറിയിക്കുവാൻ ഞാൻ കേവലം അപ്രാപ്തനത്രേ. പ്രൌഢസുന്ദരങ്ങളായ കവിതകൾ അയച്ചുതന്നു് ഈ ഗ്രന്ഥത്തെ പരിപോഷിപ്പിക്കുവാൻ സന്മനസ്സുതോന്നിയ എല്ലാ കവികളുടെയും പേരുകൾ പ്രത്യേകം പറഞ്ഞു് അവരോടുള്ള കൃതജ്ഞത പ്രകടിപ്പിക്കുന്നതു സന്തോഷസന്ദായകമാണെങ്കിലും, വിസ്തരഭയത്താൽ അതിനു തുനിയുന്നില്ല. ആ മഹാശയന്മാർ ക്രൈസ്തവ സാഹിത്യപരിപോഷണാൎത്ഥം ചെയ്തിട്ടുള്ള ഈ ശ്രമം മൂലം, അവരോടു ക്രൈസ്തവസമുദായം എക്കാലത്തും കടപ്പെട്ടിരിക്കുന്നുവെന്നുള്ള ഒററവാക്കിൽ യഥാൎത്ഥമായ കൃതജ്ഞത സംക്ഷിപ്തമായി പ്രകടിപ്പിക്കപ്പെട്ടു കഴിഞ്ഞുവെന്നു് കരുതുന്നു.

ഇതിനു സുന്ദരമായ ഒരു അവതാരികയെഴുതിത്തന്ന ആർട്സ് കോളജ് പ്രൊഫസ്സർ, ശ്രീമാൻ വി. കൃ

ഷ്ണൻതമ്പി. ബി. എ. അവർകളോട് എനിക്കുള്ള നിഷ്കളങ്കമായ ഭക്തിബഹുമാനങ്ങളെ ഇവിടെ പ്രദർശിപ്പിച്ചു കൊള്ളട്ടെ.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ തന്നും, വേണ്ട പരിശോധനകൾ ചെയ്തും, എന്നെ സഹായിച്ച മഹാന്മാരോടും, ഇത്ര ഭംഗിയായ വിധത്തിൽ മുദ്രണം ചെയ്തു തന്ന റ്റി. എ. എം. പ്രസ്സ് പ്രവൎത്തകന്മാരോടും എനിക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊണ്ടും, ഈ "സാഹിത്യമഞ്ജുഷ"യെ സഹൃദയ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ആറന്മുള<br>111-ചിങ്ങം-7-ാംനു-

സഹൃദയ സമുദയ വിധേയൻ,<br>വി. ജെ. തോമ്മസ്സ്.

# ശ്രീ

# അവതാരിക.

മനുഷ്യൻെറ പുരോഗതിയുടെ മാനദണ്ഡം വിമാനവും ഹൌവിററ്സരും, വയർലസ്സുമല്ല. മനോവികാസം സിദ്ധിക്കാത്ത ഒരു ജനക്കൂട്ടത്തിനു്, തങ്ങളുടെ സങ്കുചിതമായ മനഃസ്ഥിതിയിൽ ജനിച്ച ക്ഷുദ്രങ്ങളായ ആശയങ്ങളെ, കൂടുതൽ വേഗത്തിൽ, കൂടുതൽ ഭംഗിയിൽ നേടിക്കൊടുക്കുക മാത്രമാണു്, കേവലം ബുദ്ധിവൈഭവജന്യങ്ങളായ മേൽ പറഞ്ഞ കണ്ടുപിടിത്തങ്ങൾ സാധിച്ചിട്ടുള്ളതു്. ഇങ്ങനെ ശാസ്ത്രം (Science) യഥാസ്ഥിതമായ, അസുന്ദരമായ മനസ്ഥിതിക്കു ദാസ്യം വഹിച്ചിട്ടുള്ളതേയുള്ളു. മനുഷ്യൻെറ യഥാർത്ഥമായ വളർച്ചക്കും ഉയർച്ചയ്ക്കും സാധകമായ ഒരു പുതിയ തത്വമോ പ്രസ്ഥാനമോ കണ്ടുപിടിക്കാൻ ശാസ്ത്രം സഹായിച്ചിട്ടില്ല. വാളും കുന്തവും കൊണ്ടു് ഒരു കൂട്ടം ആളുകൾ പത്തു നൂറു കാതം കാട്ടുവഴി കാൽനടയായി നടന്നു ചെന്നു് മററൊരുകൂട്ടം ആളുകളെ ഏററു തോല്പിച്ചു നശിപ്പിക്കുന്നതിലും, ലക്ഷക്കണക്കിനു തീക്കപ്പലുകളിലും, വിമാനങ്ങളിലും കയറിച്ചെന്നു് ഒരു വമ്പിച്ച ദേശത്തെ ഷിരങ്കികൊണ്ടും വിഷവായുക്കൾകൊണ്ടും നിർജ്ജനമാക്കിത്തീർക്കുന്നതിലും തമ്മിൽ പരിഷ്കൃതിയെ സംബന്ധിച്ചിടത്തോളം എന്തു വ്യത്യാസമാണു പറയാനുള്ളതു്. മനുഷ്യജീവിതത്തിനു് എന്തെങ്കിലും വില കല്പിക്കുന്നപക്ഷം രണ്ടാമത്തെ കഥ പരിഷ്കൃതിയുടെ ഭയങ്കരമായ ച്യുതിയെയാണു് ചൂണ്ടിക്കാണിക്കുന്നതു്.

നീറോ, ചന്ദ്രഗുപ്തൻ മുതലായവരുടെ കാലങ്ങളെ അപേക്ഷിച്ചു് ഇന്നു നാം തുലോം പരിഷ്കൃതരാണെന്നുള്ളതിനു സംശയമില്ല. അതു ലേശവും മുൻപറഞ്ഞ കണ്ടുപിടിത്തങ്ങൾ കൊണ്ടല്ലതാനും. അടിമകളെ സിംഹക്കൂട്ടിലിടുക മുതലായ അന്നത്തെ വിനോദങ്ങൾ, അന്നത്തെ ശൂലാരോപണം, ചിത്രവധം മുതലായവ ഇന്നു നടപ്പില്ലായ്കയാലാണു്, മെഷീൻതോക്കുകളുടെ പിന്നിലെങ്കിലും റെഡ്ക്രാസ് വണ്ടിയ്ക്കു ഗതികല്പിച്ചിട്ടുള്ളതുകൊണ്ടാണു് നാം കൂടുതൽ പരിഷ്കൃതരാണെന്നു് അഭിമാനിക്കാവുന്നതു്. സജീവികളിൽ കാരുണ്യം വേണ്ടതാണെന്നുള്ള പൊതുവായ ഒരു അഭിപ്രായഗതി, ക്രൂരതയിലുള്ള വൈമുഖ്യം എന്നിവയാണു് യഥാർത്ഥത്തിൽ മനുഷ്യനെ ഉയർത്തീട്ടുള്ള ഒരു വലിയ കണ്ടുപിടിത്തം.

വ്യക്തിഗതമായ ക്രൂരതയെയല്ല ഇവിടെ വിവക്ഷിക്കുന്നതു്. അതിന്റെ ചികിത്സയ്ക്കും നിവാരണത്തിനും നാം ആസ്പത്രികൾ സ്ഥാപിച്ചിട്ടില്ലെന്നേയുള്ളു. അതിനെപ്പററി ശാസ്ത്രീയഗവേഷണം ഇപ്പോൾ ചില ചിന്തകന്മാർ ആരംഭിച്ചിട്ടുള്ളതേയുള്ളു. ക്രൂരകൃത്യം ചെയ്യുന്ന ഒരുവനോടു ഇന്നു നമുക്കുഭയവും വെറുപ്പുംമാത്രമാണു്. പണ്ടു കുഷ്ഠരോഗികളോടും നമുക്കുഭയവും വെറുപ്പുംമാത്രമായിരുന്നു. പാശ്ചാത്യദേശങ്ങളിൽ വിശേഷിച്ചും, ഈ രോഗം ഈശ്വരശിക്ഷയാണെന്നു കരുതി രോഗികളെ ആട്ടിഓടിച്ചു പട്ടിണിയിട്ടു കൊല്ലുന്നതിൽ യാതൊരു വൈമനസ്യവും ഇല്ലായിരുന്നു, നമുക്കു ഏതാണ്ടുമനോവികാസം സിദ്ധിച്ചപ്പോൾ, ധനവാന്റെ സൌകര്യസമാർജ്ജനത്തിനു മാത്രം വ്യാപരിച്ചിരുന്ന ശാസ്ത്രത്തെ

നാം അങ്ങോട്ടേയ്ക്കും വ്യാപരിപ്പിച്ചു. സാംക്രമികരോഗങ്ങൾക്കു വേണ്ട ചികിത്സയും രോഗിശാലകളും രോഗനിവാരണത്തിനു വേണ്ട മുൻകരുതലുകളും ഫലിച്ചു. ഇതേമട്ടിൽ തന്നെ ക്രൌര്യം മുതലായ മാനസിക രോഗങ്ങളെപ്പററിയും ശാസ്ത്രീയ ഗവേഷണം ആവശ്യമുണ്ട്. അവയ്ക്കു പരിഹാരങ്ങളും ആവശ്യമുണ്ട്. ഒരുവൻ മോഷ്ടിച്ചാൽ അന്ന്യനു വരാവുന്ന നഷ്ടവും, പ്രഹരിച്ചാൽ അന്ന്യനു വരാവുന്ന വേദനയും മാത്രമേ, ഇപ്പോൾ കണക്കാക്കുന്നുള്ളു. അവൻ പൌരവൃത്തിക്കു കൊള്ളാത്തവൻ എന്നു കരുതി അവനെ, വേലയ്ക്കു കൊള്ളാത്ത മററു പ്രാണികളേയും എന്ന പോലെ, അകററിക്കളയുകമാത്രമേ നമുക്കു കൃത്യമായി കരുതുന്നുള്ളു. അവനുണ്ടായിട്ടുള്ള മാനസിക രോഗത്തിൽ നമുക്കു സഹതാപമില്ല. അതിനെ മാററുവാൻ യാതൊരു പ്രയത്നവും ചെയ്യുന്നില്ല. ഇത്തരം രോഗങ്ങൾ ബീജദശയിൽ തന്നെ നശിക്കുമാറു യാതൊരു നിവാരണ മാർഗ്ഗവും അനുഷ്ഠിക്കുന്നില്ല. എന്നാൽ ഈയിടയ്ക്കു ചിന്തകന്മാരുടെ ഇടയിൽ തുറന്നു തുടങ്ങിട്ടുള്ള ദൃഷ്ടികോണം പ്രായോഗികമാകുമെന്നു നമുക്കു ആശിക്കാം.

സാമുദായികമായ മനോവികാസം നമുക്കു അല്പം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ് നാം പരിഷ്കൃതരായിരിക്കുന്നു എന്ന അഭിമാനത്തിനു അടിസ്ഥാനഭൂതമായിട്ടുള്ളതു്. പഴയ റോമിലെ സിംഹപ്പോരു്, ഡില്ലിയിലെ ആനപ്പോരു്, സ്പെയിനിലെ കാളപ്പോരു്, പട്ടിപ്പോരു്, കോഴിപ്പോരു്, ആട്ടകുരുതി, കോഴിക്കുരുതി മുതലായതു നിർത്തൽ ചെയ്യുന്നമെന്നും, തൂക്കിലിടൽ കാണുക

ഒരു പൊതുവിനോദമായി കരുതരുതെന്നും മററും നിശ്ചയിച്ച മനഃസ്ഥിതി മുമ്പിലത്തേതിൽ നിന്ന് അത്യുച്ചമായ ഔന്നത്യസിദ്ധിയെ സൂചിപ്പിക്കുന്നു. ജന്തുക്കളെ തിന്നുകയും, ജോലി എടുപ്പിക്കയും ചെയ്യുക നിവൃത്തിയില്ലെങ്കിലും അവയെ അനാവശ്യമായി വേദനിപ്പിക്കാതിരിക്കാനുള്ള എസ്. പി. സി. എ. മുതലായ സംഘങ്ങളുടെ ശ്രമങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നു. മനുഷ്യസമുദായത്തെ തുരുതുറായി കീറിപ്പിളന്നു പരസ്പരം ഭേദവും ദ്വേഷവും ജനിപ്പിക്കുന്ന ഉച്ചനീച ഭാവങ്ങളെ ഇല്ലാതാക്കുവാനുള്ള ശ്രമവും ഇതിനു ഉദാഹരണങ്ങളാകുന്നു. ഇതെല്ലാം സജീവരിൽ കാരുണ്യം എന്ന മഹാതത്വത്തിൽ അടിസ്ഥാനപ്പെട്ടവയാണ്.

മനുഷ്യനെ ഉയർത്തുവാൻ സാധിച്ചിട്ടുള്ള രണ്ടാമത്തെ കണ്ടുപിടുത്തമാണ് "ത്യാഗം." ത്യാഗം എന്നതു നമുക്കു വളരെ പുരാതന കാലങ്ങൾ മുതൽ പരിചയമാണ്. നേതാവിനോടൊ, ഭർത്താവിനോടൊ ഒരുമിച്ചു ഉടൻ കട്ടകയറുക, യജമാനനു വേണ്ടി പ്രാണൻ കളയുക മുതലായവ സകല സാഹിത്യങ്ങളിലും ധാരാളം പ്രസിദ്ധങ്ങളാണ്. അവ വായിച്ച് നാം രോമാഞ്ചം കൊള്ളാറുമുണ്ട്. എന്നാൽ ഇവയൊക്കെ ത്യാഗാഭാസങ്ങൾ മാത്രമാണ്. ബുദ്ധിയ്ക്കും മനസ്സിനും ആത്മാവിനും വേണ്ട വളർച്ച സിദ്ധിച്ച ഒരു മനുഷ്യൻെറ ത്യാഗമല്ലാ, അടിമത്യാഗമാണ്. ഭർത്താവിലും, നേതാവിലും, യജമാനനിലും ഉള്ള കേവലം സ്വാതന്ത്ര്യപരനായ മനുഷ്യൻ എന്ന നില ബോധിക്കാതെ മിഥ്യാകൃതമായ ഈശ്വരബുദ്ധി ആരോപിച്ചു കൊണ്ടുള്ളതാണ് ഈ വക ത്യാ

ഗം. അടിമകൾക്കു മാത്രമേ അതു സാദ്ധ്യമാകയുള്ളു. അടിമയിൽ നിന്നുയൎന്ന മനുഷ്യന്റെ ത്യാഗമാണു് നമുക്കു ഇവിടെ വിഷയം. നാം മേൽ പറഞ്ഞ കഥകൾ വായിച്ചു രസിക്കുന്നതും തൽക്കാലം കവിസങ്കേതങ്ങളിൽ ഉൾപ്പെട്ടു നിന്നിട്ടോ, നമ്മുടെ ദുർവ്വാസനകളാൽ യഥാർത്ഥം ഗ്രഹിയ്ക്കായ്കകൊണ്ടോ മാത്രമാണു്. യഥാർത്ഥത്യാഗം നാം കണ്ടു വരാറുള്ളതു അധികവും എളിയവരെ ഉദ്ദേശിച്ചാണു്. ഒരു മാതാവു് അധിക ശുശ്രൂഷ ചെയ്യുന്നതു് ദുർഭഗനോ ദുർബുദ്ധിയോ ആയ പുത്രനെയാണു്. ഒരു ധാത്രി (Nurse) ഉറക്കമിളച്ചു ക്ലേശിക്കുന്നതു് ദൃഢഗാത്രന്മാൎക്കു വേണ്ടിയല്ല; ചോദ്യപ്പെടാവുന്ന ജീവിതരീതിയാൽ ശരീരം മുഴുവൻ വ്രണിതനായവനുവേണ്ടിയാണു്.

ഭടന്മാർ ജീവൻ ബലികഴിക്കുന്നതു ഭരണാധികാരിയുടെ മൂഢതയ്ക്കു പരിഹാരമായിട്ടാണു്. അദ്ധ്യാപകന്റെ സകലക്ലേശങ്ങളും സമൎത്ഥന്മാരായ വിദ്യാർത്ഥികൾക്കു വേണ്ടിയല്ല; അവർ അയാളെ കൂടാതെ തന്നെ മുന്നോട്ടുവന്നു കൊള്ളും; ക്ലാസിലെ ബുദ്ധിഹീനന്മാൎക്കു വേണ്ടിയാണു്. പൊതുജനോപകാരികൾ (Philanthropists) അധികം ധനവ്യയം ചെയ്യുന്നതു സമാധാനമായി ജീവിക്കുന്ന പൌരനു വേണ്ടിയല്ല; കൊള്ളക്കാൎക്കും കുടിയന്മാൎക്കും കവർച്ചക്കാൎക്കും വേണ്ടിയാണു്. പൊതുജനപ്രവൎത്തകന്മാർ (public men) വളരെ ക്ലേശിക്കുന്നതു് അജ്ഞതയിലാണ്ടു അധഃപതിച്ച സമുദായങ്ങൾക്കു വേണ്ടിയാണു്. ഇങ്ങനെ ത്യാഗം അനുഷ്ഠിച്ചു കാണുന്നതു സൎവ്വത്ര അനർഹങ്ങൾ എന്നു നാം ഗണി

ക്കാവുന്ന പാത്രങ്ങളിലാണു്. ഇതു തന്നെയാണ് ത്യാഗത്തിന്റെ മാഹാത്മ്യവും. വലിയവനുവേണ്ടിയും വലിയകാര്യത്തിനു വേണ്ടിയും ചെയ്യുന്ന ത്യാഗം ത്യാഗമല്ല, അതു ന്യായമായ വിലകൊടുക്കലാണു്. മനസ്സിനോ ബുദ്ധിക്കോ ശരീരത്തിനോ രോഗം ബാധിച്ചു പലക്കും വെറുപ്പിനു പാത്രീഭവിച്ചിട്ടുള്ളവക്കു വേണ്ടിയാണ് യഥാർത്ഥത്യാഗം ആവശ്യപ്പെടുന്നതു. ഇത്തരം ത്യാഗത്തെപ്പററിബോധവും ബഹുമാനവും ക്രമേണവർദ്ധിച്ചു വരുന്നതു മനുഷ്യസമുദായത്തിന്റെ പരിഷ്കൃതിയുടെ പുരോഗതിയെത്തന്നെ ഉദ്ഘോഷണം ചെയ്യുന്നു.

ശാസ്ത്രത്തിന്റെ പുരോഗതി നമ്മുടെ വാസനകൾക്കു സുഗ്രഹമാണ്. കാലം കൊണ്ടു് ഇലക്ട്രിസിററിപോലുള്ള ക്ഷുദ്രസിദ്ധികൾ പലതും വശമാകും. എന്നാൽ മനുഷ്യനു് യഥാർത്ഥമായ ഉയർച്ച നൽകുന്ന മുൻപറഞ്ഞ പോലുള്ള മഹാതത്വങ്ങളാകട്ടെ നമ്മുടെ വാസനകളെ ഖണ്ഡിച്ചു്, സിദ്ധങ്ങളായ സകല നിയമങ്ങളെയും വ്യാകോപിപ്പിച്ചു്, സകാലികമായ ജനസാമാന്യത്തെ ക്ഷോഭിപ്പിച്ചു മാത്രം സാധിക്കാവുന്നതാകുന്നു. ഈശ്വരനു സത്തെ നാം സങ്കല്പിക്കുന്നുവെങ്കിൽ ആ തത്വങ്ങളുടെ ഉപദേഷ്ടാവ് നമുക്കു സിദ്ധമാകുന്നതു് ഈശ്വര കാരുണ്യത്തിന്റെ പുലർച്ചയിലാണു്. ഉപദേഷ്ടാവു തന്നെ ഈശ്വരാംശവുമാണ്. മേൽ പറഞ്ഞ ഭൂതാനുകമ്പ, ത്യാഗം എന്ന രണ്ടു മഹാതത്വങ്ങൾ ഉപദേശിച്ചു്, അനുഷ്ഠിച്ചു് മനുഷ്യ ഹൃദയത്തെ വശീകരിച്ചു് ആശ്വസിപ്പിച്ചു് ഉന്നമിപ്പിച്ചിട്ടുള്ള ഒരു ദിവ്യ പുരുഷനാണ് ജീസസ് ക്രൈസ്റ്റ്. അദ്ദേഹം ഉ

പ്രദേശിച്ച തത്വങ്ങൾ പലപ്പോഴും അജ്ഞാനക്കാർമേഘങ്ങളിൽ മാഞ്ഞും മറഞ്ഞും ഒളിഞ്ഞും പോയിട്ടുണ്ടെങ്കിലും എക്കാലവും ഏതാനും ഹൃദയങ്ങളിലെങ്കിലും അവ ജീവിച്ചിട്ടുമുണ്ട്. ഇന്നു ജനസാമാന്യത്തിൽ അവ ലബ്ധസ്ഥാനങ്ങളുമാണ്. അപ്രതിഹതമായ പ്രകാശത്തോടു കൂടിയല്ല അവ ഇപ്പോഴും ജ്വലിക്കുന്നത് എന്നുള്ളതു നിരാശാ ഹേതുവല്ല. മുൻപറഞ്ഞ പോലെ ഭീരങ്കിപ്പുകകൾക്കും വിഷവായുക്കൾക്കും ഇടയിൽ റെഡ്ക്രാസ് കൊടിയും മിന്നിക്കാണുന്നതു് ഭാവിഭാവുകത്തിനു സൂചകമാകുന്നു.

ഈ പുണ്യശ്ലോകൻെറ ചരിത്രം എല്ലാവക്കും സുവിദിതമാകേണ്ടതു് അത്യാവശ്യമാകുന്നു. പല നല്ല യത്നങ്ങളും ഇക്കായ്യത്തിൽ ചെയ്തു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഏററവും ചേതോഹരവും നൂതനവുമായ ഒരു പ്രസ്ഥാനമാണു് ഈ ഗ്രന്ഥത്തിൻെറ പ്രസാധകൻ മിസ്റ്റർ വി. ജെ താമസ് അവലംബിച്ചിട്ടുള്ളതു്. കേരളത്തിലുള്ള മിക്ക കവികളേയും വള്ളത്തോൾ മുതൽ * വി. കൃഷ്ണൻ തമ്പി വരെ അദ്ദേഹം ഉപസപ്പണം ചെയ്തു അവക്കിഷ്ടവും കൂടുതൽ രസവുമുള്ള വിഷയം തിരിഞ്ഞെടുത്തു കവിതയായി എഴുതിക്കൊടുക്കണമെന്നു് അദ്ദേഹം അപേക്ഷിച്ചു. ഫലം ഈ മനോഹരമായ ഗ്രന്ഥമാണ്. ഓരോ അംശവും ഓരോരുത്തർ

---

* ഈ "കവി"യിൽ നിന്നും കവിതാവഷം കാലത്തിലുതിരായ്കയാൽ അവതാരിക കൊണ്ടു തൃപ്തിപ്പെടാമെന്നു ദയാലുവായ പ്രസാധകൻ സമ്മതിച്ചിട്ടുള്ളതാണ്. V. K.

എഴുതിയതുകൊണ്ടു് അതാതംശത്തിന്നു ഒരു പ്രത്യേകതയും "തനിക്കു താൻ പോന്ന" നിലയും ഉണ്ടു്. അതിനാൽ ഏതംശവും എടുത്തു് ആദ്യമായിത്തന്നെ വായിക്കുന്നതിന്നു വൈഷമ്യമോ വൈരസ്യമോ ഉണ്ടാകയില്ല. ഒരു കവി തന്നെ എഴുതുമ്പോൾ അതിവിശിഷ്ടനല്ലാത്തപക്ഷം ഇടക്കിടെക്കു രസപൈശുഷ്ക്കല്യത്തിന്നു വരാവുന്ന നിദ്രാലുത്വത്തിന്നു് ഇവിടെ സ്ഥാനമില്ല.

കൂടാതെ, ഏററവും വലുതായ ഒരു തത്വം ഈ പ്രസാധനത്തിൽ പ്രകടമായിട്ടുണ്ടു്. സകല ലോകരും അനർഘമായ ഒരു പൊതുസ്വത്തായിക്കൊണ്ടാടേണ്ട ഈ ദിവ്യപുരുഷൻെറ ചരിത്രം കേരളത്തിലെ വിവിധജാതിമതസ്ഥരും കൂടിച്ചേൎന്നു, വേണ്ട ഭക്തിയോടും യഥാൎത്ഥമായ ആശയബോധത്തോടും കൂടിയാണു് എഴുതിത്തീൎത്തിരിക്കുന്നതു്. മതമെന്നതു് ജനസമുദായങ്ങൾക്കു പരസ്പരമുള്ള പോരാട്ടത്തിന്നു ഒരു നിമിത്തം മാത്രമാക്കേണ്ടതല്ലെന്നും എല്ലാമനുഷ്യരേയും കൂട്ടിയിണക്കി സൌഹാർദ്ദബന്ധം ചെയ്യുന്ന മഹാതത്വങ്ങൾ അടങ്ങിയ ഒരു പരമാനുഗ്രഹമാണെന്നും ഇതു് പ്രകടമായിക്കാണിക്കുന്നുണ്ടു്. മിസ്റ്റർ വി. ജെ. താമസ്സിൻെറ മഹത്തായ പരിശ്രമം മഹാജനങ്ങൾക്കു ആദരണീയമായിത്തോന്നുമാറാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

വി. കൃഷ്ണൻ തമ്പി ബി. എ.

1111 ചിങ്ങം 2-ാനു-

പ്രൊഫസ്സർ

ആർട്ട്സ് കോളേജ്.

തിരുവനന്തപുരം.

# വിഷയവിവരം


1 സെൻറ്ജോണിന്റെ ദിവ്യദർശനം.

(ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള എം. എ.)
(ഇംഗ്ലീഷ്) എം. എ (സംസ്കൃതം)

2 ബേത്‌ലഹേമിലെ ശിശു

(എൻ. ലളിതാംബികാ അന്തർജ്ജനം.)

3 അവതാരസന്ദേശം

(പൊൻകുന്നം സെയ്യദ് മുഹമ്മദ്)

4 ബീജാവാപം

(കോന്നിയൂർ ഗോവിന്ദപ്പിള്ള)

5 അസംപ്രേക്ഷ്യകാരിതയുടെ ഭയങ്കരഫലം.

നാലാങ്കൽ കൃഷ്ണപിള്ള ബി. എ (ആണേഴ്സ്)

6 "ചിൽപ്രഭാനിർഝരി ദൃശ്യമായി"

പുത്തൻകാവു മാത്തൻ തരകൻ എം ആർ എസ്സ് എൽ.

7 ജഗദ്ഗുരു.

കെ. എം. വറുഗീസ് ബി. എ. ഇടയാറന്മുള.

8 തമ്പുരാന്റെ പൂത്താംകോൽ.

കെ. കെ. രാജാ തൃശ്ശൂർ

9 രണ്ടുപുണ്യവതികളുടെ പരസ്പരസമാഗമം.

റ്റി. ജി. എബ്രഹാം ബി. എ കടമ്പനാട്ട്

10 പൌരസ്ത്യപണ്ഡിതന്മാർ

എം. ആർ കൃഷ്ണവാര്യർ ബി. എ. എൽ. റ്റി.

11 ഉത്സാഹവും അലസതയും

ഡാക്ടർ കെ. ഗോദവർമ്മരാജാ എം എ (മദ്രാസ്)
പി. എച്ച്. ഡി (ലണ്ടൻ)

12 സാംസണഗാഥ.

പി. അനന്തൻപിള്ള എം. ഏ.

13 ഘാതകന്മാൎക്കു ഭക്ഷണദാനം.

മഹാകവി, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള

14 അവരെതടയരുതേത്തുനാളും.

എൻ. ഗോപാലപിള്ള എം. ഏ.

15 "ഇന്നു ഞാൻ, നാളെ നീ"

വിദ്വാൻ ജി. ശങ്കരക്കുറുപ്പ്

16 തിരുവത്താഴരംഗം

ലേഡി വിദ്വാൻ. മുത്തുകുളം പാൎവ്വതിയമ്മ

17 ശമരീസമാഗമം.

വിദ്വാൻ. സി. ഐ. ഗോപാലപിള്ള എം. ഏ.

18 ദിവ്യോത്തരീയം അഥവാ ശിമോൻ എന്നവാന
പ്രസ്ഥൻ

കവിതിലകൻ കെ. പി. കറുപ്പൻ

19 ത്യാഗകിരണം

ശ്രാമ്പിക്കൽ പത്മനാഭമേനോൻ ഇടപ്പള്ളി

20 ക്രിസ്തുഭഗവാൻ പീലാത്തോസിന്റെ മുമ്പിൽ

സാഹിത്യപഞ്ചാനനൻ പി കെ. നാരായണപിള്ള
ബി. ഏ. ബി. എൽ.

21 വൃദ്ധയുടെ രണ്ടുകാശു്.

കെ. എം. വറുഗീസ് ബി. ഏ. ഇടയാറന്മുള

22 പുത്രദാനം

തെയ്യൂരാട്ട ചന്ദ്രശേഖരൻ നായർ

23 ക്ഷമാപണം

മഹാകവി. വള്ളത്തോൾ

24 അപരാധിനി

പന്തളം കെ. പി. രാമൻപിള്ള ബി. ഏ.

25 ദ്രവ്യയി.

കരിപ്പുറത്തു കേശവൻനായർ

26 ഭവിഷ്യയായവളരോഗിണിയായി

സി. എൻ. നാരായണപിള്ള. കാവാലം.

27 ചക്ഷുഷ്മാനാക്കപ്പെട്ട.

എം. ദാമോദരൻ നമ്പ്യാർ. വ്യാകരണഭൂഷണം.

തൃപ്പൂണിത്തുറ

28 സാത്താന്റെ പ്രലോഭനം

റാവുസാഹിബ് ഒ. എം. ചെറിയാൻ.

ബി. എ എൽ. റി.

29 യൂദായുടെ കട്ടംകൈ.

പുലിക്കീഴ് പി. സി. കോരുള്ള്.

30 വലത്തുഭാഗത്തെ കള്ളൻ

വിദ്വാൻ എ. ഡി. ഹരിശർമ്മ.

31 ദീർഘനിദ്രാപ്രബുദ്ധത.

വി. ജെ. തോമ്മസ് ആറന്മുള

32 ഒരു പരീക്ഷ അഥവാ, ഭക്തനായ ജോബ്

പണ്ഡിതർ ആർ. സി. ശർമ്മ

33 യരുശലേംനഗരത്തിലേക്കുള്ള ക്രിസ്തുവിന്റെ

ഘോഷയാത്ര.

പി. എസ്സ്. പുരുഷോത്തമൻ നമ്പൂതിരി

34 ആ ദിവ്യരൂപം അഥവാ, ക്രൂശിൽകിടക്കുന്നക്രിസ്തു

പന്തളം പി. കെ. കേരളവർമ്മരാജാ.

35 ക്രിസ്തുദേവന്റെ സ്വർഗ്ഗാരോഹണം.

മഹാകവി കെ. വി. സൈമൺ. ഇടയാറന്മുള

# സാഹിത്യ മഞ്ജൂഷ.

## 1

## സെൻറ് ജോണിന്റെ ദിവ്യ ദർശനം.

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം അദ്ദേഹത്തിന്റെ ഇഷ്ടശിഷ്യനായ സെൻറ് ജോൺ, മതവിശ്വാസം നിമിത്തം 'പത്മോസ്" എന്ന ദ്വീപിൽ നാടുകടത്തപ്പെടുകയുണ്ടായി. അവിടെ ഒരിക്കൽ ധ്യാനനിഷ്ഠയിൽ ഇരിക്കുമ്പോൾ ക്രിസ്തുദേവൻ അദ്ദേഹത്തിനു പ്രത്യക്ഷീഭവിച്ചു. ആ ദർശനമാണ് ഇവിടെ കവിതാവിഷയം.

“നിത്യനാം ഞാൻതന്നെ ഭൂതവും ഭാവിയും
സത്യം ഞാനാദിയുമന്തവും ഞാൻ”
ഈ സ്വരം കേട്ടുഞാൻ പിന്നിൽ നോക്കീടവേ
ഭാസ്വര മാത്രൂപം കണ്ണിൽപ്പെട്ടു.
ഏഴു മനോഹര ദീപിക കണ്ടു ഞാ-
നേഴിൻ നടുക്കൊരു വിഗ്രഹവും;
അഞ്ചിതവാസസ്സാലാപാദം മൂടിയും
കാഞ്ചനമേഖലയൊന്നണിഞ്ഞും,

മിന്നിയപ്പൊന്ന തിരുവടി തൻ മുടി-
മഞ്ഞു പോൽ വെണ്മ കലർന്നിരുന്നു.
അദ്ദിവ്യ ദൃഷ്ടികൾ ദീപശിഖപോലെ
ഉദ്ദീപ്തി പൂണ്ടു വിളങ്ങിക്കണ്ടു;
തൃപ്പദാംഭോജങ്ങൾ തപ്ത സൗവർണ്ണത്തി-
ന്നൊപ്പം സുശോഭന മായിരുന്നു.
ഗംഭീരമാസ്വര മംഭോധി ഗർജ്ജന-
ഡംഭം ശമിപ്പിപ്പതായിരുന്നു.
തൻവലം തൃക്കൈയിൽ പ്പൊന്താര മേഴെണ്ണ-
മമ്പോടദ്ദേവൻ ധരിച്ചിരുന്നു.
തപ്താംശുപോൽ മിന്നും വക്ത്രത്തിൽ നിന്നൊരു
ദീപ്തം ദ്വിധാരമാം വാളുയന്നു.
നിത്യനവൻ തന്നെ ഭൂതവും ഭാവിയും
സത്യമവനാദിയന്തവുമേ

ii

കണ്ടപ്പോളെൻ ജീവൻ ഞാനത്തിരുവടി-
രണ്ടിലുമർപ്പിച്ചു കൊണ്ടേൻ ധന്യൻ.
"നിത്യനാം ഞാൻ തന്നെ ഭൂതവും ഭാവിയും
സത്യം നിനക്കിനി ബ്ഭീതി വേണ്ട."
എന്നോതിത്തൻ വലം തൃക്കൈയെൻ മൗലിയിൽ
ധന്യമായ് വച്ചെൻെറ ജീവദാതാ.
"ജീവിച്ചിരിപ്പവൻ ഞാൻതന്നെ; ഞാൻതന്നെ
ഭൂവിലെജ്ജീവിതം കൈവെടിഞ്ഞോൻ;
സ്വസ്ഥസ്ഥ; നിത്യൻ ഞാൻ; മൃത്യുവിൻലോകത്തി-
ലെത്തിലും ഞാനത്രേ സർവനാഥൻ;

കണ്ടതും കാണ്മതുമിന്നിനി കാണ്മതും
വേണ്ടപോൽ ലോകരോടോതീടേണം;
എൻ കൈയിൽ കാണ്മതാ മേഴുതാരങ്ങളും
പങ്കമെഴാത്തേഴു ദൈവദൂതർ.
ദീപങ്ങളേഴെണ്ണം കാണ്മതാ ദൂതന്മാർ
പ്രാപിക്കും ദേവതാമന്ദിരങ്ങൾ.
കണ്ടതും കാണ്മതു മിന്നിനി കാണ്മതും
വേണ്ടപോൽ ലോകരോടോതിടേണം."

ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള
എം. എ. (ഇംഗ്ലീഷ്) എം. എ. (സംസ്കൃതം)

## 2

## ബേത്ലഹേമിലെ ശിശു.

ഭഗവാന്റെ അവതാരഘട്ടത്തിൽ ഒരു വെളിമ്പറമ്പിൽ ആടുകളോടു കൂടി കിടന്നിരുന്ന ഏതാനും അജപാലകന്മാർക്ക് ഒരു ദേവദൂതൻ ക്രിസ്തുവിന്റെ ജനനവാർത്തയറിയിക്കുന്നു.

അന്നത്തെ രാത്രിയിലന്തരീക്ഷംമുറവും
നിർമ്മലശോഭനമായിരുന്നു.
മന്നിന്നിരുൾ നിര നീക്കിക്കളയുവാൻ
മിന്നിത്തെളിഞ്ഞിതു പൂർണ്ണചന്ദ്രൻ.
സുന്ദരവാസന്ത സൗഗന്ധസന്ദേശം
മന്ദസമീരൻ പരത്തിയെങ്ങും.

ഏതോ സുവിശേഷം പാടിത്തുടങ്ങിയാ—
മാകന്ദക്കൊമ്പിലൊരാൺകുയിലും.
നിശ്ചലനിശ്ശബ്ദ നിദ്രയിലാണ്ടിതാ—
ബത്ലഹേം പട്ടണമിസ്സമയം
മിത്ഥ്യാപഭോഗ നിരതരെന്നെങ്കിലും
നിത്യനിമിഷമറിഞ്ഞിട്ടുണ്ടോ?
സൗഖ്യസമഗ്രമാം സൗധങ്ങളൊക്കയും
സുപ്തിസുദ്രഢമമത്തിവെയ്ക്കേ,
പട്ടണത്തിൻെറ പുറത്തുഭാഗത്തിലൊ—
ട്ടാട്ടിടയന്മാരുണ്ണന്നിരുന്നു.
മട്ടുപ്പാമാളികയൊന്നുമവക്കില്ലാ,
പട്ടുമെത്തപ്പുറമില്ലുറങ്ങാൻ
പാവങ്ങളാടൽക്കുടിമകളെങ്കിലും
ഭാവിപ്രകാശത്തെ കാണ്മോരവർ.
മേലംബരത്തിങ്കലങ്ങിങ്ങുറങ്ങുന്ന
പേലവമേഘശകലങ്ങൾ പോൽ,
താഴത്തവരുടെ ചുററും കിടക്കുന്നു,
ചേലിലനേകമജശിശുക്കൾ.
തീക്കുണ്ഡംക്രൂട്ടിയടുത്തിരുന്നായവർ
ശൈത്യത്തിൻ ബാധയകററിമന്ദം.
ചുട്ടകിഴങ്ങുകൾ തിന്നു നിറയ്ക്കുന്നു,
പാട്ടുകൾ പാടിരസിച്ചിടുന്നു.
അപ്പോഴവരുടെ മുന്നിലതാമിന്നി
അപ്രമേയമൊരു തേജഃപുഞ്ജം
ആ മിന്നൽക്കുളളിലായ് കണ്ടാരവരൊരു

കോമളമായ പുരുഷരൂപം.
ഏതുമറിയാത്ത പാവങ്ങളാമവർ
ഭീതിയാലപ്പൊഴേ കണ്ണടച്ചാർ.
കാതരരായി വിറച്ചു തുടങ്ങിനാർ
ഭൂതമെന്നുള്ളൊരു ശങ്കമൂലം
ഓതിയവരോടമൃതനിഷ്യന്ദിയായ്
സാമഗാനസ്വരമാഗതനും.
ആമയമേലേണ്ടാ സാധുക്കളെ—നിങ്ങ!—
ളേതും മടിക്കേണ്ടാ, കൺതുറപ്പിൻ.
ഭൂതവുമല്ലഞാൻ—പ്രേതവുമല്ലഞാൻ
നീതിനിയാമകദൂതനത്രേ.
ഭൂതലപാതകമേറെറട്ടത്തീടുവാൻ
ജാതനായീശ്വരനീ നിമിഷം.
പ്രീതനായാ ശുഭസന്ദേശമോതുവാൻ
നീതനായുള്ളവനാണു ഞാനും.
കാപട്യപൂർണ്ണമായ് പൊങ്ങുന്നപട്ടണം
പാപത്തിലിപ്പൊഴും പൂണ്ടിരിപ്പൂ.
കോപത്തിലായവതീരട്ടെ—നിങ്ങളോ
താപത്തിൽ നിന്നും തിരഞ്ഞെടുത്തോർ.
ഇപ്പോഴുറങ്ങാത്തനിങ്ങളല്ലുണ്ണന്നവർ
എപ്പോഴുമെന്നുമനുഗ്രഹീതർ.
അപ്പരിശുദ്ധനെ ചെന്നുനമസ്കരി—
ച്ചേൽക്കുവിനാദ്യമായാശീർവ്വാദം
ചിപ്പിയിൽ മുത്തുപോലബ്ധിയിൽരത്നംപോൽ
മുൾച്ചെടിയിൽ പനീർപൂവുപോലെ,

അല്പമകലെയായുള്ള തൊഴുത്തിലേ
പുൽത്തൊട്ടിതന്നിലുണ്ണികുമാരൻ.
കണ്ണുള്ളോർ കാണട്ടെ—കാതുള്ളോർ കേൾക്കട്ടെ
ധന്യരായോർവഴിതേടിടട്ടെ"
ഇങ്ങനെ ചൊല്ലിമറഞ്ഞാനവനൊരു
മിന്നൽക്കൊടിപോലെ മന്നിൽ നിന്നും
അങ്ങതിന്നൊപ്പമായാകാശ വീഥിയിൽ
എങ്ങും നിറഞ്ഞൊരുദിവ്യഗാനം,
അത്യുന്നതനായ ദൈവത്തിൻ മാഹാത്മ്യം
നിത്യമായെന്നും ജയിച്ചിടട്ടെ.
സത്യസമാധാന സ്ഥാപകനാകട്ടെ
തൽസുതനായോരീസ്സാവ് ഭൗമൻ
സ്വർഗ്ഗമനശ്വരമായിബ്ഭവിക്കട്ടെ,
മർത്ത്യനീക്കാരുണ്യമൂർത്തിമൂലം.
അത്ഭുതഗാനമിതപ്പരിശുദ്ധന്മാ—
രൽഭുതചിത്തരായ് കേട്ടുനിന്നു
ചിൽപ്പുരുഷേന്ദ്രനേ വാഴ്ത്തിസ്തുതിച്ചവ—
രൊപ്പമേ മുട്ടുകൾകുത്തിനിന്നു,
ശോഭനദൃശ്യങ്ങളൊക്കെ മറഞ്ഞുപോ—
യാഹന്ത നിശ്ശബ്ദമായിരംഗം.
മോഹമാന്നായവർ തങ്ങളിൽ നോക്കിനാർ
മോഹനസ്വപ്നം കഴിഞ്ഞപോലെ.

(എൻ. ലളിതാംബികാഅന്തർജ്ജനം)

# 3

## അവതാരസന്ദേശം.

ക്രിസ്തുഭഗവാന്റെ അവതാരത്തെപ്പററി ഗബ്രിയേൽ എന്ന വദൂതൻ ഭഗവാന്റെ മാതാവായ കന്യകമറിയത്തിന് അറിവു കൊടുക്കുന്നതു്.

ഓമനക്കുട്ടൻ ഗോവിന്ദൻ.... .... ....എന്നരീതി

അന്നുഭംഗിയിലമ്പിളി നറും
പുഞ്ചിരിപൂണ്ടുനിന്ന നാൾ,
മംഗല മരുല്ലോളിത ഹിമ
ബിന്ദുഭ്രൂമിയിൽ വീഴവേ,
മഞ്ജുമർമ്മരാലാപ മാധുര്യ
മാധപിതൻകുഴമ്പായതിൽ,
വ്യാജമെന്നിയെലീനരായ്പരം
'ഗലേലയാ' വാസികൾ
നിദ്രതൻപരിലാളനത്തില-
ന്നിദ്രകൗതുകം വാഴവേ,

മേരി—മേദുരശീലശാലിനി,
മേന്മയാന്നേഴം രൂപിണി,
കന്യകാതപമാം പൊന്മുകുരത്തിൻ
കാന്തികൂട്ടിടും മാനിനി,
പാവന പ്രേമഭാര പീയൂഷ
സാരസ സത്തരംഗിണി,

മായാലോ കവികാര സാഗര
വീചിതൻ പെരുന്തള്ളലിൽ
ഏതുമേ യുലയാത്ത പൂമേനി,
പൂർണ്ണ യൗവന ധാരിണി
മൗന സാമ്രാജ്യപ്പൊന്മുടി ചൂടി
റാണിയായ് ജയമാളവേ,

സ്വർഗ്ഗ സംഗീത സ്വാരസ്യാനന്ദ
ശർമ്മദായക നിസ്വനം
സ്വപ്നലൂതയിലൂടമന്ദമാ
മുഗ്ദ്ധതൻ ശ്രുതിസീമനി
ആഞ്ഞലച്ചല മാല പോലക
മാഞ്ഞുലഞ്ഞ സതീമണി
അമ്പരന്ന മിഴിയിണകളാൽ
അങ്ങുമിങ്ങുമായ് നോക്കിനാൾ

അപ്രമേയ വിലാസ സുന്ദരം,
സുപ്രതിഷ്ഠിത സൗഷ്ഠവം,
ലോലമസൃണ മോഹനാത്മല
ശീതളോന്മിളൽ മംഗളം
കാന്തിചിന്തി വിളങ്ങിടുന്നൊരു
ശാന്തരാജൽപ്രഭാകരം.
കൺമയങ്ങി; വരണ്ടുനാവുടൽ
ഹാ! തളർന്നിതു കേവലം.

"നാരിമാർകുല മാനസാമല
ശ്രീ വിരാജിത സൗഭഗം,
ഉച്ചമാമഭിമാന ചിന്തതൻ
മെച്ചമാകിന ലാഞ്ഛനം,
ആരപഹരിച്ചീടുന്നിന്നു ഞാൻ
തേടി വച്ചധനോൽക്കരം."
ചിന്തയാർന്നിതി നിന്നുപോയ് സതി—
അന്തരാ ഭയവിഹ്വല.

"നന്മതൻ നിറവാർന്നനിസ്തുല
സന്മനോജ്ഞ വിലാസിനീ,
നിത്യമംഗള രൂപിണീ, തവ
സ്വസ്തി! നീ ചിരധന്യ താൻ
ഉന്നതൻ കനിവാർന്നു നിന്നിൽ ഹാ!
ചിന്നിടുന്നു കൃപാരസം.
എന്നുമേ തവമേന്മയിമ്മഹി
തന്നിലുന്നതിയാർന്നിടും.
ഉണ്ണിയൊന്നു നിനക്കു നൂനമി—
ന്നുത്ഭവിച്ചിടുമോമലേ.
വേണ്ട ഭർത്തൃ സമാഗമ;മതി—
നിണ്ടലും തവ വേണ്ടെടോ.
ഈശ നിശ്ചയമാണവന്നുപേർ
"യേശു"വെന്നുമതാകണം.
മോടി കൂടിടും "ദാവീദി"ൻ മുടി

ചൂട്ടമദ്വൈവികാത്മജൻ
അന്ന്യനല്ല ഞാനോമലേ, ജഗ —
ന്മണ്ഡലാധിപ ദൂതനാം.”

മൗനവീണയുടഞ്ഞു മന്ദമാ
ശാന്തകോമള വിണ്ണിലായ്
അപ്രമേയ മനോജ്ഞഭാവുക
സുപ്രസന്ന മണിസ്വനം
പൊന്തി; കോൾമയിർക്കൊണ്ടിതാസതി;
ഹന്ത! തൽ പ്രഭമാഞ്ഞു പോയ്.

വിസ്മയാതുര ചിത്തതാരൊരു
സുസ്മിതം സ്വയം തൂകവേ,
ആ ഗലേലശ്രീ വിട്ട വീപ്പ്ിനാൽ
ആശംസിച്ചാൾ സുമംഗളം.

(പൊൻകുന്നം സെയ്യിദ് മുഹമ്മദ്)

# 4

## ബീജാവാപം

ക്രിസ്തു ദൃഷ്ടാന്ത കഥകൾ കൊണ്ട് ഉപദേശിക്കുക സാധാരണമായിരുന്നു. തന്റെ ശ്രോതാക്കൾ പല തരക്കാരാകയാൽ ഉപദേശഫലവും വിഭിന്നമായിരിക്കും എന്ന് ഈ ദൃഷ്ടാന്തത്തിൽ ഭഗവാൻ കാണിച്ചിരിക്കുന്നു.

1 ഉദാരസിന്ദൂരമരീചി വർഷി—
ച്ചുദിച്ചിതന്നും ഭഗവാൻ ഗഭസ്തി;
ഉദഞ്ചിതശ്രീ ഗലിലാപുരത്തി-
ലുദ്ദീപ്തകന്യാസുതനും സ്വതന്ത്രൻ.

2 നാനാദിഗന്തങ്ങളിൽ നിന്നുടൻ, ത-
ന്നാവായ പൂ വാണൊഴുകും മരന്ദം,
പരം സ്വദിപ്പാൻ ബഹു കോടികോടി
പൗരദ്വിരേഫങ്ങൾ പറന്നുകൂടി.

3 പോരാഞ്ഞു മർത്ത്യക്കിടമങ്ങൊതുങ്ങാൻ
ആരാലണഞ്ഞാൻ ബുധനബ്ധി തീരം;
അങ്ങും നിലയ്ക്കാഞ്ഞു ജനപ്രവാഹം
അന്നാനൊരോമൽ പടവുൽക്കടൗഭൻ.

4 തീരത്തിലുന്മസ്തക മററു തിങ്ങി-
നിൽക്കും ജനത്തെ കരുണാകുലാക്ഷൻ,
മാനിച്ചു ചെമ്പോൽ കരമൊന്നുയർത്തി,
ധ്യാനിച്ചൊരല്പം തിരുവായ് മൊഴിഞ്ഞാൻ.

5 ജ്ഞാനാത്മകൻ തൻ തിരു മക്കളാകും
മനുഷ്യരെ! മാർഗ്ഗിത മീ പ്രഭാതം;
ഞാനപ്പിതാവിന്റെ വിനീതഭൃത-
നാടനുരംത്തുഷാരത്തക്കായിഭൂററമേഘം

6 എറിഞ്ഞിടുന്നു കൃഷകൻ നിലത്തി-
ലെപ്പേർപ്പെട്ടും വിത്തുകൾ ബുദ്ധിപൂർവം;
പാഴററതെല്ലാം മുറപോൽ മുളച്ചു
ഫലിക്കുമെന്നില്ലവനും വിചാരം

7 വരമ്പിലങ്ങിങ്ങു പതിച്ചിടാമൊ-
ട്ടുറുമ്പരിക്കാം; ചില തണ്ഡജങ്ങൾ
കുറുമ്പൊടും കൊക്കിലൊതുക്കിടാം; കാ-
ട്ടിറമ്പുപററി ച്ചിലതന്തമേൽക്കാം;

8 ഒട്ടങ്ങുപോകാം ശിലമേൽ പതിച്ചു;
കഷ്ടിച്ചുപാഴാം ചിലതാൾച്ചുവിട്ടിൽ
മററുള്ളതോ വേണ്ട മിടത്തു തങ്ങി
നൂററിൽ പരം മേനി വിളഞ്ഞു കൊള്ളും.

9 ആമട്ടിലശ്രദ്ധ കലന്നോരേതാൻ
ചിത്തത്തിലെൻ വാണി പതിഞ്ഞിടാതാം;
നേർവൃത്തി ധീരത മെഴാത്ത ചെററു-
ചേതസ്സുതേന്താം വിഫലം പലേനാൾ;

10 കണ്ടോരതേറിത്തകിടം മറിച്ചു
കളഞ്ഞുവെന്നാം ചിലഹൃത്തിൽനിന്നും;

ദുശ്ശങ്കകൊണ്ടൊട്ടു മനസ്സിൽ, മണ്ട—
യടച്ചതെന്നും മരവിച്ചു നിൽക്കാം;

11 ദുർവാസനാശക്തി നിമിത്തമേതാ—
നുള്ളത്തിൽ വീണായതു മാച്ചിടാതാം
അത്യാർത്തി തന്നാഴമണഞ്ഞുമേൽ പൊ—
ട്ടെഴിച്ചിടാതാമതു ഹൃത്തിലേതാൻ;

12 പാഴറവുശേഷിച്ചവ ചെന്നുമുക്കാൽ
പങ്കം പതിച്ചത്ര വിശുദ്ധഹൃത്തിൽ
പരംപ്രമോദപ്രദമാം വിധത്തിൽ
ഫലപ്പെട്ടും, ഞാനതിൽ വിശ്വസിപ്പൂ,

(കോന്നിയൂർ ഗോവിന്ദപ്പിള്ള)

# 5

# അസംപ്രേക്ഷ്യകാരിതയുടെ ഭയങ്കരഫലം.

ക്രിസ്തുദേവന്റെ ജീവിതകാലത്ത് യൂദന്മാർക്ക് ഹീറോഡ് എന്നൊരു രാജാവുണ്ടായിരുന്നു. സഹോദരഭാര്യയെ അപഹരിച്ച ആളായിരുന്നു ഇദ്ദേഹം. ജോൺബാപ്റ്റിസ്റ്റ് എന്നൊരു വാനപ്രസ്ഥൻ ഈ ധർമ്മവിരുദ്ധമായ പ്രവൃത്തിയെക്കുറിച്ച് ഹീറോഡിനെ ശാസിച്ചതു ഹീറോഡിയാസ് എന്ന അയാളുടെ ഭാര്യക്ക് വിദ്വേഷമുളവാക്കി. തൽഫലമായി അവൾ രാജാവിനെ പ്രേരിപ്പിച്ച് ബാപ്റ്റിസ്റ്റിനെ തടവിലാക്കി. അങ്ങിനെയിരിക്കുമ്പോൾ രാജാവിന്റെ തിരുനാൾ വന്നു

ഈ മഹോത്സവത്തിൽ ഹീറോഡിയാസിൻെറ പൂർവ്വവിവാഹത്തിൽ ഉല്പന്നയും പ്രസിദ്ധ നർത്തകിയുമായ പുത്രി നൃത്തം ചെയ്തു കാണികളെ രസിപ്പിച്ചു. രാജാവു് അമിത സന്തോഷത്താൽ മതിമറന്നു് ആ നടിക്കു എന്തുവേണമെങ്കിലും കൊടുക്കാം എന്നു വാഗ്ദാനം ചെയ്തു ഇതു തക്കമാക്കി ബാപ്റ്റിസ്റ്റിൻെറ ശത്രുവായ ഹീറോഡിയാസ് ആദേശിച്ചതനുസരിച്ചു ആ നർത്തകി ബാപ്റ്റിസ്റ്റിൻെറ ശിരസ്സു ചോദിച്ചു. രാജാവിനു വൈമനസ്യം ഉണ്ടായി എങ്കിലും വാഗ്ദാനത്തെക്കരുതി ബാപ്റ്റിസ്റ്റിൻെറ ശിരസ്സു ഛേദിപ്പിച്ചു് അവൾക്കു കൊടുത്തു. അടിയിൽകാണുന്ന കവിത ഇതിനെ ആസ്പദിച്ചിട്ടുള്ളതാണു്.

(ഗുണമേറും ഭർത്താവേ, എന്നരീതി.)

1 കനകാംഗിയാകുമസ്സുന്ദരി തൻ
കമനീയനൃത്തവിലാസവായ്പിൽ
ഹൃദയങ്ങളാനന്ദത്തെന്നലേററു
മൃദുല സുമങ്ങൾപോൽത്തുള്ളിയാടി;

2 ഉദയപ്രഭാകരരശ്മിപോലെ,
ഉദിതതാരുണ്യത്തുടിപ്പുപോലെ,
ലളിതനീലാംബര വീഥിയിങ്കൽ—
ക്കളിയാട്ടം തിങ്കൾക്കിടാവുപോലെ,
വിലമതിച്ചീടാനസാദ്ധ്യമാകും
വിലസൽസ്സൗന്ദര്യലഹരിപോലെ,
മധുരമാംഗാനമധുപൊഴിച്ച—
ക്കമനിയാൾ—"ഹീറോഡിയാസിൻ" പുത്രി
അവിടെങ്ങുമത്ഭുത കാന്തിചിന്തി—
സ്സഭയോരിൽക്കൗതുകമേററിനിന്നാൾ.
പലപലശൃംഗാരചേഷ്ടിതത്താ—
ലഴകേറുമമ്മണിമണ്ഡപത്തിൽ

ത്സടൃതിയിൽ തൂക്കിനാറ്, കഞ്ജബാണ
വിജയമുദ്രാങ്കിതപ്പൊൽക്കൊടികൾ.

3 നരപതിയാകും "ഹെറോഡു"തൻെറ
തിരുനാളന്നേട്ടിനമായിരുന്നു?
അവളുടെ നത്തനം കണ്ടുചിത്ത
മവനിപനേററം കുളുക്ക്യാലേ,
അതിമോദംപൂണ്ടവൾതന്നാഭീഷ്ട—
മുടനേ നൽകാമെന്നു സത്യം ചെയ്താൻ;

4 വിജയവിലാളിതസുസ്മിതമ—
പ്പവിഴാധരങ്ങളിൽ സഞ്ചരിക്കെ,
ചെറുകാററിലോളമടിച്ചിട്ടുന്ന
കുറുനിരചെറെറാന്നൊതുക്കിമെല്ലെ,
മണിമുത്താംസ്വേദകണം പൊടിഞ്ഞ
വദനസരോരുഹം തെല്ലുയത്തി,
അവനിപനോടു കുഴഞ്ഞു കൊഞ്ചി
യവളിത്ഥമത്ഥിച്ചാൾ, മോഹനാംഗി,
"നൃപതേ! ജയിച്ചാലും: യോഹന്നാൻെറ
ഗളനാളമെന്നിൽക്കനിവുണ്ടെങ്കിൽ,
മമ സവിധത്തിലണച്ചിടേണ്ണ—
മതിനാൽ ഞാനെന്നും കൃതാത്ഥയാകും"

5 ഇടിമിന്നലേററപോലൊന്നു ഞെട്ടി,
ക്ഷിതിനാഥൻ വല്ലാതൊന്നമ്പരന്നു:
അവൾ തൻെറ മുമ്പിലോ, സന്തോഷത്തി—
ന്നലകളിളകിമറിയുകയായ്";

... ... ...

... ... ...

6 നിജസോദരനുടെ പത്നി തന്നെ
സ്വവരനാം ഹേറോഡ് വരിച്ചിരുന്നു;
അതുമഹാപാതകമെന്നുചൊല്ലി
അവനോടായപ്പുണ്യസ്ഥാപകൻ താൻ.
കുപിതയായ്ത്തീൎന്നോരാ രാജ്ഞിതൻെറ
വചനം സമാദരിച്ചക്ഷിതീന്ദ്രൻ,
അമലനായുള്ളോരാപ്പുണ്യവാനെ
ജ്ജയിലിലടച്ചിതു കുററമെന്യേ;
അവൾ തൻകോപാഗ്നി, യദ്ധന്യനുള്ള
ഗളരക്തം വീണ്ടും കൊതിച്ചിതെന്നാൽ;

7 അതുലസൗന്ദൎയ്യത്തളിൎപ്പടപ്പാ—
യവതരിച്ചീടിന നൎത്തകിയാൾ
പുകളഞ്ചുമമ്മഹാറാണി തൻെറ
പ്രിയമേറുമാദ്യത്തെ പുത്രിയല്ലോ!
വ്യഥയാൽ വിമൎദ്ദിതയായ തൻെറ
ജനനിയാൾക്കുള്ളോരപേക്ഷയത്രേ,
പരിപാവനതപത്തിൻമൂൎത്തിതൻെറ
ശിരസ്സിനെച്ചോദിപ്പാൻ പ്രേരിപ്പിച്ചു!!

... ... ...

8 കഠിനമാം പാതകച്ചോരയിങ്കൽ
കതിരോൻകുളിച്ചിതന്നന്തിയിങ്കൽ;
അവികലാനന്ദത്താൽ റാണിയാൾ തൻ
കവിളണിക്കൂമ്പു തുടിച്ചിതപ്പോൾ.

നാലാങ്കൽ കൃഷ്ണപിള്ള. ബി. ഏ. (ആണേഴ്സ്)

# 6

# "ചിൽപ്രഭാനിർഝരി ദൃശ്യമായി"

**ആട്ടിടയന്മാർ ക്രിസ്തുവിനെ ചെന്നു കണ്ടു നമസ്ക്കരിക്കുന്നു.**

യാതൊരാളുമിത്താരിലോർത്തു കഴിയുമ്പോൾ
ഭൂതലം ഭൂതമാം ഭാനുബിംബം,
വെണ്മണൽക്കാനനം വിസ്തൃതസാഗരം
വെണ്മതി-കേവലം വെള്ളിത്താലം.
പുഷ്ക്കരമണ്ഡലം-പുല്ലണിമൈതാനം
പുഷ്പങ്ങളൊക്കയും-താരകങ്ങൾ
മഞ്ഞു നീർത്തുള്ളികൾ-വൈരാഖ്യരത്നങ്ങൾ
മത്സ്യാദിജീവികൾ-പൈങ്കിളികൾ
ജീമൂതജാലങ്ങൾ-കേദാരഭൂമികൾ
തൂമിന്നൽ-മന്നിലെ വല്ലരികൾ
മാമരമൊക്കയും-മാനുഷജീവികൾ
വന്മല-മാണിക്യരമ്യസൗധം.
അത്രയ്ക്കുമാഹാത്മ്യം ചേരുന്ന, ദൈവത്തിൻ
പുത്രനെക്കാണുവാൻയാത്രയായാർ.
മാർഗ്ഗമദ്ധ്യത്തിലെച്ചമ്പകോദ്യാനവും
മാകന്ദസുന്ദരത്തോപ്പുകളും,
മല്ലികാവല്ലിയും മാലേയവൃക്ഷവു—
മുല്ലസിച്ചീടുന്ന സാനുക്കളും
പൊന്നശോകങ്ങളും കുങ്കുമപ്പൂക്കളും
ചിന്നിക്കിടക്കുമാരാമങ്ങളും

വെള്ളിക്കതിരൊളി പാളുന്നകണ്ണാടി—
വെള്ളമൊഴുകുമരുവികളും
പൂനിലാവാകിന പാവാടചുററിയ
പത്രനതാംഗികൾ നൃത്തമാടും
മണ്ഡപമാകുമൊലിവിൻ ദ്രുമാവലി
തിങ്ങിവിരാജിക്കും ശൈലങ്ങളും
ഓമൽപ്രകൃത്യംബ, പോററുമാ മക്കൾതൻ
ക്ഷേമദയാത്ര മുടക്കിയില്ല.
കുന്നുംതടങ്ങളും നാലഞ്ചുകാൽവയ്പു—
കൊണ്ടവരെത്രയും പിന്നിലാക്കി.
അപ്പൊഴുതങ്ങൊരു ഭൂധരപീഠത്തിൽ
ചിൽപ്രഭാന്നിദ്ധരിദൃശ്യമായി.
ഓരോരോരാദിക്കിലേക്കോലയുംവാരിയും
മാറിപ്പുഴകിയ കാലിക്കൂട്ടിൽ
തൂമണം മായാത്തകല്പകവല്ലിയോ
താരിതൾ ചിന്നിയ പൂവനമോ?
മാഹാർഘ്യമാണ്ടൊരു ഗാരുഡരത്നമോ?
കാരുണ്യലാവണ്യ സാഗരമോ!
സ്വർഗ്ഗീയസംഗീത സാരംപൊഴിക്കുന്ന
സൗവർണ്ണ "നികുപാണഗ്രാഹിണി"യോ!
ജീവിതയാത്രയിൽനേർവഴികാട്ടുന്ന
ഭാവുകദീപ നികേതനമോ!
ത്യാഗമാം കോമള കൗശികകേതനം
തൂക്കിയഗാംഗേയത്തൂമരമോ!
ശാശ്വതാനന്ദാബ്ജശോഭിതവാപിയോ!

വിശ്വംവിളക്കിടും പൊൻവിളക്കോ!
സ്നേഹമാം കസ്തൂരിത്തൂമണം വീശുന്ന—
മോഹനവല്ലരീ മന്ദിരമോ!
നിർവേദകോകിലം വിശ്രമംതേടുന്ന
നിർജ്ജരമാകന്ദത്തൈമരമോ!
മദ്ധ്യാഹ്നകാലത്തും മങ്ങലേശീടാത്ത
ശീതാംശുനീട്ടിടും രാമണിയോ!
ത്രിത്വപ്രസൂനത്തിൽ നിന്നിങ്ങു ചാറിയ
തത്വമകരന്ദശീകരമോ!
സത്യമാംവേദത്തിൻ മുഖ്യമൂലാർത്ഥമോ
നിത്യമാമായുസ്സിന്നാസ്പദമോ?
പാതകമാകിന പാവകോത്താപത്തെ
പോക്കിടും പാവന നിമ്നഗയോ?
മാനുഷപ്പൈതലിൻ മൂർത്തിയെപ്പൂണ്ടൊരു
സുന്ദരബാലാർക്കദിവ്യഭാസ്സോ!
ആരുതാനെന്തുതാനേതുതാനെന്നാർക്ക—
മോരാനുമോതാനുമാവതല്ല.
ലോകവും നാകവുമേകമാംമൂർത്തിയി—
ലേകീഭവിച്ചു വിളങ്ങിടുന്ന
ദിവ്യമാംദർശനം കണ്ടജപാലക—
രവ്യാജസൗഭാഗ്യം കൈവരിച്ചു.

പുത്തൻകാവു്, മാത്തൻതരകൻ എം ആർ, എസ്സ്. എൽ

# 7

## ജഗദ്ഗുരു

(കേക)

1 മൽപ്രാണമരുത്തും പാഴ്ഭർഭതൻനിശ്വാസവും
ചിൽബ്രഹ്മചൈതന്യത്തിൽ സായൂജ്യമണഞ്ഞീടും;
പ്രണയ പ്രഭൃതമാമിപ്പരാശക്തികളെല്ലാ-
പ്രണവം—സാക്ഷാദ്രൂപം—മാമകഗുരുനാഥൻ.

2 ഉലകാംമണിക്കൊട്ടിൽതീർത്തതിൽദീപലക്ഷം
കൊളുത്തിത്തൂക്കും;പിന്നീടായവയണയിക്കും;
വാർമഴവില്ലാലതുശോഭനമാക്കും; മായ്ക്കും
താമസമെന്ന്യേമേഘവിരിപ്പുംചമച്ചീടും;
ഏതിന്ദ്രജാലത്താലിഗ്ഗുരുവിൻകളിയേവം
സാധിക്കുന്നതുസർവമജ്ഞാതം!!—ദുരാധർഷം!!!

3 പ്രപഞ്ചാദ്ധ്യാത്മവിദ്യാമന്ദിരേസദാകാലം
ഭഗവാൻകാണിച്ചീടുംചഞ്ചലപ്രതിച്ഛന്ദം,
അദ്വൈതചൈതന്യോദ്യൽസ്ഫുരണപ്രചോദനാൽ
സത്വസൽഗുണോൽബോധമീക്ഷിപ്പോർക്കേകുംനൂനം!

4 അദ്വയമചിന്ത്യമിഗ്ഗുരുവിൻ'രസതന്ത്ര-
വിദ്യകൾ'—നിരൂപിച്ചാൽ മർത്ത്യരെന്തറിഞ്ഞതിൽ
അമ്മതൻനെഞ്ഞിൽചേരുംരുധിരംദുഗ്ദ്ധമാക്കു-
മമ്മഹാവാത്സല്യാഖ്യവൈദ്യുതപ്രവാഹത്താൽ,
ഉണ്ണിതൻഞരമ്പതിൽനിണമായതുമാറി
നിർണ്ണയംപ്രവഹിക്കുംപ്രാണനൗർജ്ജിത്യംനൽകാൻ

5 വേഷവുംവിഭിന്നമാംരൂപവും,ദിനേദിനേ
ശേഷിയുമോരോന്നിന്നുംനിർണ്ണയിപ്പതീബ്രഹ്മം;
ലോകൈകഗുരുവിന്റെനിർമ്മലനിദേശംനാ-
മാകവേയനുഷ്ഠിക്കെന്നുള്ളതേവേണ്ടൂനൂനം.

6 പാമരരാകുംമർത്ത്യർ "മൃഗതൃഷ്ണ"യെത്തേടി
പാഴ്മണൽപ്പരപ്പിതിൽനടന്നുപൊരിയുമ്പോൾ
മോഹനംജീവാമൃതപ്രസ്രവമായിത്തീർന്ന
മോഹമാഹനിച്ചോരാ"പ്രണയം"മമാചാര്യൻ.

7 കാഞ്ചനമണിഗേഹംസന്ത്യജിച്ചിട്ടു വെറും
കാലികൾ തൊഴുത്തതിൽ ജനിച്ചീജഗദ്ഗുരു,
ത്യാഗമാമൃതത്താൽ ജഗത്തിൻവരണ്ടുള്ള
നാവിനെക്കുളിർപ്പിക്കയല്ലയോ ചെയ്തു മുന്നം?

8 കീറനാറസ്സീലയായയവിടെപ്പട്ടാംബരം;
കോതമ്പിൻപലാലമാം പൊന്നിളംപുഷ്പശയ്യാ;
കാലികൾക്കഴുത്തിലെക്കിങ്ങിണിക്കിലുക്കങ്ങൾ
മേരിതൻതാരാട്ടിന്നു താളമേളമായ്ത്തീർന്നു;
അംബരംവാർതിങ്കളാൽ കാമ്യമാക്കുന്നോനുണ്ടോ
ഡംബരമാഡംബരാൽ കാട്ടേണമെന്നീമോഹം.

9 ദ്വാദശ വയസ്സിങ്കൽ ജേർശലേംദേവാലയേ
വേദവേദാന്തവാദം ചെയ്തോരിക്കിശോരേന്ദ്രൻ,
സാക്ഷാലിഗ്ഗുരുതന്നെ!! —ശാന്തിദൻ,മുക്തിപ്രദൻ,
ശാശ്വതൻ, നിരാലംബൻ, നിർമ്മമൻ,നിരാകുലൻ,
മാതാവിൻനിദേശത്താൽസലിലംവീഞ്ഞാക്കിയോൻ
യൂർദ്ദിനാൻനദിതന്നിൽമജ്ജിച്ചോൻ, കർമ്മയോഗി,

ലാസറെയുയിർപ്പിച്ചോൻ, പൂപാപഞ്ചകദാനൻ,
ഭസ്ത്രാതവ്യപ്രശമദൻ, യോഗിമാർകുലദൈവം,
പണ്ഡിതവരമൗലിമണ്ഡിതപാദപീഠൻ.
ദണ്ഡാരമെന്ന്യേ സിന്ധുമീതിലായ് നടന്നവൻ,
കല്ലോലകരാളമാം സിന്ധുവെ ശാസിച്ചവ—
നല്ലീഢഗുണാലംബൻ,— ക്രിസ്തനാം തിരുവടി!!

10 ക്രൈസ്തവസഭയാകും താവകമണവാട്ടി
നിൻമലരടിപ്പാട വീണ്ടുമുത്തിടാൻവീണ്ടും,
കാകളീപുളകിതകീർത്തനാലാപത്തോടെ
താവകാഗമത്തിന്നായർത്ഥിപ്പൂ നിരന്തരം.

11 ശാന്തിതാൻഭവദീയഗീയമാണു "വൈരാഗ്യം";
"യോഗ"മാണവിടുത്തെ സദ്ധർമ്മപ്രസക്തിയും;
ജീവകോടികൾക്കെല്ലാം സംസേവ്യസ്വരൂപം നീ
ജീവജാലാലംബം നീ സ്വകവിനിഷേവ്യൻ നീ

12 ഭാരതാന്തരീക്ഷത്തിൽ മുഴങ്ങും "ത്യാഗ"ശബ്ദം
താവകോപദേശത്തിൻ മാറെറാലിയല്ലാതെന്തേ?
പ്രേമത്തിൻ പ്രകാശവും, താഴ്മ തൻ പ്രഭാവവും,
ശ്രീമത്താം ജീവന്മുക്തി മാർഗ്ഗവും ലോകത്തിന്നു,
കാണിച്ചുകൊടുത്തോരു, സൽഗുരോ! സദാനന്ദ—
നാകസത്തമദീപമേ! കൈതൊഴാം; തൊഴാമീഞാൻ.

13 താരിളംകരങ്ങളിൽ ക്രൂരരാമരിവർഗ്ഗം
കാരിരുമ്പിനാൽതീർത്ത ശൃംഖലയണിയിച്ചു,
മല്ലികാസുകുമാരമേനിയിൽ കരാളമാം
കന്തത്താൽമുറിവേററി,നിർല്ലജ്ജമടിക്കവേ,

അല്ലല്ല!ബ്ഭടന്മാർ തൻ ചമ്മട്ടിപ്രയോഗം, ഹാ!
ലില്ലിത്താർവർഷമെന്നു ഗണിച്ചാപ്രേമം!--പ്രേമം!!
14 ഗോൽഗോത്താമലമീതിൽ ചൊരിഞ്ഞതിരുരക്ത-
ബിന്ദുക്കൾ ജഗത്തോടു തൻ പ്രേമമറിയിപ്പൂ;
നിന്തിരുവടിയുടെ നിർമ്മലപ്രണയംതാൻ
സന്തതം കലാനാഥൻചൊരിയും ശീതാമൃതം;
മന്ദരാമിവരുണ്ടോ ധരിക്കുന്നതു?മെങ്ങൾ
നിദ്രതൻമാറിൽതന്നെ പിന്നെയുംജഗദ്ഗുരോ!

15 ശാന്തസുന്ദരമാം തവൽസാരോപദേശംകേൾപ്പാൻ
ശ്രോത്രങ്ങളുണ്ടോ പാർത്താലെങ്ങൾക്കുമഹാത്മാവേ
ഞങ്ങൾതൻ ശ്രവണങ്ങൾ രണ്ടുമേഘോരപാപ—
മന്ദ്രത്തുത്കാരാവത്താലയ്യയ്യോ! തകർന്നുപോയ്
മായതൻവിഷാണുക്കൾ ഞരമ്പിൽകലന്നതാൽ
മാഞ്ഞുപോയ് പാപത്തോടുവെറുപ്പും ഭീയുംപാർത്താ
പാഴാകുംകിനാവിൻെറചിറകിൽപിടഞ്ഞേറി (ൽ
നാഴികതോറുംഞങ്ങൾ പറന്നു നടക്കുന്നു.
ഏതുനേരമീഞങ്ങൾ മരണനീരാഴിയിൽ
ജാതവിഭ്രമരായി വീഴുമെന്നറിവീലാ.
മായതൻകളിത്തരം മാററണംചിത്സ്വരൂപ!
മാരണശംഖൂതുമ്പോൾ നിൻ നെഞ്ചിൽ തങ്ങാൻ
ഞങ്ങൾ.

16 നമസ്തേ! പ്രണയത്തിനാക്ഷയത്തുപ്പൊൽചെപ്പേ!
നമസ്തേ! ജഗദ്ഗുരോ!നസ്രായാ! നമോസ്തുതേ!!

കെ. എം. വറുഗീസ്. ബി. ഏ.

# 8

# തമ്പുരാന്റെ പൂത്താംകോൽ

ബുദ്ധിതൻ ചിറകിൽച്ചെന്ന്യന്നാലെത്രത്തോള-
മെത്തുമെന്നറിഞ്ഞിട്ടില്ലെന്നാത്മാവിന്നോളവും
ഇത്തിരിമേൽപ്പോട്ടെയ്ക്കുനോക്കിയനേരംമുട്ട
കുത്തിഞാൻ കണ്ണീരോടെൻകൈരണ്ടുംമലർത്തിപ്പോയ്

അന്ത്യയാത്രയിലുംതൻഘാതകർക്കഭയത്തെ-
ച്ചെന്തിരുനിണംചേർന്നഹൃത്തോടൊത്തർത്ഥിച്ചവൻ
വെള്ളത്തെവീഞ്ഞായ്ക്കാട്ടുംനിത്യചൈതന്യത്തിര-
ത്തള്ളലിൽമനുഷ്യന്റെമാലിന്യം കഴുകിയോൻ
മാമലമുകളിലുംകടലോരത്തുംദിവ്യ-
പ്രേമകാഹളമൂതിമാറ്റൊലികൊള്ളിച്ചവൻ
ആടുമേച്ചുകോൽകൊണ്ടുതമ്പുരാനാകാശത്തി-
ലോടുന്നതാരങ്ങളെമേച്ചുകൊണ്ടുതാനില്പൂ!

വെല്ലുകാദരിദ്രന്റെപൂത്താംകോലെക്കാലത്തും
വെല്ലുകാസ്സമ്രാട്ടിന്റെചെങ്കോലേതുദ്ദേശത്തും.

കെ. കെ. രാജാ

# 9

# രണ്ടു പുണ്യവതികളുടെ പരസ്പര സമാഗമം.

---

ക്രിസ്തുവിന്റെ മാതാവായ കന്യകമറിയവും, ജോൺബാപ്റ്റിസ്റ്റിന്റെ മാതാവായ ഏലിശബേത്തും തമ്മിൽ കൂടിക്കാണുന്നതു്.

(നരനായിങ്ങനെ)

i

ഒരുദിനംരവി,യുദയപർവ്വത—
ത്തിരുമൗലിക്കൊരുമുടിചൂടി.
വിമലയാമൊരുയുവതിതൻമനഃ—
കമലം പ്രിയാന്റെ വരവിൽപ്പോൽ
ഒളിമയൂഖം വന്നണയവേ ബാല —
നളിനിപ്പോൻമുഖം തെളിവായി
അഴകിലുണ്ടൊരുമുരളീനാദം തേ—
ന്മഴ ചൊരിയിച്ചു; കുളിർവീശി
അവൾ, പതിവ്രത —മറിയാ—മന്നാത്രേ!
ഭുവനമാതാവായ് വിളികൊണ്ട

ii

അതുമല്ലത്ഭുത,മൊരുമരുഭൂമി
പുതുകേദാരമായ് നിലമാറി;
ധവളിമചേർന്നശരദഭ്രമിരു—
ണ്ടവനിയെങ്ങും വന്മഴയേകി.
ഒരുനാളുംഫലം വിളയാതെ നിന്ന—
തരുപുഷ്പിച്ചു കായ്കനിപേറി;

ജലമൂറില്ലെന്ന പഴിപ്പണ്ടുകൊണ്ട
നിലവിട്ടവാപി നിറവായി;
കുഴിനികന്നിതു; വളവുചേൎന്നുള്ള
വഴികളൊക്കയുമൃജുവായി;
നിമിഷനേരത്തെ നിനവു മാത്രത്താൽ
നിഖിലേശനൊന്നു കഴിവീല!

*   *   *   *   *   *

iii

വരനെക്കാണാതെ മരുവിയനാളി—
ലുരുവായി ഗർഭമഹാ!ദൈവാൽ,
ഇതിചിന്തിച്ചതി വിവശചിത്തയായ്
സതികന്യാമണി പതറവേ,
അവളെ സ്വാഗതമരുളി സ്വീകരി—
ച്ചവിടെസൽക്കരിപ്പതിനായി,
വടിക്കുത്തിയെത്തി കിഴവി,ഗർഭിണി
പടിവാതിലൂടെ ധൃതമോദം,
അതിലജ്ജയാലും മറിയാമേക്കാളും
നതശിരസ്സോടാപ്പട്ട വൃദ്ധ,
ജനനത്താലെ ദുൎബ്ബല; ചാകാറായ
ദിനമിപ്പോഴും;—കഥപറയേണ്ട!!
ഹൃദയസീമനിവളരും വ്രീളയാ—
ലുദയം ചെയ്തൊരു കരിവൎണ്ണം,
കിഴവിതൻ കുചമുഖമെങ്ങും വന്നു
നിഴലിച്ചു; കണ്ടാളതിഥിയും,

iv

ഇരുവരുമൊന്നും പറയാതൊട്ടിട
മരുവിയാശ്ലേഷിച്ചോരുപോലെ,
മറിയാമക്ഷണം ജനനിതുല്യയാം
വരഗാത്രിയുടെ പാദതാരിൽ,
നമനം ചെയ്തഥ നയനത്തിലൂടെ
നവഹാരം ചാർത്തി പലവാറും.
ക്ഷണമൊരുനാദം—മധുരഗാന—മാ —
ഗ്ഗണവരി വന്ദിച്ചതു പൊങ്ങി.
അരഞൊടിക്കകെ,മവിടെ വായുവീ—
സ്വരമേററുപാടി, നടമാടി.
കിഴവിയമ്മതൻശ്രുതികളീ മധു —
മൊഴിപാനം ചെയ്തനിമിഷത്തിൽ,
ഉദരത്തിലാളും ശിശുവിലുണ്ടായ
മുദമെത്രക്കെന്നു പറയാമോ
മുരളീസംഗീതശ്രവണമാത്രയി—
ലുരഗമാടിട്ടന്നതു പോലെ,
തുടുതുടെത്തുടിച്ചതു വിശുദ്ധാത്മ—
നടനം ചെയ്തയായ്ച്ചിലനേരം;
ഉടയനാഥൻ തൻ സവിധത്തിൽ നിന്നാ—
ലുടലുണ്ടോ പുണ്യംതടവാതെ?

v

മറിയമാണിവ — ളിവളെയന്നോള —
മറിയാതെ വാണുകണവനും,
ഒരുകാര്യംശരി; യുലകസൗഭാഗ്യം

കരുതുന്ന മത്ത്യക്കമിളകം,
ഇവളെക്കണ്ടില്ല; വിബുധൗഘമെന്നാൽ
ദിവസേനവന്ദിച്ചിവളെത്താൻ.
ഇടറും കണ്ഠത്താലുടനെ വൃദ്ധയോ—
ട്ടിടനിന്നാരം:—കന്യാവധുചൊന്നാരം:—
"ഉടയോനേ വാഴ്ത്തിയവനിലെന്നാത്മാ—
വുടയാതിക്ഷണം വിലയിപ്പൂ!
ഒരു ദാസിയുടെ കുറവുകണ്ടവൻ
പുരുകാരുണ്യം ചേത്തിനി നിത്യം
സകലരും ഭാഗ്യവതിയെന്നീയെന്നെ
യകളങ്കം വാഴ്ത്തിസ്തുതിപാട്ടം,
ബലവാനാം ദൈവംവലിയകാര്യമെൻ
തലയിൽ വച്ചിതാ വിജയിപ്പൂ!
പരിശുദ്ധൻപരനവനെപ്പേടിച്ചാൽ
കരുണയെന്നാക്കമുളവാകും:
കരശക്തികൊണ്ടു ബലമേകി,യഹം—
കൃതിയാളുന്നോരെച്ചിതറിച്ചു;
നിഗളമേറുന്ന ബലവാനെത്തൻെറ
നിലയത്തിൽ നിന്നുംവിടുവിച്ചു;
വിനയത്താൽ ഭ്രമിവരെയും താണോരെ
വിബുധേശനുയത്ത്രക ചെയ്തു;
പുരുവിശപ്പാളും നരനെ നന്മയാൽ
നിറയിച്ചു നൽകിപരിതൃപ്തി;
ധനവാനേ ദൈവം, വഴിനീളെത്തെണ്ടി—
ത്തിരിയുമാറാക്കി; പരമേശൻ,

അവനുടെ ദാസനാം, മിസ്രായേലിനി—
ന്നലിവാൻ ചെയ്യുന്നുപകാരം"

vi

മറിയാമും പിന്നെയുരയാടിക്കൊൾവാൻ
തരമാകാഞ്ഞൊട്ടു വിഷമിച്ചു.
ചുടുബാഷ്പം തൂകി നെടുവീർപ്പിട്ടവൾ
നിടിലം ചായിച്ചു നിലകൊണ്ടു.
അവളെക്കൈക്കൊണ്ടു ഗ്രഹണം ചെയ്തഥ
യവിടെയുള്ളൊരു പലകമേൽ;
പരിചോടാശ്ലേഷിച്ചുടനിരുത്തി, തൻ—
പ്പുരതയേറുമായിളയമ്മ.
സുരലോകേശന്റെ ജനനി, വൃദ്ധയെ
സുതരാം ദർശിച്ചു, സുഖമാന്നു.

റ്റി. ജി. ഏബ്രഹാം ബി. ഏ. കടമ്പനാട്ട്.

# 10

## പൗരസ്ത്യ പണ്ഡിതന്മാർ

ക്രിസ്തുവവതാരത്തെക്കുറിച്ച് ശാസ്ത്രപ്രകാരം അറിവു കിട്ടുകയാൽ ചില പൌരസ്ത്യ പണ്ഡിതന്മാർ ഭഗവദ്ദർശനത്തിന്നായി വരികയും അവർ അദ്ദേഹത്തെ നമസ്കരിക്കുകയും ചെയ്യുന്നു.

ഗാസ്പർ:—

1 ചൊല്ലാളുന്നോരുന്നാസരത്തിലവതാരം
ചെയ്തജീസസ്സിന്നായ്

ചൊല്ലാംസ്വാഗത,മാത്മഗോചരഗ്ഗുണം
കോലുന്നാഗോശാലയിൽ
ഉല്ലാസത്തോട്ടടിച്ചുവെങ്കില്ല,മറി
ഞ്ഞിക്കണ്ടലോകത്തിനി-
ന്നെല്ലാംനായകനായ്ഭവിച്ചതുഭവാ
നാകുന്നവ്യാകൃതേ!

2 കാളുംകാന്തികലന്നിട്ടന്നൊരുഭവാന
ജ്ജീവമൃത്യുക്കളേ-
ക്കാളുംപൊന്തിയനിത്യമായനിലയെ
പ്രാപിച്ചഗോപാലകൻ,
ആളുംദുസ്സഹപാപഭാരപരിഹാരാ
ർത്ഥംപരിത്യാഗമാം
വാളുംകൊണ്ടുതൊഴുത്തിലിക്കുറിപിറന്ന
ല്ലോ,തൊഴാമാദരാൽ.

3 ദേവാരാദ്ധ്യദയാനിധേ;കുരിശിലൊന്ന
സ്സാദൃശന്മാർഭവൽ-
ജീവാദ്ധ്വാവിലിടയ്ക്കുനൽതെളിവൊട്ടുംകാ-
ണന്നതാംകാഴ്ചയാൽ,
ഭൂവാസത്തിലനന്തയത്നമധികക്ലേ
ശംവിപത്തെന്നിവ-
യ്ക്കാവാസംതിരുമേനിയാകുമിനിയെന്തു
ഹിപ്പതുണ്ടേഷണ്ഞാൻ.

മെൽക്കിയാർ:—

1 ചേലിയന്നെറുശലാധിരാജ,ചെറുതാ
കുമിച്ചെള്ളിനിറഞ്ഞതാം,
കാലികൾക്കടയക്കൂട്ടിലാണൊരവതാ
രമെങ്കിലുമശങ്കമായ്,
ബാലികാജനമനോജ്ഞഗാനവിദിതാർ
ഹസച്ചരിതമൊന്നു,പൊൻ–
തൂലികാലിഖിതയോഗ്യമങ്ങുവിരചി
ക്കുമേവിജയലക്ഷ്മിയാൽ.

2 ഗോപുരത്തിലഭിജാതനാകിയഭവാ
ന്റപൂമുടിയിലോക്കിൽ
ശ്രീപുരന്ദരനലഭ്യമാകുമൊരുമാ
ല്യവും,സപകരവല്ലിയിൽ
ചേർപ്പുകഴ്ന്നൊരസിയുംലസിക്കും;അത്തന്നെ
റിരക്തമയമാക്കിടും
ചേർപ്പുരണ്ടുചെടിമുള്ളുമാല,ഇത്തുപാഴ്
കണത്തടിയുമാണുകേൾ."

എം. ആർ കൃഷ്ണവാര്യർ, ബി. എ. എൽ. റി.

(ക്രിസ്തവാവതാരം എന്ന പദ്യരൂപകത്തിൽ നിന്നും)

# 11

## ഉത്സാഹവും അലസതയും.

അവരവർക്കു ലഭിച്ചിട്ടുള്ള ശക്തികളെ കൈകാര്യം ചെയ്തു് ഉന്നതിനേടണം എന്നുള്ളതിനെ ക്രിസ്തുദേവൻ പറഞ്ഞിട്ടുള്ള ഒരു ദൃഷ്ടാന്ത കഥ.

i

പ്രത്യഹം വളർത്തീടാൻ സ്തുത്യമാമനുഗ്രഹം
മർത്ത്യർക്കു നൽകും സ്വർഗ്ഗസാമ്രാജ്യം കണക്കിനെ
ഭൃത്യരെത്തൻ വസ്തുക്കളേല്പിച്ചു, യാത്രോദ്യുക്തൻ
വർത്തകൻ പുരാ; ചൊല്ലാമക്കഥ ചുരുക്കത്തിൽ
പാർത്തുകണ്ടാത്മപ്രേഷ്യപാടവം, ഒന്നാമനു
ചിത്തസന്തോഷം നല്കിയഞ്ചുനാണയം പ്രഭു;
രണ്ടെണ്ണം ദ്വിതീയനും മൂന്നാമനൊന്നും,പിന്നെ —
ക്കണ്ടവർ നിന്നീടവേ, യാത്രയും പുറപ്പെട്ടാൻ

ii

അഞ്ചുനാണയം ലഭിച്ചീടിന പുരുഷൻപോ —
യഞ്ചാതെ വാണിജ്യം ചെയ്താർജ്ജിച്ചാനഞ്ചുകൂടി,
നേർവഴിവണിക്കർമ്മം ചെയ്തുടൻ, ദ്വിതീയനു —
മാവോളം വർദ്ധിപ്പിച്ചാൻ തന്നുടെ ധനത്തെയും;
നാണയമേകം കൊണ്ടുഭൃത്യനോപ്പൃഥ്വിക്കുള്ളിൽ
നാണമെന്നിയേമറച്ചായതു, വൃഥാപാർത്താൻ.

iii

ഒട്ടുനാൾ കഴിഞ്ഞെത്തിയാത്മകൻതാനും നിജ—
പത്തനം തന്നിൽപ്പുക്കു ഭൃത്യരെവിളിച്ചുടൻ,
ദത്തമാംദ്രവ്യത്തിൻെറ വൃത്താന്തം ചോദിച്ചിതു
ഝല്വാകൗതുകം വിത്തൈകായത്തചിത്തൻതാനും
സത്വരംനാണ്യം പത്തു ഭർത്താവിൻ സമക്ഷത്തി—
ലെത്തിച്ചുചൊന്നാനേവമൊന്നാമനതുകാലം:—
“അഞ്ചുനാണയംഭവാൻതന്നതെൻശ്രമത്താലി—
ന്നഞ്ചുരണ്ടായിട്ടിതാ, മുന്നിൽ ഞാൻ സമർപ്പിപ്പൂ,
ഓതിനാൻ പ്രഭുവപ്പോൾ, “നന്നുനന്നിതുപാർക്കിൽ
നീ തന്നെ നല്പാൻറുള്ള വിശ്വാസ്യഭൃത്യൻമമ;
അല്പമാം കാര്യംതന്നിൽവിശ്വസ്തനിതേവരെ—
ക്കിപ്പോഴേ, ബഹ്വർത്ഥത്തിൽ ശാസിതാവാകനീ;
മത്പ്രസാദത്തിനെന്നുമുത്തമാസ്പദം നീതാൻ,
ക്ഷിപ്രം നീ മമ പ്രീതിമണ്ഡലമകംപൂക.”
രണ്ടാമനതു നേരംസ്വാമിതൻഹസ്തത്തിങ്കൽ
കൊണ്ടുചെന്നേകിനാലുനാണയം, ചൊന്നാനേവം,
“രണ്ടുനാണയമല്ലോ തന്നതുഭവാനി,പ്പോ—
ളുണ്ടെനിക്കേകാൻ നാലു, നിന്തിരുവടിക്കായി.”
ഓതിനാൻ പ്രഭുവപ്പോൾ,“നന്നുനന്നിതുപാർക്കിൽ
നീതന്നെ നല്പാൻറുള്ള വിശ്വാസ്യഭൃത്യൻമമ;
അല്പമാം കാര്യംതന്നിൽവിശ്വസ്തനിതേവരെ—
ക്കിപ്പോഴേ ബഹ്വർത്ഥത്തിൽശാസിതാവാകനീ;
മത്പ്രസാദത്തിനെന്നുമുത്തമാസ്പദംനീതാൻ,
ക്ഷിപ്രം നീ മമ പ്രീതിമണ്ഡലമകംപൂക”
അന്നേരം സ്വാമിതൻെറ മുന്നിലാമ്മാറുചെന്നു—

നിന്നുടൻ പുരാനാണ്യമൊന്നുവാങ്ങിന ഭൃത്യൻ,
മന്ദമായുരചെയ്താൻ, "സ്വാമി നീ വിതയ്ക്കാത്ത
മന്നിൽനിന്നൊന്നും കൊയ്‌വാനിച്ഛിപ്പോനതുവിധം
ഒന്നുമേവിതറാതെ സങ്ഗ്രഹിപ്പോൻ നിർദ്ദയ—
നെന്നെല്ലാം മുന്നേതന്നേഞാനറിഞ്ഞിരിക്കുന്നു;
തന്നതുഭയംകൊണ്ടു മണ്ണിലേ കുഴിച്ചിട്ടു
നിന്നുടെ മുതലിതാ നീ തന്നെകൈയ്യേല്ക്കാണ്ടാലും."
രുഷ്ടനായപ്പോളതിന്നുത്തരംചൊന്നാൻ സ്വാമി,
"ദുഷ്ട! നീമടിയനാംസേവകാധമൻധ്രുവം;
മന്നിൻഞാൻവിതയ്ക്കാതെകൊയ്യുവോൻനിർദ്ദാക്ഷിണ്യ
ഒന്നുമേ വിതറാതെസംഭരിപ്പോനെന്നെല്ലാം (ൻ)
നേരെ നീ ധരിച്ചിട്ടുംസ്വർണ്ണവാണിഭക്കാരെ
നാണയമേല്പിക്കാതെ വാഴുവാനെന്തേബന്ധം?
നന്നു, നീഞാൻചൊന്നോണംചെയ്തിരുന്നെങ്കിൽപോ
വന്നുഞാൻപലിശയുംമുതലുംകൈയ്യേല്ക്കാണ്ടേനേ; [ന്നു
എടുത്തീനാണ്യംപത്തുനാണയംസമാർജ്ജിച്ച
മിടുക്കൻ ഭൃത്യനായിക്കൊടുപ്പിൻമടിയാതെ;
ഞങ്ങനെയുള്ളോനത്രെ ലഭിക്കുന്നതു നിത്യം
മങ്ങാതസമൃദ്ധിയും സിദ്ധിപ്പതവനത്രെ;
ഒന്നുമേയത്നിക്കാതെ മന്ദമായ് വർത്തിപ്പോന്നു
മുന്നമുള്ളതും കൂടി നഷ്ടമാമറിയുവിൻ
എങ്കിലോഭൃത്യന്മാരിൽ കാശിന്നുകൊള്ളാത്തുള്ള
വങ്കനാമിവൻതന്നെപ്പിടിച്ചുവെളിക്കൊട്ടു
വൻകൊടുംതമസ്സിങ്കൽ തള്ളുവിനാക്രന്ദന—
മെങ്ങുമേപൊങ്ങിച്ചിവൻപല്ലുകൾഞെരിക്കട്ടെ."

ഡാക്ടർ കെ. ഗോദവർമ്മരാജാ എം ഏ (മദ്രാസ്)
പി എച്ച് ഡി (ലണ്ടൻ)

---

# 12

## സാംസണഗാഥ.

സാംസണൻ എന്ന ഈ വീരൻ ഇസ്രായേൽ ജനതയുടെ ഒരു പുരാതന നേതാവും, മഹാ ശക്തനുമായിരുന്നു. ഇയാൾ "ദലീല" (ദീലിക) എന്നു പേരുള്ള ഒരു കുലടസ്ത്ര്യധീനനും, വിസ്മൃതകൃത്യാന്തരനുമായി ജീവിക്കയാൽ ശത്രുക്കൾ അത്തരമാക്കി അവളുടെ അടുത്തെത്തി. അവൾ മുഖാന്തിരം സാംസണന്റെ ശക്തിയുടെ ഹേതു, അയാളുടെ തലയിലുള്ള ഏഴു ജടയാണെന്നു മനസ്സിലാക്കി. നിദ്രാണനായ അയാളുടെ തലയിൽനിന്നു ആ സ്ത്രീയെക്കൊണ്ട് ആ ഏഴുജടയും ഛേദിപ്പിച്ചു. ഇങ്ങനെ സാംസണൻ ശത്രുഹസ്തങ്ങളിൽ പതിക്കയാൽ ശത്രുക്കളായ ഫിലിസ്ത്യർ അയാളുടെ കണ്ണുകൾ ചൂഴന്നു കളഞ്ഞ ശേഷം തുറുങ്കിലിരുത്തുകയും അവരുടെ ഒരു ഉത്സവദിനത്തിൽ അദ്ദേഹത്തെ കളിക്കു ഇറക്കിക്കൊണ്ടു വന്നപ്പോൾ ജട വളർന്നു തുടങ്ങിയ ഈ വീരൻ ഈശ്വരനോട് അഭ്യർത്ഥിച്ചു വീണ്ടും ശക്തി പ്രാപിച്ചു കാണികൾ ഇരുന്ന കെട്ടിടം മറിച്ചിടുകയും അതിനടിയിൽ പെട്ടു അവരോടു കൂടി മരിക്കയും ചെയ്യുന്നു.

അന്നൊരു രാത്രിയിലാനന്ദദായിയാം
ചന്ദ്രനുദിച്ചുവിളങ്ങുന്നേരം
കുന്ദസുമങ്ങളാൽ സൌരഭ്യ വാഹിയായ്
മന്ദാനിലനെങ്ങും സഞ്ചരിച്ചു;
മോഹനമാം ചെറുപ്പൂങ്കാവനംതന്നിൽ
സ്നേഹപരവശരായവരും,
നിദ്രയ്ക്കുഭാവിച്ചു; ദീലികോത്സംഗത്തിൽ
ഉത്തമാംഗംചേർത്തു സാംസണനും
നന്നായുറങ്ങിയ നേരത്തു കത്തിയാൽ
ഖണ്ഡിച്ചു ഭർത്താവിൻ കേശമെല്ലാം.
ചെന്നവൾ ശ്രദ്ധമായ്ത്തന്നെ നിയോഗിച്ചു

ദുൎന്നയന്മാരോടു വാൎത്ത ചൊന്നാൾ.
സന്തോഷിച്ചേകിനാർ സമ്മാനമോരോന്നു
ബന്ധുര ഗാത്രിയ്ക്കു ദുഷ്പ്രഭുക്കൾ.
ഹന്ത! സുഷുപ്തിയിലെത്രയും ദുർബ്ബലൻ;
അന്തരിതാത്മാവിനെന്തു ചെയ്യാം!
പിറേറന്നുണൎന്നൊരു സാംസണൻ തന്നുടെ
നഷ്ടമായ്ത്തീൎന്ന ചികുരഭാരം
ഒട്ടുനിലത്തുപതിച്ചും പവനനാൽ
തട്ടിപ്പറത്തിയും കണ്ടിതല്ലോ.
കായത്തിനുള്ള കരുത്തു നിശ്ശേഷവും
പോയെന്നു തന്നെ നിനച്ചിരുന്നാൻ.
ആയോധനത്തിനു പോകാനും ശത്രുക്കൾ—
ക്കാമയം ചേൎക്കാനും കെല്പില്ലാതെ
സ്ത്രീജിതനാകയാൽ പററിയോരാപത്തു
ഭൂയോ വിചാരിച്ചു ക്ലേശിക്കയും,
ഈശ്വരാനുഗ്രഹം ചാപല്യവായ്പിനാൽ
നശ്വരമാക്കിച്ചമച്ചമൂലം
തന്നെത്താനേറെശ്ശപിക്കയും, ഐഹികാ—
നന്ദത്തെമിഥ്യയെന്നെണ്ണുകയും,
ദൈവഗതിയെന്നോൎത്താശ്വസിച്ചന്തരാ
കൈവല്യംനേടുവാൻപ്രാൎത്ഥിക്കയും,
ഇങ്ങനെയുള്ള വിഷമഘട്ടത്തില-
ന്നംഗനാരത്നത്തെമുന്നിലാക്കി,
ചാരത്തണൎത്തുഫ്ലിസ്ഥരവൻതന്നെ
പ്പോരിനായാഹ്വാനംചെയ്യുന്നേരം,
നാരീമണിയുടെരൂപത്തിൽനില്ക്കുന്ന

ഘോരസൎപ്പത്തിന്റെനേരേനോക്കി
ഗീതുകളേവംവദിച്ചിതുസാംസണൻ
ധീരതയോടുമരികൾകേൾക്കെ.
"പ്രാപഞ്ചികമായദുഃഖത്തിനെന്നല്ല
പാപങ്ങൾക്കൊക്കെയുമാദിമൂലം
സ്ത്രീയെന്നസത്വത്തെസ്സൃഷ്ടിച്ചതീശ്വരൻ
തീയെക്കാളേററംഭയങ്കരമായ്;
നിന്നെഞാനേതുമധിക്ഷേപിക്കുന്നില്ല.
തന്നെത്താനൊക്കെസ്സഹിച്ചീടുന്നു.
അത്യന്തസൌഖ്യപ്രദമായസ്വൎഗ്ഗത്തെ *
നിത്യനരകമായ്ത്തീൎത്തുംനീ;
ഇക്ഷിതിവാസികൾക്കക്ഷയദുഷ്കീൎത്തി
നിഃക്ഷേപമാക്കി;നശിച്ചുലോകം;
എത്രമനോഹരമാകൃതികാൺകിൽ,
അത്രയുംകാകോളപൂൎണ്ണമല്ലോ.
തേനോലുംവാണിയമൃതായാലെന്തതി
നൂനമണയ്ക്കുന്നുദുഷ്ടവിഷം
ന്യായത്തിലെന്നൊജ്ജയിക്കുവാൻനിങ്ങൾക്കു
കായബലമില്ലശത്രുക്കളേ
ന്യായതോത്തിട്ടല്ലോവഞ്ചതിചെയ്തതും
ജായാവിമോഹിതനെന്നിൽനിങ്ങൾ;
എന്തിനിവേണ്ടതുചെയ്താലുംനിങ്ങൾക്കു
ഹന്തവിധേയനായ്ത്തീൎന്നുഞാനും."

---

*ഈവിന്റെ വിലക്കനിഭക്ഷണം നിമിത്തമുണ്ടായ മനുഷ്യവംശത്തിന്റെ അധഃപതനമാണ് സൂചിപ്പിച്ചിരിക്കുന്നതു്.

ഇത്തരംചൊല്ലുന്ന സാംസണൻതന്നെയ
ശ്ശത്രുക്കൾചെന്നുടനാക്രമിച്ചു.

തിണ്ണെന്നു രണ്ടുകരങ്ങളും ബന്ധിച്ചു
പൊണ്ണന്മാർ കണ്ണുകൾചൂന്നെടുത്തു
കൊണ്ടങ്ങടച്ചിതു കാരാഗൃഹംതന്നിൽ
ഇണ്ടലകന്നുഫ്ലിലിസ്ഥർക്കെല്ലാം.
ഏവം വിമതവിനാശംവരുത്തുവാൻ
ദൈവംതുണച്ചതു കാരണമായ്
യാഗമഹോത്സവം വേണമെന്നോതിനാ
രാഗമജ്ഞാതമരായുള്ളവർ.
വട്ടങ്ങൾ കൂട്ടിത്തുടങ്ങി പലവിധം
വാട്ടമകന്നു ഫ്ലിലിസ്ഥരെല്ലാം.
വിസ്തൃതമായൊരു പന്തൽ വിതാനിച്ച
ങ്ങാസ്തരണങ്ങളാൽ മോടികൂട്ടി;
തഞ്ചം കലർന്നുള്ള മഞ്ചങ്ങളുണ്ടതി
ലഞ്ചിതമാകിയ ചിത്രങ്ങളും;
ഹൃദ്യമായുള്ളൊരു സദ്യകഴിഞ്ഞന—
വദ്യവിനോദങ്ങളാലെ മന്ദം
അദ്ദിനം പോക്കിനാ;രസ്തമിക്കാറായി
വിദ്യോതനപ്രഭമങ്ങിമങ്ങി;
അത്തറ്റിൽ സാംസണവീര്യപരാക്രമം
അത്യത്ഭുതകരം കണ്ടുകൊൾവാൻ
ആഗ്രഹമുണ്ടായ് ചിലർക്കതിനൊത്തപോൽ
ശീഘ്റമാനീതനായ് മർത്ത്യസിംഹൻ
മുണ്ഡിതമായ ശിരസ്സിൽമുളച്ചങ്ങു

തിണ്ണം വളരുന്ന രോമങ്ങളെ
കണ്ടു വിരണ്ടു ഫ്ലിസ്ഥർതൻ നാശത്തി
നുണ്ടായൊരസ്ത്രങ്ങളെന്നുറണ്ണി
പന്തലിൻ മദ്ധ്യത്തിൽ കൊണ്ടുനിന്നിത്തിനാ
രന്തക തുല്യനാം സാംസണ്ണനെ
കാൺവാൻമേചതനിക്കെങ്കിലുംകാതിൽ
വീണൊരുശബ്ദപ്രവാഹത്താലേ
ശാലയിലുള്ളോരുകോലാഹലത്തെയും
മാലകന്നങ്ങുവസിച്ചോരെയും
ആലോകനംചെയ്തു മാനസദൃഷ്ടിയാൽ
ആലോലമായ്ത്തീന്നിതന്തരംഗം
"ദുഷ്ടരെൻപാട്ടിൽവസിക്കേണ്ടോരല്ലയോ
ദിഷ്ടക്കേടാലെന്നെശ്ശാസിപ്പതും
'ചാടിക്കളിയെടാ' എന്നുപറവതും
താടിക്കുതട്ടിവിനോദിപ്പതും
ലോകേശാനീയിതു കാണുന്നതില്ലയോ
ഹാകഷ്ടമെന്നുടെപാരവശ്യം
എന്നെമുടിപ്പാൻ മുടിയവുത്തേകിന
പന്നഗിതന്നോട്ടക്രൂടിയിതാ
നിന്ദ്യരായുള്ള ഫ്ലിസ്ഥർ വസിക്കുന്നു
* മിന്നുംഫണമുള്ള ഭോഗീന്ദ്രന്മാർ
അല്പം കൃപയെന്നിലുല്ലാദിപ്പിച്ചെങ്കിൽ
ദർപ്പംനശിപ്പിക്കാമിപ്പോൾ തന്നെ!!

---

* ധാരാളം പണമുള്ളവരും ഭോഗപ്രിയരും എന്നു അത്ഥം

എന്നുപറഞ്ഞവൻ നിശ്ചലധ്യാനത്തിൽ
നിന്നുനിമിഷം സഭാമദ്ധ്യത്തിൽ;
കായികാഭ്യാസങ്ങൾ കാണേണമെന്നപ്പോൾ
ഭൂയോപിമാററൊലിക്കൊണ്ടുശബ്ദം
എങ്കിലോകാൺപിനെൻെറ പരാക്രമം
ശങ്കകൂടാതെയെന്നോതി സാംസൺ
ബാഹുക്കൾനീട്ടിനെടുത്തൂണു് രണ്ടുമ
ങ്ങാകുന്ന കായബലം കലർന്നു,
ആയാസത്തോടും പിടിച്ചുമുന്നോട്ടവൻ
മായാമയനാംമഹേശൻ തൻെറ
ദിവ്യപാദങ്ങളിലർപ്പിച്ചുമാനസം
നവ്യമായുണ്ടായ ശക്തിയാലേ,
സാഷ്ടാംഗംവീണു നമസ്കരിക്കുന്നപോൽ
പെട്ടെന്നിടിവെട്ടും ശബ്ദത്തോടേ
പന്തലുമപ്പോൾപതിച്ചിതു ഭൂമിയിൽ
പന്തിയായ് മഞ്ചത്തിൽ വാണവരും;
ദീലികയോടും ഫിലിസ്ഥപ്രഭുക്കളും
നാലായിരത്തിൽപ്പരം ജനവും
സാംസനൻ തന്നുടെപിന്നാലേപോയാര
സ്സംസാരഹീനമാംലോകം തന്നിൽ.

ദൈവത്തിൻശിക്ഷയിന്നെങ്ങനെയെന്നതു
മേവനറിഞ്ഞതു മാലോകരേ
ഇക്കഥപാടുവിൻ 'താമസ' ദുഃഖങ്ങൾ
ഒക്കെയൊടുങ്ങുവാൻററഭക്തന്മാ

ലഭ്യമാംനിങ്ങൾക്കനന്ത് സന്തോഷവും
അഭ്യുദയങ്ങളുംമേൽക്കുമേലിൽ.

(പി. അനന്തൻ പിള്ള എം. ഏ.)

# 13

## ഘാതകന്മാർക്കു ഭക്ഷണദാനം.

തൻെറ ഗൂഢാലോചനകളെല്ലാം ദിവ്യദൃഷ്ടിയാൽ അറിഞ്ഞു് ഇസ്രായേൽ നൃപതിയെ അറിയിക്കുന്നു എന്നുള്ള കാരണത്താൽ ഏലിശാ പ്രവാചകനെ പിടിക്കാൻ സിറിയാരാജാവു് അയച്ച സൈന്യത്തെ പ്രസ്തുത പ്രവാചകൻ അത്ഭുതശക്തിയാൽ അന്ധമാക്കിട്ടു് അവരെ ഇസ്രായേൽ രാജാവിൻെറ അടുക്കലേക്കു കൊണ്ടുപോകയും, അവിടെ വച്ചു് അവൎക്കു ആഹാരം കൊടുത്തു സ്വരാജ്യത്തേക്കു മടക്കിയയക്കുകയും ചെയ്യുന്നു.

1 നിരുപമമീസറായേൽനാടു ദുൎമ്മോഹമുള്ളിൽ—
പ്പെരുകിനസിറിയാതൻമന്നവൻ കൈക്കലാക്കാൻ
കരുതി വളരെയത്നം ചെയ്തിട്ടും തോററോടുക്കം
പുരുതരരുജയോടും ദാസരോടേവമോതി:

2 പലകുറിയുമനല്പം വേലചെയ്തെങ്കിലും നാം
ഫലമൊരു ലവലേശം നേടിയില്ലത്രയല്ല,
പലശതമുരപൊങ്ങും യോധരും നഷ്ടമായീ
നിലയിലപജയം ഹാ! നേരിടാനെന്തുബന്ധം?.

3 ഒരു കരുതലുമില്ലാത്തുള്ള നേരത്തു നാമേ—
തൊരു ദിശിസമവായം ചേൎന്നുചെന്നൊത്തുമപ്പോൾ
തെരുതെരെവിശിഖൗഘം വിട്ടു നമ്മെത്തുലയ്ക്കാൻ
കരുതിടുമരിസൈന്യം ഫോജരുണ്ടസ്ഥലത്തിൽ.

4 ഉടനടി പരമിച്ഛാഭംഗമുൾക്കൊണ്ടുകന്നി—
ട്ടുടവിലകളെ വേറേദിക്കിലെത്തുന്നതായാൽ
ഇടരഹിതമിരയ്ക്കു കിട്ടുവാൻകാത്തുനിൽക്കും
ഭടതതിയുടെ മുൻപിൽപ്പെട്ടു കഷ്ടത്തിലാകും.

5 അരിയുടെ വിജയത്തിനു കാരണം ഭാഗ്യമല്ലെ—
ന്നരികിലമരുമാരോ ചെയ്തിടും ദ്രോഹമത്രെ
ത്വരിതമതിനു നാം സമ്മാനമേകുന്നതുണ്ടു—
ന്നരിശമൊടരുൾചെയ്തെല്ലാരേയും നോക്കിഭൂപൻ.

6 ശിതമതിനൃപദാസൻ ഭൂമിപാലൻെറ കാൽത്താ—
രതനു വിനയമോടും കൂപ്പിമന്ദംകഥിച്ചു.
ഹൃതമദഗജവീരാടോപനാം സിംഹമോടോ—
ഗതഭയമൊരു തെണ്ടിപ്പട്ടിനേൎക്കുന്നു കഷ്ടം!

7 ഉരപെട്ടമിസറായേൽ ക്ഷോണിപാലൻെറനാട്ടിൽ
പരമതമനെലീശായെന്നു പേരുള്ളവിജ്ഞൻ
സരസമധിവസിപ്പൂ! സംഭവിക്കുന്നതെല്ലാം
കരതലബദരംപോലാമഹാൻ കണ്ടിടുന്നു.

8 അറിവധികമിണങ്ങും മന്നവൻ പള്ളികൊള്ളും
മുറിയിലധിപനാമങ്ങോതുവോരാ രഹസ്യം
അറിയുമമലനാമത്താപസൻ ഭേദമില്ലാ—
തറിവുടനിസറായേൽ ഭൂമിപാലനുമേകും.

9 അരിനൃപനറിവസ്സംപൂജ്യനേകീടിലും നാം
പരിഭവമൊരുതെല്ലും തേടുവാൻന്യായമില്ല
അരിശമൊഴിയുവാൻ നാമെന്തുചെയ്താലുമസ്സു—
ച്ചരിതനിതിലിളപ്പം ചേർക്കുവാനാണെളുപ്പം.

10 കൃശമതിനരപാലൻ ദാസവാക്യംതദാ ദു—
ർദ്ദശയുടെ പരിപാകംകൊണ്ടുകൈക്കൊണ്ടതില്ല.
ഭൃശമിടരുടനസ്സംപൂജ്യനുണ്ടാക്കുവാന—
ങ്കുശവുമവഗണിക്കും ഹസ്തിപോൽ നിശ്ചയിച്ചു.

11 അവനിപതിതുടർന്നാരോനുചോദിച്ചനേര-
ത്തവനതിവിമലശ്രീതാപസൻദിവ്യനെന്നും
ഭവനമുരനിതാന്തംപൂണ്ടദോതാനിലെന്നും
പ്രവരഗുണഗണാംഭോരാശിയെന്നുംഗ്രഹിച്ചു.

12 ഉടനെമുനിയെബന്ധിച്ചാനയിച്ചീടുവാനാ
യടരിനുവിരുതേറുംനാലുസേനാനിമാരേ
ഭടഗണഹയസംഘസ്യന്ദനശ്രേണിയോടും
സ്ഫുടമരുളിനരേന്ദ്രൻവിട്ടുദോതാനിലേക്കായ്.

13 അപജയപരിഹാരംതെല്ലുനേടീടുവാൻപോ-
ലപകടമതിവേലംതാപസന്നേകുവാനായ്
സ്വപനരഹിതരായിപ്പോയൊരായോധവൃന്ദം
തപനനുദയമാകുംമുൻപുദോതാനിലെത്തി.

14 സരസമനുനിമേഷംകുക്കുടംക്രൂകിനാനാ-
തരലതകളിലോമൽപ്പുഷ്പജാലംവിരിഞ്ഞു
പരമസുമസുഗന്ധംനാലുപാടുംപരന്നു
വിരസമെവനുമേകുംകാകനാദംമുഴങ്ങി.

15 പ്രതിദിനനിയമംപോൽദേവപാദംഭജിക്കും
പതിവിനുമുനിശിഷ്യൻമൂത്രശങ്കക്കിറങ്ങി.
കുതിരഭടഗണംതേരെന്നിതെല്ലാംസമീക്ഷി-
ച്ചതിഭയമൊടുടൻതൻസ്വാമിയോടോതിസർവ്വം

16 ശ്രുതധനജനൊടേറെക്കെഞ്ചിയദ്രിക്കുവഹ്നി-
പ്രഭവിലസിതമശ്വശ്രേണിയാൽപൂർണ്ണമാക്കി
അഭയമവനുദിപ്പിച്ചഞ്ജസാതാപസൻവാ-
ഗ്വിഭവമൊടെതിരേററായോധവൃന്ദത്തൊടോതി.

17 നിശയിലെഗതിമൂലംനിദ്രബാധിച്ചുമാർഗ്ഗം
പിശകിയതിലനല്പംവിസ്മയിക്കേണ്ടതില്ല
ഭൃശമിനിഗതിവേണ്ടെന്നാകിലുംവേണമല്പം
കുശലമൊടവിടത്തിൽചെന്നുചേരാമമന്ദം.

18 വരുവിനവിടമോളംഞാനുമുണ്ടെന്നുചൊല്ലി
പ്പുരുജവമൊടുമുൻപിൽതാപസൻയാത്രയായി
ഒരുവിവരവുമെന്യേയോധരന്ധവ്രജംപോൽ
വിരുതഖിലമകന്നാവന്ദ്യനെപിൻതുടന്നു.

19 വിമലമതിമുനീന്ദ്രൻഭക്തിപൂണ്ടീശനാമം
പ്രമദമൊടുരുവിട്ടുംകൊണ്ടുചാഞ്ചല്യമെന്യേ
സമധികജവമോടുംമേദുരശ്രീവിളങ്ങും
ശമറിയനഗരത്തിൽസാദരംചെന്നുചേന്നു.

20 അനവധിഭടസാദിസ്യന്ദന ശ്രേണിയെസ്സ—
ജ്ജനമണി മഹിതാത്മാവാനയിക്കുന്നതപ്പോൾ
ജനനിരനിതരാം സമ്മോദമോടും സമീക്ഷി—
ച്ചനഘനജനെന്നാനാശാനമോടുംസ്തുതിച്ചു.

21 ഭടരുടെമനമപ്പോൾ മങ്ങലററു തടവിച്ചോ—
രിടരിന്നുടെ കടുപ്പംകണ്ടകം പൊട്ടിഞെട്ടി
ഉടനവരൊടു ശിഷ്ടൻ താപസൻസാമവാക്യം
സ്ഫുടമരുളിനിതാന്തം ധൈര്യമുൾപ്പൂവിനേകി.

22 അവനിപതി സമീപത്താഗമിച്ചത്തപസ്വി—
പ്രവരനൊടുസമോദം ചൊല്ലിഞാനെൻപിതാവേ
അവമതിയൊടു മങ്ങെക്കെട്ടുവാനാഗമിച്ചോ—
രിവരെ നിശിതമാകും വാളിന്നൂണാക്കിടട്ടോ?

23 അപനയമതു കേട്ടുൾത്താപമോടോതിവന്ദ്യൻ
നൃപനിഹ സമസൃഷ്ടിസ്നേഹമാവശ്യമത്രെ
അപകടനിലയിൽപ്പെട്ടാർത്തരായ് തീരുവോരിൽ
കൃപകരുതുകിലേറെ പ്രീതനായീടുമീശൻ.

24 അരുതരുതു, ശവത്തിൽ കുത്തിടായ്കീജനംനിൻ
വിരുതുടയഭടർക്കുണ്ടായ കൈനേട്ടമല്ല
ഒരുവിനയുമിവർക്കേകാതെ മൃഷ്ടാന്നമേകി—
പ്പുരുതെളിവൊടമന്ദം വിട്ടയച്ചീടണംനീ.

25 ശമനിധിമുനിമുഖ്യൻതൻഹിതംപോലെനാനാ-
വിമലവിഭവമോടുംസദ്യസർവർക്കുമേകി
ശ്രമമഖിലമൊഴിച്ചെല്ലാരെയുംതൃപ്തരാക്കി
ശ്ശമരിയയുടെനാഥൻസാദരംചൊല്ലിവിട്ടു.

26 പുകളെഴുമിസറായേൽനാടുമായ്പിൻചെതിക്കാൻ
പകഹൃദിസിറിയാതൻഭൂപനുണ്ടായതില്ല
പക,പൊളി,ചതി,ഗർവം,വാശിതൊട്ടുള്ളതെല്ലാ-
മകലുവതിനിരന്നുംകൊണ്ടെലീശാവസിച്ചു.

മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള

# 14

## അവരെ തടയരുതേതുനാളും.

ഭക്തിമതികളായ ചില സ്ത്രീകൾ ഭഗവൽസന്നിധിയിൽ ശിശുക്കളെ ആശീർല്ലബ്ധിക്കായിക്കൊണ്ടുവന്ന കഥ.

(ഗുണമേറും ഭർത്താവേ! എന്ന പോലെ)

ഒരുനാളിൽ യേശുഭഗവാൻ തന്റെ
തിരുമുമ്പിൽവന്നു ജനങ്ങൾ തിങ്ങി.
അരുമയായോരെന്നിളം കിടാവെ—
ത്തിരുമേനിയൊന്നു തൊടേണമെന്നും
ഭഗവാനനുഗ്രഹിക്കേണമെന്നു—
മവരിലോരോരുവർ തിങ്ങിക്കൂടി.
ഭഗവാന്റെ ശിഷ്യരവരെയപ്പോ—
ളകലത്തു മാറാനനുശാസിച്ചു.
അതുകണ്ടു യേശുഭഗവാൻതാനു—
മതുലദയാർദ്രനായേവമോതി:—
"അരുമക്കിടാങ്ങളെയെന്നരികിൽ
വരുവാനനുവദിക്കേണം നിങ്ങൾ.
ഇവരെപ്പോലുള്ളോരമലന്മാർ താ—
നമരത്വമാളുന്ന പുണ്യവാന്മാർ.
ശിശുതുല്യനൈർമല്യമേലിടാത്തോ—
നൊരുനാളും പൂകിടാ സ്വർഗ്ഗരാജ്യം.
പരമാത്മസാരമിതോർത്തു നിങ്ങ—
ളവരെത്തടയരുതേതുനാളും."

എൻ. ഗോപാലപിള്ള. എം. എ.

# 15

## “ഇന്നുഞാൻ, നാളെനീ”

ഒരു ശവപ്പെട്ടിമേൽ ഈ വാക്കുകൾകണ്ടു കവി സ്തോഭപൂർണ്ണനായി, ചിന്തിക്കുന്നതു്.

“ഇന്നു ഞാൻ,നാളെനീ, ഇന്നുഞാൻ, നാളെനീ”
ഇന്നുംപ്രതിധ്വനിക്കുന്നിതെന്നോർമ്മയിൽ!
പാതവക്കത്തെ മരത്തിൽകരിനിഴൽ
പ്രേതംകണക്കെക്ഷണത്തിൽവളരവേ,
എത്രയുംപേടിച്ചുരണ്ടു ചിലശ്ശുഷ്ക്ക—
പത്രങ്ങൾസമോഹം കലർന്നുപതിക്കവേ,
ആസന്നമൃത്യുവാം നിശ്ചേഷ്ടമാരുതൻ
ശ്വാസമിടയ്ക്കിടയ്ക്കാഞ്ഞുവലിക്കവേ,
താരകരത്നഖചിതമാംപട്ടിനാൽ
പാരമലംകൃതമായ വിൺപെട്ടിയിൽ
ചത്തപകലിൻശവംവച്ചുഡുപ്പതി—
നാത്തമൗനം നാലുദിക്കുകൾനിൽക്കവേ,
തൻപിതാവിൽശവപ്പെട്ടിമേൽചുംബിച്ചു
കമ്പിതഗാത്രിയായന്തിമൂർച്ഛിക്കവേ,
ജീവിതംപോലെരണ്ടറ്റവുംകാണാത്തൊ—
രാവഴിയിങ്കൽതനിച്ചുഞാൻനിന്നുപോയ്
പക്ഷികൾപാടിയല്ലാടിയില്ലാലില—
യിക്ഷിതിതന്നെമരവിച്ചപോലെയായ്
അന്തികത്തുള്ളൊരുപള്ളിയിൽനിന്നുടൻ

പൊന്തി"ണാം" "ണാ"മെന്നുദീനമണിസ്വനം.
രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ—
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പൊഴും
മൂകമാണെങ്കിലുമുച്ചത്തിൽവർണ്ണിക്കു—
മേകമുഖമാം കുരിശിനെമുത്തുവാൻ,
ആരാലിറങ്ങിവരുംചില 'മാലാക'—
മാരായ്‌വരാം കണ്ടവെൺമുകിൽത്തുണ്ടുകൾ
പാപംഹരിച്ചു പാരിന്നു വിണ്ണേറുവാൻ
പാതകാണിക്കും കുരിശേ ജയിക്കുക!
ആ വഴിക്കപ്പോളൊരു ദരിദ്രന്റെ നിർ—
ജീവമാം ദേഹമടക്കിയപെട്ടിപോയ്
ഇല്ലപെരുമ്പറ, ശുദ്ധയാം വിശ്വസ്ത—
വല്ലഭതന്നുടെ നെഞ്ചിടിപ്പെന്നിയേ!
ഇല്ലപൂവർഷം, വിഷാദംകലന്നില—
തല്ലുന്ന പൈതലിൻ കണ്ണുനീരെന്നിയേ!
വന്നുതറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ
നിന്നുമാറക്ഷരം, 'ഇന്നുഞാൻ, നാളെ നീ!
ഒന്നുനടുങ്ങി ഞാനാ നടുക്കംതന്നെ
മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പൊഴും,!

വിദ്വാൻ ജി. ശങ്കരക്കുറുപ്പ്.

# 16

## തിരുവത്താഴരംഗം.

പെസഹ എന്ന യഹൂദോത്സവദിനംരാത്രി ക്രിസ്തു സ്വശിഷ്യന്മാരുമായി തന്റെ അന്ത്യ ഭക്ഷണം കഴിക്കുന്നതു്.

(ഗാഥ)

ആനന്ദപ്പുഞ്ചിരിതൂകിവിരാജിച്ചോ-
രാനവ്യസോമൻമന്ദംതകർന്നു
മാഴ്കുന്നവനെപ്പോൽമ്ലാനവദനനാ-
യാകുലഭാവമിയന്നുവിശ്വം.
ആസന്നമാകുംവിപത്തിൽനടുങ്ങിടും
ജോസഫിൻമഞ്ജുളഹർമ്മ്യംതന്നിൽ
അജ്ഞേയമാമേതോദുസ്സഹദുഃഖത്താൽ
പ്രജ്ഞയകന്നുപരംകുഴങ്ങും
അപ്പോസ്തലന്മാരോടൊത്തതിശീഘ്രത്തിൽ
ചിൽപ്പൂരുഷപ്രഭാരശ്മിചൂഴും
സർവ്വജ്ഞനാംക്രിസ്തുദേവൻപ്രവേശിച്ചു
തീവ്രമാംഖേദമകത്തൊതുക്കി.
സ്മേരവദനനായ്നേരേപോയ്മേശതൻ
ചാരത്തിരുന്നുതന്നാസനത്തിൽ
പ്രേമംഭഗവാനിലേറുന്നജോൺവേഗം
സ്വാമിയോടേററമടുത്തിരുന്നു.

* * * *

* * * *

പാനമട്ട്.

"പ്രേമമേറുമെൻവത്സലശിഷ്യരേ!
ഈമുഹൂർത്തത്തിലന്ത്യമാംവേളയിൽ

ആമയമകന്നൊന്റെശുശ്രൂഷയാൽ
ക്ഷേമമേലിൻമിഴികൾതുറക്കുവിൻ
എന്തുഞാൻചെയ്തതോക്സഖാക്കളേ
എന്തിതിനെഴമാന്തരമാംപൊരുൾ
ബന്ധമെന്തുച്ചനീചഭേദംനിന-
ച്ചന്ധരാകുവാനന്ത്യദിനത്തിലും
എത്രയോഗ്യരാംദാസരെന്നാകിലും
സ്തുത്യരാകുമോസ്വാമിയേക്കാളവർ
സത്തരെന്നിങ്ങൾകുമ്പിട്ടുകൂപ്പിടും
നിത്യമുക്തനാംനിങ്ങുടെനായകൻ
ഭൃതദാസദാസനെപ്പോലവെ
പ്രീതനായ്സാധുസേവനംചെയ്തുവെ
ജാതസങ്കടംസ്ഥാനമാനങ്ങളിൽ
നീതിവിട്ടുപിണങ്ങുകയോഗ്യമോ
ഭക്തരാണെന്നിൽനിങ്ങളെന്നാകിലോ
ത്യക്തഗർവരായിന്നുഞാൻചെയ്തപോൽ
നിഷ്കപടമാം സേവനകൃത്യത്താൽ
നിൽക്കുമാറാകണമാമകമാംപുകൾ
എന്നുചൊന്നുനിവൃത്തിനിരാമയൻ
പിന്നെയത്താഴസദ്യയ്ക്കൊരുങ്ങിനാൻ
ധന്യമാമപ്പംദൈവപുത്രൻക്ഷണം
ഖിന്നനെപ്പോലെടുത്തുതൃക്കൈകളിൽ
നിന്നിമേഷനായ്ധ്യാനനിരതനാ
യൊന്നുവിണ്ണിലേക്കുറ്റുനോക്കീടവേ
കണ്ണിലശ്രുപൊടിഞ്ഞുപൊട്ടുന്നനെ

യെണ്ണിനാൻദേവദേവൻവിധിഗതി
തന്നകതാരിലാത്മപിതാവിന്നെ
യുന്നിയപ്പംനുറുക്കിയനന്തരം
ചൊന്നാലിവാർന്നുവീണ്ടും സ്വശിഷ്യരോ
ടുന്നതാശയനേവംസഗൽഗദം
അന്തമില്ലാത്തൊരെന്റെ സന്താപങ്ങ
ളന്തരിപ്പതിൻമുന്നമിബ്ഭക്ഷണം
ബന്ധുഭാവമിയലുന്നനിങ്ങളൊ—
ത്തന്ത്യമായ്കഴിച്ചീടാൻകൊതിപ്പൂഞാൻ
എന്നാവയവഖണ്ഡങ്ങളാമിവ
യിന്നിതാദാനമായിത്തരുന്നുഞാൻ
തിന്നുകൊണ്ടാലുമെന്നെസ്മരിക്കുവാ
നെന്നുമേയിതുകാരണമാകട്ടെ;
ഏവമോതിവിളമ്പിനാനേവർക്കും
സാവധാനമബ്ഭോജനംദേശികൻ
പാനപാത്രമെടുത്തുശിഷ്യർക്കും
ധ്യാനപൂർവ്വംകൊടുത്തുരച്ചുവിഭു.
മാനവശതകോടിതൻപാപത്താ—
ലൂനമേതുമെഴാതെകഴുകുവാൻ
ഞാനൊഴുക്കുംരുധിരമായോർത്തിതു
പാനംചെയ്യുവിൻജ്ഞാനസമ്പന്നരേ!

കേക

ഖേദമത്യന്തമാർന്നുതകരുംഹൃദയമോ—
ടാദിവ്യനാകുംഗുരുവരുളിയേവംവീണ്ടും
ആതുരഭാവമേതുമേലായ്വിൻകുഞ്ഞുങ്ങളേ

മേദിനീവാസസുഖദുഃഖമിശ്രകമല്ലോ
പോകുമേയല്ലാംമാത്രകഴിയുംമുൻപേയിഞ്ഞാൻ
ലോകജീവിതവുംഹാതീഠാറായ്‌വത്സന്മാരേ
ആകയാലൊരുനവ്യശാസന-മല്ലുന്ത്യമാം
ശ്രീകരവരദിവ്യശാസനമുരപ്പൂഞ്ഞാൻ
സ്നേഹിപ്പിൻ പരസ്പരം സ്നേഹിപ്പിൻ പരസ്പരം
സ്നേഹിതന്മാരേനിങ്ങളാരെയുംസ്നേഹിക്കുവിൻ
സ്നേഹാരാധകനാകുമെൻശിഷ്യരെന്നപദം
സ്നേഹത്താലുലകെങ്ങുംപരത്താൻശ്രമിക്കുവിൻ.
'പോകുന്നുഞാനെന്നാലെന്നോർത്തുനാഥുരുവിനെ-
യാകുലരാകുംശിഷ്യർതടഞ്ഞുചൊന്നാരേവം
പോകുന്നതെവിടേക്കുനായകാനിരാശ്രയ-
രാകുമിപ്പാവങ്ങളെവെടിഞ്ഞുഭവാനിപ്പോൾ.
ആവതില്ലയ്യോനാഥാവാഴുവാനങ്ങില്ലാതീ
ഭൂവിലക്കന്നെവിട്ടുമേവുമോകിരണങ്ങൾ
എന്നെല്ലാമഴലാർന്നുമാഴ്കീടുംതൻഭക്തർക്കു
നന്നായിസമാശ്വാസമരുളിയാത്മാരാമൻ
ആശ്വസിച്ചാലുംനിങ്ങളാശ്രയരഹിതർക്കു
വിശ്വനായകൻതുണയെപ്പോഴുമുണ്ടെന്നോർക്കൂ
ശാശ്വതമാമെൻശാന്തിനിങ്ങളിലർപ്പിപ്പൂഞാ
നാശ്വാസമിയന്നാലും,പോയിടാംസമയമായ്.
എന്നുരച്ചുവിട്ടുന്നതിരുവത്താഴംകഴി
ഞ്ഞുന്നിദ്രതാപംചേരുംശിഷ്യരോടൊരുമിച്ചു
മന്നിൻ മംഗലദീപമാകിയമഹാദേവൻ
മിന്നൽപോൽമറഞ്ഞുപോയ്ഇരുളിൻമുങ്ങീലോകം

(ലേഡിവിദ്വാൻ മുതുകുളം പാർവതിയമ്മ)

# 17

# ശമരീസമാഗമം.

ക്രിസ്തു, വഴിയാത്രയിൽ ശമര്യ്യരുടെ മുഖ്യനഗരമായ സുഖാറിൽ എത്തുന്നതും, യഹൂദദൃഷ്ട്യാ നീചജാതിയായ ശമര്യ്യസ്ത്രീയെക്കണ്ടു് അവൾക്കു് ഉപദേശം ചെയ്യുന്നതുമായ ഭാഗം.

(കളകാഞ്ചി)

മനുജരുടെ ദുരിതതതിയഖിലവുമറുക്കുവാൻ
മർത്ത്യരൂപം പൂണ്ട യേശുദേവൻ പരൻ
ജഗദധിപ സുതനമലനതുലകരുണാലയൻ
ജാതമോദം നടന്നാൻ ശിഷ്യസംയുതൻ
ദിവസമണി വരമഗിരി ശിഖരമൊടടുക്കവേ
ദീനാനുകമ്പി ചെന്നെത്തി ശമര്യ്യയിൽ.
വഴിയരികിലതിരുചിര വിമലസലിലം സദാ
പാർന്നു നിൽക്കും കൂപതല്ലജം കാൺകയാൽ
ശിഥിലതനുവിവശതയൊടതിന്നരികിലെത്തിനാൻ
ശിഷ്യരും ഭോജ്യം ചമപ്പാൻ ഗമിച്ചിതു.
അതുപൊഴുതിലവിടെയൊരു തരുണിയതിവിദ്രുത-
മാഗമിച്ചാൾ ജലം സംഭരിച്ചീടുവാൻ
തൃഷ പെരുകിയതിരഭസമവളോടു മടിക്കാതെ
തീർത്ഥപാദൻ ജലം യാചിച്ചതൽക്ഷണം
ശമരകുലവനിതയുടെ ചടുലനയനങ്ങളിൽ
ശങ്കാത്ഭുതങ്ങൾ സമ്മേളിച്ചിതൊപ്പമായ്
മധുരമൊഴിയിദമരുളി "കരുതുക ഭവാനൊരു
മാന്യയഹൂദൻ, ശമര്യ്യയാണോർക്ക ഞാൻ

തവമഹിതതരകുലവുമെളിയ മമവംശവും
തമ്മിലെള്ളോളമില്ലത്ര സമ്പക്കവും
കലുഷതകൾ കലരുമൊരുശമരജനഭൂമിയിൽ
കാലുകുത്തീടുകില്ലാരും യഹൂദരിൽ.
ശമരകരഗതസലിലമൊരുവരുമൊരിക്കലും
ശ്വാസവേഗത്തിലും കൊള്ളുമാറില്ലകേൾ.
ഒരുമയൊടുസകല ജഗദധിപനുടെനാമങ്ങ
ളോതുമാറില്ല കാൺകാഭിജാത്യഭ്രമം.
ഇവപലതുമകതളിരിലസുലഭഗുണൻഭവാ
നിന്നോൎത്തിടാതെന്തു ചോദിച്ചതീവിധം."
അവളുടയ വചനസുധയലിവൊടുസമാസ്വാദി
ച്ചത്ഭുതാത്മാവുതൻ ദാഹംശമിച്ചുപോയ്
കരുണയുടെ കിരണതതിയഴകിലുതിരുംവിധം
കമ്രവാക്യം കഥിച്ചാനേവമീശ്വരൻ.
"തരുണിതവനികടമതിലമലജലമൎത്ഥിച്ചു
തങ്ങിനിൽക്കുന്ന ഞാനാരെന്നവാസ്തവം
ചെറുതുമറിവതിനുതവതരമിയലുമെങ്കിൽനീ
ചോദിക്കുമെന്നോടു ജീവനാംജീവനം
അതുസപദിതരുവതിനു വിഷമമിഹതെല്ലുമി
ല്ലാശയുണ്ടെന്നാകിലേകുവൻ നിൎണ്ണയം"
ആവളരുളി "മധുരജലമനവരതമാളുമീ
യന്ധുവിൻ മാഹാത്മ്യമെന്തറിഞ്ഞുഭവാൻ
നിരവധികജനനിവഹമതികുതുകമോടിതിൻ
നീരിനാൽതൃപ്തിപൂണ്ടീടുന്നു നിത്യവും
അമൃതസമസലിലമിതു വിരവിനൊടുകോരുവാ

നാഹന്ത! പാത്രമില്ലാതെ മാഴ്കും ഭവാൻ
ചടുലഗിരമുഴറിയത്തു മതിമതിമഹാമതേ!
ചാപലംകണ്ടാൽ ചിരിച്ചുപോമേവരും"
യുവതിയുടെഹൃദയഗതികുതുകമൊടറിഞ്ഞുടൻ
യൂദസഛത്രപൻ കനിഞ്ഞുചൊല്ലീടിനാൻ
"അയിതരുണി! സലിലമിതുദിനമനുകുടിച്ചാല
മാർക്കുമേ ദാഹംശമിക്കയില്ലോർക്ക നീ
അഹമരുളുമമലജലമതുലിതഗുണോപേത
മാസ്വാദിച്ചാകിൽ പിപാസയുണ്ടായ്‌വരാ.
നിയതമിതുമനതളിരിലറിയുകമമോദകം
നിത്യജീവങ്കൽനയിക്കും സ്രവന്തിയാം."
വിശദതരമഹിതഗിരലഹരിപിടിപെട്ടവൾ
വീതശങ്കംജലം യാചിച്ചുവിസ്മയം!
"തവപതിയെയവിരവിനൊടുമമസവിധഭുവിതിൽ
തന്വീമണേ! കൊണ്ടുവന്നീടുകെങ്കിൽ നീ"
അനുനയമൊടിതിപറയുമവനൊടവളോതിനാ
"ളദ്യമേഭർത്താവൊരുത്തനുമില്ലകേൾ"
"ഭവതിയുടെ വചനമതികുതുകമരുളുന്നുമേ
ഭർത്താക്കളൈവരുണ്ടായിരുന്നു തവ.
ഒരുപുരുഷനരിമയൊടു തവവശഗനായിന്നു
മൊന്നിച്ചു കാന്തൻ കണക്കപാർപ്പീലയോ?"
ചതുരതയൊടിതി വചനമരുളുമവനെപ്പാർത്തു
ചഞ്ചലചിന്തയായ് ചാർവംഗിചൊല്ലിനാൾ
"മമചരിതമഖിലമതിവിശദമറിയും ഭവാൻ
മാഹാത്മ്യമേറും പ്രവാചകൻതന്നെയാം.
ഒരുവിവരമറിയുവതിനടിയനതിമോഹമു

ണ്ടാതേന്നമായതിൻ സത്യം ദയാനിധേ!
കരുണമഴയലിവിനൊടു ചൊരിയുവതിന്നുഴിയിൽ
കാദംബിനീസമൻ ക്രിസ്തുവാമീശ്വരൻ
ഒരുദിവസമഴകിനൊടുവരുമിനി നിനച്ചുഞാ
നോമൽപ്പദാംബുജം ധ്യാനിച്ചു വാഴ്കയാം
മശിഹയവനടിയനുടെ മലിനതകൾ പോക്കിടും
മന്ദതയെല്ലാം കളഞ്ഞുരക്ഷിച്ചിടും.
അവനിയുടെയഘനിവഹമഖിലമകലിക്കുവാ
നാനന്ദമൂർത്തിയെന്നാഗമിക്കും പ്രഭോ!
അതുസപദി പറവതിനു കനിയണമതിന്നുഞാ
നാശാദരത്താൽ നമിക്കുന്നു നിൻ പദം"
ശമരകലതരുണിയുടെയപരിമിതഭക്തിയാൽ
ശാന്തിസ്വരൂപൻ പ്രസാദിച്ചു ചൊല്ലിനാൻ
"അകമലരിലനിമിഷമവിചലിതനിഷ്ഠയോ—
ടാരെഭജിപ്പുനീയായവൻ ഞാനെടോ.
തവനികടമതിലധികകുതുകമൊടു വന്നുഞാൻ
തന്നാലിനിൻപാപങ്ങളേറ്റു രക്ഷിക്കുവാൻ
ഭവതിയുടെ നിരവധികമലിനതകളാകെ നിൻ
ഭക്തിവിശ്വാസങ്ങൾ മൂലമകന്നുപോയ്"
മശിഹയുടെ തിരുവചനമുദിരനിരതൂകിടും
മംഗളധാരയാലംഗനാമൌലിയാൾ
അമൃതമയജലനിധിയിലഴകിനൊടുമേൽക്കുമേ—
ലാപ്ലാവനം ചെയ്തപോലെനിൽക്കുംവിധൌ
നിഖിലജനദുരിതപരിഹരണപരനാകുമാ
നിർമ്മലൻമന്ദംമറഞ്ഞാൻ കൃപാകുലൻ

(വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. എ.)

# 18

## ദിവ്യോത്തരീയം

അഥവാ

### ശിമോൻ എന്ന വാനപ്രസ്ഥൻ

(വെൺമതികലാഭരണനെ-എന്നരീതി.)

1 ശർമ്മമരുളുംജലനിധിക്കരയിൽവാതം
മർമ്മരമുയർത്തിയമരങ്ങളിടതിങ്ങി
നിർമ്മലശമത്തിനുടെചാരുനിലയംപോൽ
കർമ്മലമഹാമലലസിപ്പൂ, ധരയിങ്കൽ.

2 ആദിജനകന്റെ തനയന്റെരഹിതകാമൻ,
മോദിതജഗന്നിവഹൻ, ആർക്കുമഭിരാമൻ,
ഹാ!, ദിനകരാഭനതിൽവാണുബഹുധീമാൻ,
വൈദികജനാഗ്രണി, വിശുദ്ധമതി,ശീമോൻ

3 ഉന്നതകുലീനയന്നിവയിലാസ്ഥകൾകുറഞ്ഞും
കാണുമുലകിന്നരുതിചേതികളറിഞ്ഞും,
സ്ഥാണുപടി, തന്നുയിരടക്കി, ബഹുകാലം
വാണുരുതപസ്സോടതിലമ്മുനിവരേണ്യൻ.

4 ആവിധമതീന്ദ്രിയസുഖാധനിധി,ശീമോൻ
ആഃ, വിശദഭാസ്സുടയകർമ്മലയിലന്നാൾ
മേവിടവെ, വെൺകുളിർനിലാവൊളികണക്കേ
ദേവിയെഴുന്നെള്ളിമിഴിതൻവഴിയിൽമേരി.

5 പൂങ്കുഴലണികതിർ കപോലവഴി ചിന്തി--
ത്തേൻകനിയുമക്കതിയെഴുമത്തിരുമുഖശ്രീ,
വിൺകുളമതിങ്കൽ വികസിച്ചളികൾ ചൂഴും
വെൺകുവലയദ്യുതിയെ, വെന്നരുളിയന്നാൾ

6 തങ്കമണിചൂർണ്ണരുചിയാം പരിധിതന്നിൽ
തിങ്കൾപടിദിവ്യപരിവേഷഗതയായി.
തങ്കരതലത്തിലഭയത്തിനുവിളങ്ങു—
ന്നങ്കമൊടുദിച്ചരുളി, ദേവജനയിത്രി

7 ചിന്തിതഫലം തവ തപശ്രമമനന്തം
ചിന്തി, യിനിയെന്തിനഴൽ; നിന്തിരുഗളത്തിൽ
ശാന്തിയരുളും മഹിതമുദ്രയിതു മോദാ—
ലേന്തിടുക മൽസ്മരണകൾക്കൊരടയാളം.

8 ശിക്ഷയിലലഘുഫലപരിഹാരമതുചെയ്തീ-
രക്ഷയുടെമുദ്രഗതകന്മഷമണിഞ്ഞാൽ
രക്ഷകഭടതപവരണത്തിനതുസാക്ഷാ—
ല്ലക്ഷണമറിഞ്ഞിടുക, താപസവരേണ്യ!

9 തന്മനസിവായ്ക്കുമനുതാപവഴിമേന്മേൽ
കന്മഷമകന്നിതുധരിപ്പൊരുജനത്തിൽ,
നെന്മണി സുകൃഷ്ടമൃദുഭൂവിൽവിളയുംപോൽ
നന്മവരുമെൻമകനെഴുംകൃപയുമുണ്ടാം.

10 ആയതസുഷുപ്തിയുടെശേഷമതിശുദ്ധി—
ക്കായവിടെ വിശ്രുതമഹാമഹിയിൽനിന്നും
ന്യായമൊടിതേല്പവരെനാകനിലയത്തിൽ
ഞായറിനുമുൻദിനമതിങ്കലഹമേറും.

11 കർമ്മവിമുഖാംബിക, സുലക്ഷണ, സന്തോഷം
“കർമ്മല”യിലന്നവതരിച്ച തിരുനാളിൽ
കന്മഷമകന്നു ബലിപൂജകളെവാങ്ങും
ധർമ്മപരനവ്യയപുരംകരതലത്തിൽ

12 നോമ്പു ബുധ, മന്ദദിവസങ്ങളിലെടുത്തും —
ക്കാമ്പുതെളിവോർ അഭയമുദ്രയിതുപൂണ്മോർ,
കൊമ്പുവിളിയിൽശമമുയർന്നു തിരുവിണ്ണിൽ
പൂമ്പുതുമഴച്ചൊരിയലേറുവിജയിക്കും.

(കവിതിലകൻ, കെ. പി. കറുപ്പൻ.)

# 19

## ത്യാഗകിരണം

കേക.

ഭാവനാനേത്രം തുറന്നീടുവിൻ ഭ്രാതാക്കളേ
ഭവ്യനാമൊരു ത്യാഗിവര്യനെസ്സംവീക്ഷിപ്പാൻ
മുന്നിലായ്: കുരിശൊന്നിൽ തൂങ്ങിനിൽക്കുമിസ്സ്നേഹ
ത്തുന്ദിലൻ ലോകോന്നതിക്കാത്മരക്തത്തെ ചിന്നി!!
ഹൃദയം തുരന്നെത്തും മുള്ളാണിത്തലപ്പിലീ
മതിമാൻ നിജരക്താൽ കുങ്കുമദ്രവം ചാർത്തി!
സ്വാർത്ഥ, മങ്ങൊടുങ്ങാത്ത തൻ ദാഹമാററീടുവാൻ
ഓർത്തുടനൊഴുക്കിയിശ്ശുദ്ധന്റെ ചുടുരക്തം!!

ത്യാഗമേശീലിച്ചോരിബ്ഭഗവാനവയ്ക്കുതൻ
രാഗശോണിതമൊരുത്തുള്ളിയുംവയ്ക്കാതേകി!!

കാരുണ്യംതുളുമ്പീടുമായാമിഴിയെന്നേയ്ക്കുമാ-
യോരുവിൻ- അടഞ്ഞുപോയ്'ഹൃദയത്തുടിപ്പറ്റു!
കഷ്ടമേ വെയിലേററുവാടിയമൃണാളംപോൽ
ശിഷ്ടനാമവിടത്തെത്താരൊളിമങ്ങി
യെങ്കിലും-മിന്നങ്ങുമാരോമനക്കവിൾക്കുമ്പിൽ
തങ്ങുന്നു!പ്രേമത്തിന്റെനേരിയകിരണങ്ങൾ

അന്യനില്ലിതുപോലെകാരുണ്യമവിടത്തെ
ദൈന്യമാംമിഴിരണ്ടുമായതിന്നുറവത്രെ
ധൎമ്മബീജങ്ങളെങ്ങുംവിതച്ചകരവല്ലി
നിൎമ്മായമിപ്പോൾ സുഖവിശ്രമംപൂണ്ടിടുന്നു!
പ്രപഞ്ചപ്രേമത്തിന്റെമധുരാലാപംചെയ്ത
പവിഴപ്പൊളിച്ചുണ്ടുകഷ്ടമേ! ചലിക്കാതായ്!
നാകീയസൌന്ദൎയ്യത്തിൻശുഭ്രമാംപരിവേഷം
ചൂടിയിദ്ധൎമ്മാത്മാവിൻമൂൎദ്ധാവുമിന്നീടുന്നു!!

മൃതിതന്റെതണുത്തുള്ളകൈകൾതൻതലോടലാൽ
മൃതനായ് മഹൽത്യാഗിക്രിസ്തുവെങ്കിലും-നാഥൻ
ശാശ്വതപ്രേമത്തിന്റെയവ്യക്തസന്ദേശങ്ങൾ
വിശ്വത്തിലൊഴുക്കുന്നു തന്നാത്മമുരളിയാൽ

(ശ്രാമ്പിക്കൽപത്മനാഭമേനോൻ ഇടപ്പള്ളി)

# 20

# ക്രിസ്തുഭഗവാൻ
# പീലാത്തോസിന്റെ മുൻപിൽ.

---

യഹൂദന്മാരാൽ കുററം ചുമത്തപ്പെട്ടിട്ട് പീലാത്തോസിന്റെ മുൻപിൽ ഭഗവാൻ ബന്ധനസ്ഥനായി നിൽക്കുന്നു.

പിന്നെയുമാസ്ഥാനമാംശാലയിൽപീലാത്തോസു
ചെന്നുടൻയേശുവിനേവിളിച്ചു ചോദിച്ചേവം.
"നന്നോടോയഹൂദർക്കുമന്നവനാകുന്നോനീ?"
എന്നതുകേട്ടുയേശുചൊന്നാതിന്നുത്തരമായ്.
"തന്നത്താനീവണ്ണം നീ കഥിച്ചീടുന്നതാണോ
അന്യന്മാർ എന്നെക്കുറിച്ചിങ്ങനെപറഞ്ഞതോ?"
ഓതിനാൻപീലാത്തോസുമുത്തരം,"ജൂതനോഞാൻ?
ജാതിക്കാർതാവകീനർ, തഥാ, പുരോഹിതന്മാരിൽ
പ്രാധാന്യമേറുന്നോരുംനിന്നെയെന്നുടെപക്കൽ
നീതിയിലേല്പിച്ചിതു,നീചെയ്തതെന്തുചൊൽക."
മാഹാത്മ്യമേറും യേശുതാനതിനിതിചൊന്നാൻ
ഐഹികമല്ലമമരാജ്യമെന്നറിഞ്ഞാലും
ഐഹലൌകികമാണുമാമകരാജ്യമെങ്കിൽ
ദ്രോഹികളാംയഹൂദർതൻകൈയ്യിൽഞാൻപെടാതെക
ണ്ടാഹവത്തിനുമമഭൃത്യരുത്സാഹിക്കില്ലേ?
ആകയാലൈഹികമല്ലെന്നുടെ രാജ്യമിപ്പോൾ"–
ഇങ്ങനെകേട്ടശേഷംപീലാത്തോസുരചെയ്താൻ:

“അങ്ങനെയാണെന്നാകിൽതാനൊരുരാജാവല്ലോ”
ഉരചെയ്യതിനിത്ഥമുത്തരംയേശുതാനും
20 “അരചനെന്നുഭവാനുരചെയ്തീടുന്നെന്നെ.
പരമംജന്മോദ്ദേശംമാമകമതുതന്നെ
പരിചിൽ സത്യത്തിനു സാക്ഷിയായിരിക്കുവാൻ
ധരണീതലത്തിങ്കലവതീർണ്ണനമായേൻ
സത്യതൽപരന്മാരാം മർത്ത്യരെൻ വചനത്തെ
അത്യർത്ഥമാദരിച്ചു നിത്യവും ചെവിക്കൊള്ളും”
“എന്തെടാസത്യമെന്നാൽ” എന്നുചോദിച്ചുംകൊ[ണ്ടി —
ട്ടന്ധനാംപീലാത്താസുനിർഗ്ഗമിച്ചവിടുന്നു്
വെളിയിൽ യഹൂദന്മാരിരിക്കും ദിക്കിലെത്തി
29 മിളനമവരുമായ് പ്രാപിച്ചു മലിനാത്മാ.

(സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള, ബി.എ.ബി.എൽ)

---

# 21

## വൃദ്ധയുടെ രണ്ടു കാശ്

ജെറുസലം ദേവാലയ ഭണ്ഡാഗാരത്തിൽ ധനവാന്മാർ വഴിപാടുകൾ ഇടുമ്പോൾ ഒരു വിധവ രണ്ടു കാശ് ഇടുകയുണ്ടായി. ക്രിസ്തു ഈ വിധവയുടെ വഴിപാടിനെ ശ്ലാഘിച്ച കഥയാണിതിന്റെ വിഷയം.

(കേക.)

1 ജേർശലേംദേവാഗാരഭണ്ഡാരഗൃഹത്തിലാ—
ജ്ഞാതരാജർഷിക്രിസ്തുഭഗവാനെഴുന്നള്ളി,

സൌവർണ്ണനാണ്യങ്ങളാലേവരുംയാഹിൻെറതൃ-
ച്ചേവടിനീരാജനംചെയ്‌വതുതൃക്കൺപാർത്താൻ.

2 യൂദസുന്ദരിമാർതൻതിരക്കാൽഭാണ്ഡാഗാരം
ശ്രീതാവും മലർക്കന്യാ നൃത്തശാലയായ്ത്തീർന്നു.
ഭക്തിയെവിഴുങ്ങീടുംദ്രവിണോന്മാദത്തിൻെറ
ക്രൂരത്തരങ്ങെന്നായതുഭഗവാൻസംപ്രേക്ഷിച്ചു!!

3 ചേണിലങ്ങുയരുന്നമഞ്ജീരക്വണിതവും
നാണകഝണൽക്കാരഘോഷവുമനുസ്യൂതം
ആവിപശ്ചിത്തിൻകർണ്ണപുടത്തിൽസ്വവംശ്യർത
ഭാവിപര്യയത്തിൻെറനാന്ദിയായലക്കൊണ്ടു!! (ൻ

4 പീഠോപസ്ഥിതപേടംനിറയ പ്പൊൻനാണ്യങ്ങൾ
പാടലവർണ്ണാംഗിമാർകൈവാരിച്ചൊരിയവെ,
കീറമാറാപ്പിൽതങ്ങുംദാരിദ്ര്യച്ചുമടിൻെറ
ഭാരത്താൽനട്ടെല്ലേററംവളഞ്ഞുതേങ്ങിത്തേങ്ങി
പഞ്ഞപ്പാവയാമൊരുവൃദ്ധഭിക്ഷുകി,യുള്ളിൽ
പൊങ്ങിന ഭക്ത്യാവേശപ്രസംപ്രഹർഷേണ
മന്ദമണഞ്ഞുടൻതൻതുണിത്തുമ്പിൽനിന്നു
രണ്ടുചില്ലിക്കാശഴിച്ചർപ്പിച്ചാൾനിഗൂഢമായ്

5 ശബ്ദഡംബരഹീനമച്ചെറുനാണ്യങ്ങളാ—
ച്ചിത്രപേടഗർഭത്തിലിഴുകിപ്പതിക്കവെ
കൃതകൃത്യതാലോലതരംഗസംഘാതത്താൽ
നിതരാംതുടിക്കയായവൾക്കുരസിരാചക്രം.

6 അവൾതൻകാണിക്കയാംതെളിനീർകണങ്ങളാ—
ലവണാബ്ധിയിൽ വീണുമറയുന്നെന്നാകിലും

സർവ്വേശപ്രസാദമാംശുക്തിയിലവനല്ല —
വെണ്മുത്തുമണികളായ് മാറുന്നു ചിത്രം! ചിത്രം!

7 ഭക്ത്യുത്ഥബാഷ്പോദകസിക്തനേത്രയായ് വൃദ്ധ —
ഭിക്ഷുകിയർപ്പിച്ചുള്ളോരച്ചെറു കാണിക്കയാൽ
ഭാണ്ഡാഗാരത്തിലുള്ള നാണ്യങ്ങൾക്കെല്ലാററിനും
പൂർണ്ണമാംപവിത്രത ഭവിച്ചില്ലല്ലീന്നുനം?

8 കുന്ദുരുഗന്ധം.പിന്നും ധൂപപീഠത്തിൻമുമ്പിൽ
സന്നതശിരസ്കയായ് കൈക്കൂപ്പിനിലകൊള്ളും.
ആവൃദ്ധസമാർജ്ജിച്ചോരപ്പുണ്യ "പ്രസാദ"മാം
ജീവക്കോടീര വൈരക്കല്ലുകളല്ലീപാർത്താൽ
മന്ദാരകുസുമങ്ങളെന്നു നാമുൽപ്രേക്ഷിക്കും
സുന്ദരതരമായതാരകാസമായോഗം!!

9 സർവ്വവും സമീക്ഷിച്ചു പള്ളികൊണ്ടിട്ടും, കന്യാ—
പുത്രന്റെകനിവുററ കണ്ണിണത്തുമ്പിൽനിന്നും,
അത്തിരുവുടയാടപ്പാളിയിലുടൻരണ്ടു
വെൺമുത്തുപൂക്കൾപോലെയാപതിക്കുകയായീ!!

10 ദീനവത്സലനാകും, ഭഗവാൻസ്വശിഷ്യരോ —
ടാനന്ദോദ്രേകാർദ്രനായ് മൊഴിഞ്ഞാനിത്തുവണ്ണം:—
"ആവൃദ്ധമാതാവിന്റെ വഴിപാടത്രേയിന്നു
* യാവിനെല്ലാറേറക്കാളും പ്രസാദപ്രദായകം;

---

* യാവ്=യഹോവ (ദൈവം)

നിച്ചല്ലംഭിക്ഷാടനം ചെയ്തവൾ സമാൎജ്ജിച്ച
സൎവ്വകൈമുതലുമീരണ്ടു ചില്ലിക്കാശത്രെ;
ദാരിദ്ര്യാഗ്നിയിൽനീററിയെടുത്തു, ഭക്ത്യാദക —
ധാരയിൽകഴുകിയ സ്വൎണ്ണഖണ്ഡങ്ങളവ”

11 ഹാ! ശരി! – യതിൻപൊരുൾ ദൎശിപ്പാനാസിദ്ധൻെറ
ദൈവികനേത്രങ്ങൾക്കേ ശക്തിപോരുകയുള്ളു.

കെ. എം. വറുഗീസ്. ബി. ഏ.

## 22

## പുത്രദാനം.

“നെയിൻപട്ടണ”ത്തിലെ ഒരു വിധവയുടെ മകൻ മരിച്ചുപോയി. അവനെ സംസ്കരീക്കാൻ എടുത്തുകൊണ്ടു വരുമളവിൽ ക്രിസ്തുദേവൻ കാണുകയും, ആ ബാലനെ ജീവിപ്പിക്കുകയും ചെയ്ത പ്രസ്തുത കഥയെ അധികരിച്ചുത്രെ ഈ കവിത.

(കാകളി)

യേശു, ശതാധിപദാസന്നസൌഖ്യങ്ങൾ
വീശിയെഴുന്നള്ളത്തലവരൎത്ഥിയ്ക്കയാൽ!
പിറേറന്നുപോവുകയായിരുന്നു നെയിൻ —
പട്ടണത്തിങ്കലേയ്ക്കാമനോമോഹനൻ;
പാരിലെക്കൂരിരുൾ നീക്കുന്നവെട്ടത്തെ —
യാരാൽത്തുടൎന്നു പൂമ്പാററപോലാളുകൾ!
കാണാം, നഗരസദ്വാരമതാത്തുറ —
ന്നാണുകിടപ്പതിദ്ദേവനെയേൽക്കുവാൻ;

തള്ളിവരുന്നജനതതികോട്ട ത-
ന്നുള്ളിൽ നിന്നിങ്ങോട്ട—സൽക്കാരസംഘമോ?
ഇല്ലൊരുനാവനക്കങ്ങു,ളകം തിര—
തല്ലുമത്തുദ്ദരാപത്തിൻപെരുങ്കടൽ!
കണ്ണീർമുകുളങ്ങൾവാരിവാരിച്ചൊരി—
ഞ്ഞുണ്ണിതൻശീതജഡത്തെമക്ഷംവിധം,
കാന്തികുറയുംവിളക്കിൻെറ നാമ്പുപോൽ
സ്വാന്തംപൊലിഞ്ഞു, നടന്നൊരുമാനിനി!
ചേലിൽ ചിലരെടുത്തീടുമാറയോമന—
ബ്ബാലൻെറ ചൈതന്യമററതനുവൊടായ്
ഏററവിലപി,ച്ചടഞ്ഞനാദത്തിനാൽ
ക്രൂരകയാണവൾ വാത്സല്യശൈലികൾ:—
"അയ്യോ! കുമാരകാ! താതനെപ്പുകവാ—
നിയ്യോമലമ്മയെ വിട്ടു നീപോകയോ!
ആരെനിയ്യെൻെറകനകമേ!മററൊരു
ചാരുമുഖമിനിനോക്കിയടങ്ങിടാൻ...!"
പൊങ്ങിയുംതാണുമവളുടെനെഞ്ചിടി—
പ്പുങ്ങുപെരുമ്പറയൊച്ചതകക്കവേ,
ആത്മജനപ്രിയൻ ചെന്നടുക്കൽക്ഷണം—
കർത്താവിനെന്തെതിരേല്പിതിൽ കൂടുതൽ?
കല്ലുമലിയിച്ചുവാനു തിരുമൊഴി,-
യല്ലൽകളക കല്യാണി,യെന്നാദരാൽ;
മഞ്ചലിൽതൊട്ടു തലോടിമിളൽപ്രേമ—
കഞ്ചുകനപ്പൊഴേ നിന്നിതുവാഹകർ.
"ഓതിടുന്നോനഹം,കുഞ്ഞേ!എണീയ്ക്കൂ;" സം—

പൂതമാം ചിന്മയമിന്നാൽപിണരിവ.
മൃത്യുവാൽമുദ്രിതമായ രണ്ടക്ഷിയു-
മൊത്തുവിടന്റുടൻ പ്രേതക്കിടക്കയിൽ!
വാടിമറിഞ്ഞതഗളത്തണ്ടുദിവ്യത-
ക്കൂട്ടംപനീർത്തുള്ളിയേറ്റു നിവന്റുപോയ്!
വിണ്ടലവാരൊളി തൂകിയക്കൊച്ചു പൂം-
ചുണ്ടുകളാഹാ! ചലിച്ചുമന്ദേതരം!

എന്തൊരത്ഭുത, മീ മറിമായങ്ങ—
ളെന്തിലും നമ്രതയാർന്നകൈക്കുള്ളിലോ?
കൊഞ്ചിവാ മൽക്കാലദോഷവുംനീക്കുവാൻ
പിഞ്ചേ! മറിയമണിയറപ്പൈതലേ!
നൽകിവിധവയ്ക്കനന്തരം പുത്രനെ—
യുൾക്കളെമന്ദസ്മിതൻ ദൈവപുത്രനും;
ബാലരവിയെ രജനീമുഖത്തുനി-
ന്നാലോകമാതാവെടുത്തു ചുംബിക്കയായ്;
വിസ്മയഭീതനിസ്തബ്ധർ മാലോകരോ,
വിശ്വമഹത്വമറിഞ്ഞുണർന്നീടിനാർ.

(തൈക്കാട്ടു ചന്ദ്രശേഖരൻ നായർ.)

# 23

## ക്ഷമാപണം.

മഗ്ദലനമറിയ ക്രിസ്തുഭഗവാന്റെ സന്നിധിയിൽ സ്വാപരാധത്തെ സമ്മതിച്ചു ക്ഷമാപണം ചെയ്യുന്നതു്.

1 നാഥാ! തവാജ്ഞകൾ കേട്ടുനടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ്ഞാൻ.
ശാസിതാവായോനേ! സർവ്വം ക്ഷമിച്ചു തൻ—
ദാസിയെ തൃക്കാൽക്കൽനിർത്തണമേ.

2 മുട്ടുവിൻവാതിൽ തുറക്കുമെന്നങ്ങന്നു
പട്ടാംഗമായ് ചൊന്നതോർത്തുകൊണ്ടേ
താവകാനുഗ്രഹ ദ്വാരത്തിൽമുട്ടുമീ—
പ്പാവത്തിനേകു കിട്ടുൾപ്രവേശം.

3 അല്ലൽ പെരുങ്കടൽക്കല്ലോലമാലയിൽ—
ത്തെല്ലല്ലലഞ്ഞു കുഴങ്ങുന്നുഞാൻ
ഏഴയാമെന്നെക്കരേറുവാൻ മററാരു—
ണ്ടാഴിയ്ക്കുമീതെ നടന്നവനേ.

4 ലീലയാകണ്ടു വിരിപ്പാനായ്‌വഞ്ചകൻ
മേലെ വിരിച്ചിട്ടപുൽപ്പരപ്പിൽ,
മേയാനായ് ചെന്നോരുപെൺമാൻനിരാലംബ—
യായിതാ വീണുപോയ്‌മൃത്യുക്കുഴിയിൽ.

5 തേന്മൊഴിയാളിത്തു ചൊന്നതോടൊപ്പമേ
തേങ്ങിക്കരഞ്ഞുപോയ് തെല്ലുനേരം.

അഞ്ചാഷ്ടവർഷത്തിലീശന്റെ ഹൃൽസര--
സ്സൽപൂർണ്ണമായി കൃപാമൃതത്താൽ

6 ചെയ്യരുതാത്തതു ചെയ്തവളെങ്കിലു—
മീയെന്നെത്തള്ളൊല്ലേ തമ്പുരാനെ!
തീയിനെപ്പോലും തണുപ്പിയ്ക്കുമിപ്പൊൻതൃ—
ക്കയ്യിനാൽ തീണ്ടവളല്ലോഞാനും.

7 ദുഷ്ടപ്പരുന്തിന്റെ വായിൽനിന്നിഗ്ഗതി—
കെട്ടകപൊതിയെ ദീനബന്ധോ!
അഞ്ജസാവീണ്ടെടുത്തെൻ തിരുമേനിതൻ—
പഞ്ജരം തന്നിലണയ്ക്കേണമേ.

8 സാത്വിക ഭക്തിയാംതേൻപെറുമിവക—
പ്രാർത്ഥനാവാക്കുകളായ പൂക്കൾ
ദന്തകുന്ദാഭയാം വെൺപട്ടുനൂലിന്മേൽ—
ച്ചന്തത്തിൽ കോർത്തൊരുമാലയാക്കി
“വിണ്ണിൻപെരുമാൾ തൻമുന്നിൽസമർപ്പിച്ചു—
ദണ്ഡനമസ്കാരം ചെയ്തുവീണ്ടും.”

(മഹാകവി. വള്ളത്തോൾ)

(മഗ്ദലനമറിയം എന്ന ഗ്രന്ഥത്തിൽ നിന്നു്)

# 24

# അപരാധിനി.

അപരാധിനിയായ ഒരു സ്ത്രീയെ ക്രിസ്തുഭഗവാന്റെ സന്നിധിയിൽ ജനങ്ങൾ കൊണ്ടുചെല്ലുന്നതു്.

ആയിരക്കണക്കിനു ജീസസ്സിൻ തിരുമുമ്പി—
ലാഗതരായീ വീണ്ടുമപ്പുരവാസീജനം.
തൃക്കാൽക്കു ചെർച്ചിക്കുവാൻ കൊണ്ടുവന്നിട്ടുണ്ടവ—
രെത്രയും വിചിത്രമായുള്ളൊരുപൂജാദ്രവ്യം
ഭക്തിയിൽ ഹൃദയങ്ങളർപ്പിച്ചു കൈക്കൂപ്പുവാ—
നെത്തിയതല്ലതെല്ലുമിക്കണ്ടജനാവലി.
അദ്ദിവ്യപാദങ്ങളിൽ കാഴ്ചവയ്ക്കുവാനായി
കിട്ടിയതവർക്കൊരു വാരനാരിയെമാത്രം.
അർദ്ധനഗ്നയായ് നിൽക്കുമവളെച്ചൂണ്ടിക്കാട്ടി—
യുച്ചത്തിലിതേവിധം ചൊല്ലിനാനതിലൊരാൾ.

*   *   *   *

*   *   *   *

പാതിവ്രത്യത്തെവിററു വാണിഭം നടത്തുമീ—
പ്പാതകിക്കെന്തുശിക്ഷ നൽകിയാൽ മതിയാകും?
കല്യനാം മോസസ്സിന്റെ നിയമം ശാസിപ്പതു
കല്ലെറിഞ്ഞീവേശ്യയെ കൊല്ലണമെന്നു തന്നെ
നഗ്നമാമിപ്പാതകമർഹിപ്പതതിൽ നിന്നു—
മൊട്ടുമേ കുറഞ്ഞുള്ള ശിക്ഷയായിരിക്കില്ല.
ജീസസ്സേ! ഭവാനുടെ നീതിശാസ്ത്രത്തിലിതും

കേവലം ക്ഷന്തവ്യമായുള്ളോരു പാപംതാനോ?
നിർവ്വികാരനായതിന്നുത്തരമിതേവിധം
സർവ്വലോകേശസൂനു ചൊല്ലിനാൻ സ്പഷ്ടാക്ഷരം.
"ഇല്ലസംശയം, നിങ്ങൾ ചൊല്ലിയ ശിക്ഷാവിധി
നല്ലതുതന്നെ—പക്ഷേയൊന്നുണ്ടു സൂക്ഷിക്കുവാൻ
തെല്ലുമേപാപം ചെയ്യാത്തുള്ളോരാളിക്കൂട്ടത്തി—
ലുണ്ടെങ്കിലൊന്നാമത്തെ കല്ലയാളെറിയട്ടെ."
ഇരുകയ്യിലും പാറച്ചില്ലുകൾ വാരിക്കൊണ്ടു
ഗണികാസംഹാരത്തിന്നോടിയെത്തിയ ക്രൂരർ
മെല്ലവേനിരാശരായ് പിന്തിരിഞ്ഞൊന്നാമത്തെ-
ക്കല്ലെറിഞ്ഞീടാനായിട്ടാരുമില്ലായ്കമൂലം!
നാലഞ്ചുനിമേഷത്തിന്നുള്ളിലാ, രംഗത്തു നി—
ന്നാളുകളൊന്നൊന്നായിട്ടാകവേ, യകന്നപ്പോൾ.
പാവനപ്രേമത്തിന്റെ നിസ്തുലാവതാരവും
വേപഥുപൂണ്ടുനിൽക്കും വേശ്യയും മാത്രമായി.
ആനതാനനയായി നിന്നിടുമവളോടാ—
യാദരസമന്വിതം ചൊല്ലിനാൻ ജീസസ്സേവം:
"പോവുക സഹോദരീ! മേലിലെങ്കിലുംപാപ—
ഹീനയായ് ജീവിക്കുവാൻനിഷ്ഠവച്ചാകിൽപോരും'

[പന്തളം കെ. പി. രാമൻ പിള്ള ബി. ഏ.]

# 25

## ദുർവ്യയി.

---

യേശുഭഗവാൻ ദുർവ്യയിയായ ഒരു യുവാവിനെക്കുറിച്ചു അർത്ഥഗർഭമായ ഒരു ദൃഷ്ടാന്തകഥപറയുന്നു.

1.

ഇരുളും വെളിച്ചവും ഒരുപോൽകൈക്കൊണ്ടുകൊ—
ണ്ടിരുളും കാലത്തിന്റെപൊരുളൊന്നറിയാഞ്ഞോ,
പാതിരിപ്പൂവിൻ മണം പാരിച്ചോരിളംകാറ്റായ്
പാരിന്റെനെടുവീർപ്പൊന്നന്തിയിൽപ്പുറപ്പെട്ടു.
വേനലിൻകഠോരമാം ചൂടുകൊണ്ടുണങ്ങിയ
കാനനങ്ങളിലൊന്നിലന്നേരമൊരുപുമാൻ
ഭൂതകാലത്തിൻകശാഘാതത്താൽകുതിയ്ക്കുന്ന
ചേതസ്സിന്നടിമയായ് നിശ്ചലമിരിക്കുന്നു
ദുർഘടമപ്പോൾ പൂർവ്വജീവിതമഹാപാപ—
ദൃശ്യങ്ങളവൻ കണ്ടുകണ്ടേറ്റംനടുങ്ങിപ്പോയ്

2.

ചെട്ടത്തംകൊണ്ടുമാത്രമമ്മയെന്നിനയ്ക്കാതെ
ചേട്ടനെഗ്ഗണിക്കാതെതാതനെപ്പേടിക്കാതെ
വീട്ടിലെമുതലെല്ലാംപങ്കിട്ടുവാങ്ങി സ്വന്തം
നാട്ടിൽനിന്നോടിപ്പോന്നു നാടോടിയായിപ്പിന്നെ,
ദുർവ്യയംകൊണ്ടുംദുരാചാരങ്ങൾകൊണ്ടും നിജ—
ദ്രവ്യവുംചാരിത്രവുംനിശ്ശേഷം നശിക്കവേ,
അല്ലലോടൊരുപൌരമുഖ്യനെസ്സേവിച്ചവൻ
ചൊല്ലുന്നപടിപന്നിമേയ്ക്കലാം പണിയുമായ്

ജീവചൈതന്യലേശമില്ലാതെയലയുന്ന—
പാവമാമൊരുവനാണക്കാട്ടിൽകാണുംപുമാൻ.

3.

പട്ടിണികിടന്നേറെപ്പാടുപെട്ടവനൊരു
പട്ടടയെന്നപോലെ പാരിടംവെറുത്തുപോയ്
മന്ദമന്നിശാമുഖംത്തുപ്പിയൊരിരുളിന്റെ
കന്ദങ്ങൾപോലെയുള്ളപന്നികൾനിശ്ശേഷവും
അന്നന്നുതാനാർജ്ജിച്ചോരയശസ്സുകളെല്ലാ—
മൊന്നൊന്നായ് പിറന്നതാണെന്നവൻ വിചാരിച്ചു.
അവശമിരക്കുമ്പോൾകാലികൾതിന്നീടുന്നൊ–
രവരപോലുമവനാരുമേകൊടുത്തില്ല.
അല്ലലീവിധംതന്റെതാതന്റെകൂലിക്കാർക്കു
മില്ലെന്നാപരമാർത്ഥമന്നവനറിവായി.

4.

ഒട്ടുനാൾക്കുള്ളിലവനുറച്ചു മറുനാടു
വിട്ടുതൻവീട്ടിലേയ്ക്കു മന്ദമന്ദമായ്ചെന്നാൻ.
ദൂരത്തുനിന്നേകണ്ടു പുത്രനെപ്പിതാവുടൻ
ചാരത്തുചെന്നുപുണർന്നാദരാൽകൊണ്ടുപോന്നു.
എത്രയോനാളായ്തന്നെ പിരിഞ്ഞുകഴിഞ്ഞോരു
പുത്രനെക്കണ്ടെത്തിയനല്ലൊരുനാളാകയാൽ
ഉത്സവംകൊണ്ടാടേണമെന്നായഗ്ഗൃഹനാഥ—
നുത്സാഹപൂർവ്വംകല്പിച്ചതിനാൽബ്ഭൃത്യവർഗ്ഗം
ഭേരികൾമുഴക്കുന്നു, സദ്യയ്ക്കായൊരുക്കുന്നു
ഭൂരിസൗഭഗംഗൃഹമുദ്വേലകോലാഹലം.

5.

അന്നേരംവയലിൽനിന്നെത്തിനാൻജ്യേഷ്ഠപുത്ര —
നിന്നെന്തുവിശേഷമെന്നാരാഞ്ഞുഗൃഹത്തിങ്കൽ
വാൎത്തകളറിഞ്ഞപ്പോൾകോപിച്ചാൻപിതാവുട —
നെത്രയുമനുനയിച്ചിത്തരമുരചെയ്തു
"മകനേ! നീയെന്നുമെൻകൂടെയല്ലയോ; തെല്ലു
മകമേനിന്നിലെൻറവാത്സല്യം കുറയുമോ?
ആടൊന്നുകൂട്ടംവിട്ടുപോവുകിലിടയനു —
ള്ളാടലെന്തത്ര പിന്നെക്കൈവന്നാൽപ്രമോദവും.
ആവിധം തന്നെ നമ്മെ വിട്ടനിൻകനിഷ്ഠനെ
ദൈവത്താൽക്കണ്ടെത്തുമ്പോളുത്സവമല്ലീവേണ്ടൂ?"

(കുററിപ്പുറത്തു കേശവൻ നായർ.)

# 26

# ഭവിഷ്യയായവളരോഗിണിയായി

രക്തസ്രവബാധിതയായ ഒരു സ്ത്രീരത്നം ക്രിസ്തുവിൻെറ വസ്ത്രാഗ്രസ്പർശനത്താൽ സുഖപ്പെടുന്നതു്

(അന്നനട.)

അനുയാതതാരാസഹസ്രസേവിത —
നനഘനിശാചരസുതസുധാകരൻ
തപനതപ്തമാമണൽപ്പെരുവഴി
തന്നുരശ്മിയാൽതണുപ്പിച്ചീടുന്നു

ത്രിലോകബന്ധുവെത്തിരഞ്ഞണയുവാൻ
തിരിച്ചുനിങ്ങൾക്കതികച്ചുംമംഗളം
ശരന്നിലാവിൽതാൻനടപ്പുനാമെന്നാ-
നരസമൂഹത്തിൽമുഖഭാവംചൊൽവൂ
സുഖാസുഖങ്ങളാംമനസ്സങ്കല്പത്തിൻ
പ്രകാരഭേദമേജഗത്തിതിലോർത്താൽ
ഭഗവാനോടൊത്തുനടപ്പോർക്കുണ്ടാമോ
ഭവാതപംപോലുംപുനരിതെന്നുവാൻ?
പവനനീയെന്തേപതുങ്ങിനിൽപ്പതാ-
പദാബ്ജവാസനാവിഭവമേൽക്കാതോ?
പരമേശസേവാരതനഥവാനീ
പരിചിലീശനെപ്പുല്കുകൈവീശാനോ?
അതാവഴിയോരത്തരിയപൂങ്കിണ്ണം
ലതാനതാംഗിമാർവഹിച്ചുനിൽക്കുന്നു.
അടിയറവെയ്ക്കാൻമകരന്ദദ്രവ-
മതിലവർചെമ്മേനിറച്ചിരിക്കുന്നു.
ഫലഭരാനമ്രശിരസ്സോടുംകൂപ്പി-
ച്ചിലമരങ്ങളുമവിടെക്കാണുന്നു.
പുരുഷാരംതിക്കിത്തിരക്കുംവീഥിയിൽ
നവംതീർത്ഥപാദൻനടന്നാൻമുന്നാകം.
എവിടെവിടെയാപദങ്ങൾവെച്ചിത-
ങ്ങവിടവിടെനൽപവിത്രതക്കൂടി.
എവിടെവിടെയാതിരുമിഴിചെന്നി-
തവിടവിടെയാപ്രശാന്തിയുംചെന്നു.
ഗദപിശാചുററിനിരന്തരംചോര

മദമോടേകുടിച്ചിട്ടകമൂലമായ്
തുലോംദയനീയനിലയിലസ്ഥിയും
തൊലിയുംമാത്രമായ് ഭവിച്ചൊരുനാരി
ഭയസങ്കോചങ്ങളിയന്നുതച്ഛിഷ്യ-
ചയത്തൊടൊന്നിച്ചുനടന്നിരുന്നതേ,
അനുകമ്പാർദ്രനാംഭഗവാന്റെമുന്നി-
ലണവാനുംതുലോം അശക്തമാംവിധം
അവൾക്കെഴുംപാപച്ചുമടിനുഭാര-
മനല്പമെന്നവൾസ്വയംവിഷാദിച്ചാൾ
പരിഹാരാർഹമല്ലുഴൽനിജമെന്നാ-
സുരദ്രുമൂലസ്ഥദരിദ്രനോർമ്മിപ്പൂ!
പരുങ്ങുന്നുസ്വയമിരുട്ടുസൂര്യന്റെ
തിരുമുമ്പിൽചെന്നുസ്വദുഃഖമോതാനും
പറഞ്ഞാൽപിന്നൊന്നീയിരുളല്ലജ്യോതി-
ഷ്കിരണൻനിന്നെയുംപ്രകാശമായ്മാററും.
വിലക്കിനിർത്തുമോഭഗവച്ഛിഷ്യരെ-
ന്നലച്ചിലുള്ളത്തിലവൾവഹിക്കുന്നു.
ധനപ്രമത്തനാംപ്രഭുവല്ലമന്നിൽ
ജനപ്രിയങ്കരൻപരമേശനല്ലോ
തിരുമെയ്യിലൊന്നുതൊടുന്നാപക്ഷവും
വരുംനിജാതങ്കശമനമെന്നവൾ
ഉറച്ചുവിശ്വാസമിയന്നിതുപക്ഷേ-
ഉറപ്പതിന്നുമവൾക്കുണ്ടായീല
സ്വസങ്കടപരിഹരണാർത്ഥമവൾ
സസംഭ്രമംപിന്നിലണഞ്ഞുസത്വരം
ഭഗവദ്വസ്ത്രത്തിൻപൊടിപ്പിൽകൈവെച്ചാൾ

ഭവികത്തിൻതൃക്കാൽതലയ്ക്കലെന്നോണം
വിറയ്ക്കയായ് കൈത്തണ്ടവാം കടലിങ്കൽ
നിറയ്ക്കയായ് തൂലോംപുളകമാസ്പർശം
സ്രവിക്കയായ് ശക്തിഭഗവാനിൽനിന്നു-
ഭവിയ്ക്കയായവളരോഗിണിയായി.
രജനിസങ്കടമുണർത്താതെതന്നെ
രവിയവളുടെതമസ്സൊഴിക്കുന്നു.
ഉടലണിവസ്ത്രമിതിന്നുമുണ്ടിത്ര—
യ്ക്കുദാരമാം ശക്തിസമൂഹമെന്നാകിൽ
ഉടയോനേക്രിസ്തോ! തവശക്തിയ്ക്കതി—
രുരയ്ക്കാമോ എന്നായവാംനിരൂപിപ്പൂ
മറിയതൻമഞ്ജുമണിപ്പെട്ടതൽപ്പെട്ടെ—
ന്നറിഞ്ഞു തൻശക്തിസ്രവണംസർവ്വജ്ഞൻ
തിരിച്ചുനോക്കിനാൻ തിരുച്ചെന്താരൊളി—
തിരളും തന്മുഖം കരുണാർദ്രാശയൻ
അതിൽനിന്നിങ്ങനെ മധുമധുരമായ്
ശ്രുതിപൂകിശിഷ്യർക്കൊരുചെറുചോദ്യം.
മമാംബരസ്പർശമിവിടെയാർചെയ്തു—
മഹാഗതാമയവിമുക്തിനേടിയോ?
പരിഭ്രമിച്ചിട്ടം തരുണിതൻനില
പരസ്യമാക്കിയാപരമാത്മം വേഗം
കൃപാലയൻദേവനരുളിനാൻ വീണ്ടം
"അപാരമാംതവവിമലവിശ്വാസം
പ്രിയസുതേനിനക്കരുളിമംഗളം
സ്വയമതിനെത്താനവലംബിയ്ക്കുനീ!"
അശ്രുധരെ ശുദ്ധിപ്പെടുത്തുകയാണി—

ജ്ഞവതാരോദ്ദേശമസംശയം ശുഭേ!
അറുകപടംതാൻ വിശുദ്ധാരക്ഷണം
അതക്കുന്നുകാട്ടം മെഴുത്തിരിമാത്രം!

[സി. എൻ. നാരായണപിള്ള കാവാലം.]

# 27

## ചക്ഷുഷ്മാനാക്കപ്പെട്ടു.

ക്രിസ്തു ബർതിമായി എന്നു പേരുള്ള ഒരു ഭിക്ഷുവിന്ന് ആന്ധ്യ പരിഹാരം ചെയ്യുന്നതു്.

i

എന്താണിക്കേൾക്കുന്ന തംബുധിതന്നുടെ
ഗംഭീരധീരമാം ധ്വാനംപോലെ,
സന്തപ്തമാകിയൊരിപ്പ്രദേശത്തിൻെറ
സന്താപംതീർക്കുവാൻ പാൽക്കടൽതാൻ
തൂവെള്ളയായുള്ള തൻതരംഗങ്ങളാൽ
പാവനമാക്കിക്കൊണ്ടെത്തീടുന്നോ?
പാശ്ചാത്യദേശത്തെപ്പാവനമാക്കുന്ന
സ്വച്ഛമാം ജ്ഞാനഗംഗാപ്രവാഹം
തന്നന്തേവാസികളാകുമലകളോ—
ടൊന്നിച്ചുവന്നു കളൂർപ്പിക്കുന്നോ?
നക്ഷത്രമാലകൾ ചൂഴററചന്ദ്രൻതാ—
നിക്ഷിതി തന്നിലവതരിച്ചോ?
സാത്വികതേജസ്സിൻ ശ്രീദിവ്യവിഗ്രഹം
താത്വികജ്ഞാനത്തിൻ പുണ്യമൂർത്തി

നിന്മുന്നിലുണ്ടിതാ വന്നുനിന്നീടുന്നു
കൺതുറന്നീക്ഷിക്കു, സോദര!നീ.
ലോകത്തിൻ കൺതുറപ്പിക്കുവാൻവന്നവൻ
നിൻകൺതുറപ്പിക്കയില്ലയെന്നോ?
ഭൂതാനുകമ്പാർദ്രമാകിയ നേത്രാബ്ജം,
പൂതമാംപ്രേമാർദ്ര പുഷ്പഹാസം.
വിജ്ഞാനചന്ദ്രാഭ വിസ്തൃതശ്രീഫാലം
വിദ്യാദീപോൽഗഹ്വരധൂമകേശം.
നിഷ്കാമകർമ്മത്തിൻ മാനദണ്ഡങ്ങളാ—
മക്കൈകളാജ്ഞാനുലംബികളും,
ഏതൊരുതാപവും താങ്ങുവാൻകെല്പാന്ന
ശ്രീതേടും വിസ്തീർണ്ണമാർവ്വിടവും,
സാത്വികതേജസ്സു പോലുള്ളതൂവെള്ള-
ക്കഞ്ചുകം പാദാഗ്രലംബമാനം,
ആരേയുമാകർഷിച്ചീടുന്നോരീവിധം
ചാരുത്വം ചാർത്തിനദിവ്യരൂപം
കോൾമയിർ കൊള്ളിപ്പൂസർവ്വാംഗംകണ്ടുമോ
പ്രേമത്താൽ ഗൽഗദമാക്കിടുന്നു.
ആനന്ദബാഷ്പാർദ്രമാക്കുന്നുലോചനം
മാനസം സംതൃപ്തമാക്കിടുന്നു.
കൈതൊഴാം ലോകത്തിൻ കർത്താവെ!കർത്താവെ!
കൈതൊഴാംകാരുണ്യ പൂർണ്ണാത്മാവേ!
പുണ്യമാംസൗരഭ്യം താങ്ങിയെടുത്തുകൊ—
ണ്ടുണ്ണിത്താർത്തെന്നൽ നടന്നുമുന്നിൽ,
പച്ചക്കുടപിടിച്ചർച്ചിച്ചു പൂക്കളാൽ
സച്ചിത്സ്വരൂപനെ വൃക്ഷവൃന്ദം,

തോരണമാലകൾ പാർശ്വങ്ങൾരണ്ടിലും
പാരിന്നധീശനെ വീശിനില്ലെ.
പൂക്കളുമെമ്പാടും വർഷിച്ചാർഭക്തന്മാ—
രക്കൃഷ്ണമൂർത്തിയെമാഥുരർപോൽ
അദ്ദിവ്യചന്ദ്രൻെറദർശനമാത്രത്താ—
ലദ്ദേശംതാമരമൊട്ടുകളാൽ
അർച്ചനചെയ്യുവാനെന്നപോൽ പൂർണ്ണമായ്
നിശ്ചലഹൃഷ്ടമായ് നിന്നിമേഷം
"ആരാണിപ്പോകുന്നതോതണെധന്യരെ!
പാരിലെപുണ്യവാന്മാരെ നിങ്ങൾ"
ഉത്തരം ചോദ്യമൊന്നാകാശംപററിപ്പോ—
യുത്തരമോതുവാനാരുമില്ല.
വീണ്ടുമച്ചോദ്യംതാൻഹൃത്തട്ടുഭേദിച്ചു
വിണ്ടലത്തോളമുയൻദീനം.
ഉത്തരമൊന്നുണ്ടായ് —"ശ്രീനസറേത്തിലെ
യുത്തമപൂരുഷൻ യേശുദേവൻ"
അപ്പാവംകോൾമയിരോടൊത്തെഴുന്നേററാ—
നൾപ്പൂവിൽഭക്തിയുംകണ്ണുനീരും
കണ്ഠത്തിൽബാഷ്പത്താൽ ഗൽഗദനാദവു—
മുണ്ടായി, കൈക്കുമ്പിൾ നീട്ടിച്ചൊന്നാൻ
"യേശുവേ! ദാവീദുപുത്ര! ദയാത്മാവേ,
ക്ലേശാത്തനിൽകൃപതോന്നിടേണം
കൺരണ്ടുംകാണാത്തപാപിയാമേഴയെ
കൺകോണാൽവീക്ഷിച്ചുരക്ഷിച്ചാലും"
മുമ്പിൽനടക്കുന്നസമ്പത്തിൻപ്രാഭവം
മിണ്ടാതിരിക്കുവാൻ കല്പിക്കവേ,

വീണ്ടുമസ്സാധുവിൻഹൃത്തട്ടിൻപ്രാൎത്ഥന
വിണ്ടലംകോൾമയിർക്കൊള്ളിപ്പിച്ചു
"പോകൊല്ലെ,പോകൊല്ലെപാപിയാമേഴയെ
നാകത്തിൻനാഥാ! നീ കൈവിടൊല്ലേ!
അച്ഛനമമ്മയുമില്ലാത്തോരന്ധൻഞാ—
നച്ഛനായുള്ളോനെ! രക്ഷിച്ചാലും
ലോകത്തിലെല്ലാരും കൈവെടിഞ്ഞുള്ളോരീ
ശോകൈകഭാജനംപങ്കപൂൎണ്ണം
അങ്ങല്ലാതാരുള്ളൂ ദിവ്യദയാത്മക!
താങ്ങലായ്ക്കാവിതമാക്കുവാനായ്?
പാൎക്കുവാനാകാത്തോരേഴയാം പാപിയെ
പ്പാൎക്കുവാൻ പാൎക്കൃപതോന്നിടേണേ!"
ദീനദയാലുവാം ദേവൻെറ പാദാബ്ജം
ദീനൻതൻപ്രാൎത്ഥനാമാലകെട്ടി,
കൊട്ടാരക്കെട്ടകൾ കാത്തുനിന്നീടവേ
പെട്ടെന്നീപ്പാവത്തെ പാൎത്താൻദേവൻ.
"ആരത്? തന്മുന്നിൽ കൊണ്ടുവന്നീടുകെ–"
ന്നാരോമൽ ശിഷ്യനോടാജ്ഞാപിച്ചു.

* * *

* * *

"നാഥനില്ലാത്തവനായി വസിക്കും ഞാൻ
നാഥ! സനാതനയേശുദേവ!
താവൽപാണിശില്പമാം ലോകത്തിൻ സൗന്ദൎയ്യ
മല്പത്തി തൊട്ടേഞാൻ കണ്ടിട്ടില്ല"

ആദ്യമായ് നാഥ!മെത്വദ്വക്ത്രസ്വർണ്ണാബ്ജ
മുദ്വീക്ഷിച്ചീടുവാനാജ്ഞനൽകുക.
പാപമാം പാഴ്കുണ്ടിൽ വീണന്ധനായേൻഞാൻ
പാവനാത്മാവാൽ സമുദ്ധൃതനായ്
ഭുവിങ്കൽ ഭാവൽക വൈഭവം പാടുവാൻ
കൈവെച്ചനുഗ്രഹിച്ചീടുകെന്നോ"
എന്നാന്തവാഹിനിയായ സരസ്വതി
നിന്നപ്പോൾ രോമാഞ്ച ബാഷ്പക്ലിഷ്ടൻ
ദണ്ഡംപോൽദേശികപാദസരോജത്തിൽ
ദണ്ഡംവിട്ടുധന്യൻ വീണുകേണു
"സോദരപോരും നിൻമേദുരസന്താപം
കാതര്യം വിട്ടുനീ ധീരനാക.
ഭാവൽകവിശ്വാസംഭാവിയിലെന്നെന്നും
ഭാവുകംനൽകീടുംഭാഗ്യഭ്രമൻ,
മർത്ത്യന്നമർത്ത്യതയേകുന്നുവിശ്വാസം
സത്യാന്വേഷണത്തിൻരത്നദീപം
വിശ്വാസമൊന്നിൽത്താൻവിശ്വംപ്രതിഷ്ഠിതം
വിശ്വാസഹീനനോവിശ്വഹീനൻ
ഇന്നുനിൻവിശ്വാസംകാഴ്ച നിനക്കേകി
മന്നിലീവിശ്വാസം ചിന്താരത്നം.
ആരാർക്കുനൽകുന്നുലോകത്തിലെന്തേതെ
ന്നോരുകതന്നാൽത്താനെല്ലാമെന്നായ്,
സന്താപമാകുംചെന്തീയിലുരുകിനിൻ
സ്വാന്തമാംനൽത്തങ്കംനിർമ്മലമായ്
ഉന്നതനിർമ്മലചിന്താസുമങ്ങളാൽ

തന്നന്തൎയ്യാമിയെപൂജിച്ചാലും,
ദുർവ്വാസനാവാസിതാന്തഃകരണനായ്
നിൎവ്വിണ്ണനാകൊലാമേലിലെന്നും,
വേദത്തിൻതൂമണംവീശുന്നവക്ത്രാബ്ജം
സ്വാദൂപനിഷൽത്തേൻതുള്ളിതൂകി.
ക്ലേശത്തെക്കൂസാതെ,ഭീരുതതീണ്ടാതെ,
വിശ്രമമൃത്യുവിൽമാഴ്കിടാതെ
ലോകാനുഗ്രഹത്തിനായിട്ടസത്യത്തെ
യേകാന്തസ്വാന്തനായന്വേഷിക്കൂ,"
ഇദ്ധൃതരാഷ്ട്രനീശ്രീകൃഷ്ണമൂൎത്തിയാൽ
ശുദ്ധാത്മാ ചക്ഷുഷ്മാനാക്കപ്പെട്ടു.
അപ്പുറംദൃഷ്ടിതാൻപ്രാൎത്ഥിച്ചപാവത്തി-
നപ്പുരുഷോത്തമൻസ്നേഹരൂപൻ
ആന്തരമാകിയദൃഷ്ടിയുമേകിനാ-
നന്തമററാകൃപകൈതൊഴുന്നേൻ

എം. ദാമോദരൻ നമ്പ്യാർ വ്യാകരണ ഭൂഷണം. തൃപ്പൂണിത്തുറ

# 28

## സാത്താന്റെ പ്രലോഭനം.

**തന്നെ വണങ്ങുന്നതായാൽ ഭൂലോകം മുഴുവൻ ക്രിസ്തുവിനു നൽകാമെന്നു സാത്താൻ പറയുന്ന ഭാഗം.**

സാത്താൻ പറയുന്നു:

ഇന്നമ്മൾനിൽക്കുന്നതെങ്ങെന്നറിഞ്ഞുവോ
പിന്നിട്ടുപോന്നനാംദൈവാലയം,

ഉന്നതംകുന്നിതുന്നമ്മൾനിൽക്കുന്നതോ
കുന്നിന്റെമദ്ധ്യസ്ഥമായതത്രെ.
പോന്നതുംനിന്നതുംമാത്രമാത്രത്തിലാ-
ണെന്നതുമിന്നിവൻസാധിച്ചതാം,
പ്രാഭവംമാമകംചർച്ചചെയ്യായ്കിലോ
വൻഭാവനങ്ങൾനീസാധിക്കുമോ?
കാണുകരോമകസാമ്രാജ്യമെങ്ങുമെൻ
ത്രാണിയിൻരശ്മിപരന്നപോലെ
രാജതരേഖയായ്ഭ്രമിതൻഭ്രഷ്ടയായ്
ഉജ്ജ്വലമാംനദികാണുന്നുവോ?
തങ്കപ്പളുങ്കുകൾതിങ്ങിവിളങ്ങിഭൃ-
മങ്കതാൻകെട്ടിയബെൽറ്റുപോലെ
തീരങ്ങൾരണ്ടുണ്ടുലക്ഷ്മീഗൃഹമൊത്ത
പാരിച്ചവൃദ്ധിക്കുകേന്ദ്രമായി
വൃക്ഷങ്ങൾതിങ്ങിയുംസസ്യങ്ങളേറിയും
സ്വച്ഛമാംപച്ചയാംപട്ടുപോലെ
ദൂരത്തുകാണുന്നുരോമകംപട്ടണം
നേരെയിനിൽക്കാഗന്ധർവനാട്ടം.
കാമങ്ങളൊക്കെയുംകൈവന്നുകേറിയ
കേമമീരോമകംസുപ്രസിദ്ധം
ആശകൾനാലിലുംനിന്നിതാപോരുന്ന
പേശലപാതകളൊട്ടനേകം,
പാമ്പുകൾപോതിലെപൂകിനപോലെയു-
മമ്പുകാംവെമ്പിടുംരീതിയായും,
സ്വർണ്ണസന്മണ്ഡിതസ്ഫാടികമേടകൾ
കീർണ്ണമായ്കാണുകരത്നങ്ങളാൽ

ധാത്തുപൂർണ്ണങ്ങളാംമസ്തകപ്രൗഢിയോ-
ടദ്രിരാജാവുതാൻവന്നുചേർന്നോ?
രത്നങ്ങളൊക്കെയുംകാണുമാറാകുവാൻ
വാർന്നിധിവററിയോവാനവേന്ദ്രാ?
പുഷ്ടസൗധങ്ങളാംവീചികൾവാച്ചൊരു
പട്ടണംക്ഷുബ്ധമാമബ്ധിതാനോ?
ലക്ഷ്മീതാൻനിത്യവുംനർത്തനംചെയ്യുന്ന
വേശ്മങ്ങൾലക്ഷങ്ങൾരശ്മിപോലെ,
ആപണവാപികളങ്കണശ്രേണിയും
രാവണപാലിതലങ്കപോലെ
ചാരുസദ്രൂപരാം പൗരരാമൊട്ടേടം
താരങ്ങൾതാഴത്തുവീണതല്ല.
തെരുകളോടുന്നനീരൊഴുക്കല്ലവ
തോരണപംക്തിതരംഗമല്ല,
സുന്ദരിമാരവർമന്ദംനടക്കുന്ന
പൊന്നാണിപ്പൂക്കൾകുലുങ്ങുകല്ല
കേശംമറച്ചതാം നെററിത്തടങ്ങളാ-
കാശത്തുകാറണിച്ചന്ദ്രനല്ല.
ആരവംകേൾപ്പതുമേഘത്തിലല്ലതോ
പൂരുഷകേസരികണ്ഠഘോഷം
കുന്തമെടുത്തവർയോധവീരന്മാരാം
കൊമ്പുകൾപൂണ്ടനക്രങ്ങളല്ല.
ആഴിക്കകത്തുള്ള വേഷങ്ങളൊക്കെയും
തോഴ! നീ കാണുകീരോമകത്തിൽ.
പാർസ്യരും സ്വാന്ത്യരുമെത്തിയോപ്പീയർ പി--
ററാസ്യരാം ഭാസുരാകാരരായോർ

ഉഷ്ട്രങ്ങളാനകൾ വാജിവൃന്ദങ്ങളും
ദംഷ്ട്രകൾകാട്ടിടുംഹിംസ്രസത്വം
ഗർജ്ജനംചെയ്യുന്നമേഘമാലഗർജ്ജനം
തർജ്ജനംചെയ്യുന്നപോലെയെങ്ങും,
ഏറുന്നപട്ടാളം പോരുന്നപട്ടാളം
കേറിക്കിടന്നകടൽക്കോളിതാം
ലോകനിയാമകൻതിബേറിയോസനാം
ഏകഛത്രാധിപൻചക്രവർത്തി
തത്രതാൻവാഴുന്നലോകംവിറയ്ക്കുന്ന
എത്രതാൻപ്രാഭവംനീയറിഞ്ഞോ?
ആഫ്രിക്കയിസ്പാന്യ, ആന്ത്യയുംപിന്നെയ—
ദ്ദൂരത്തിലായുള്ള ഭാരതവും
ബാബിലോൻനീനവശ്ശൂശംഫലസ്തീനം
പ്രാബല്യമാണ്ടുള്ളോരാസീറ്യയും
ഒക്കെക്കലുങ്ങുന്ന കൊട്ടാരമായതിൻ
മുഷ്ക്കാണ്ടമന്നവൻമൂളിയെന്നാൽ
രോമകം വിസ്തൃതസാമ്രാജ്യമൊക്കെയും
മാമകംസ്വാമിഞാനായതിന്റെ,
അഗ്നിനിവാസികൾ വായുവിൻനായകർ
മഗ്നരാംനീററിലേത്തേവതകൾ
ഈമന്നിൽവാഴുവോരാസുരശ്രേഷ്ഠരും
സാമർത്ഥ്യമാണ്ടപിശാചങ്ങളും
സാമന്തരായുണ്ടുകാര്യംനടത്തുവാൻ
കാമാകുലംഭൂമിമാമകമാം.
ഇങ്ങട്ടെട്ടുക്കയാമങ്ങട്ടു നൽകയാം

ഭംഗിവാക്കല്ലിതെന്നോൎമ്മവേണം.
താവകതാതൻ വളൎത്തിയയിസ്രയേ
ഭാവുകംകേവലം നഷ്ടമായി.
മോശയിൻ ചട്ടം ഹാ! കഷ്ടത്തിലാണ്ടുപോയ്
മോശമായ് തീൎന്നിതുവേദകാൎയ്യം;
നീയെന്നിമററാരു മോശയിൻ പ്രാചീന—
ന്യായപ്രമാണത്തെ വീണ്ടെടുപ്പാൻ?
യിസ്രായേല്യനാദ്യമാംശയർശലേമാലയം
ഹാ! ഹിംസചെയ്യുന്നു രോമകന്മാർ
ഹോതാവൊഴിഞ്ഞുള്ള സത്രത്തിനൊപ്പമായ്
ഹാ! താപമാളുന്നു ദൈവാലയം
പൊയ്യല്ല വേറാരു ദൈവത്തിന്നുണ്ണി!യീ
ദൈവാലയം സാർത്ഥമാക്കിടുവാൻ
ദാവീദുരാജൻെറ സിംഹാസനോപരി
നീ വാഴുമെന്നുണ്ടുവൎത്തമാനം.
ആലസ്യമെപ്പോഴുംശീലിച്ചവന്നാതി—
ക്കാലത്തിലല്പവും സാധ്യമാമോ?
വിത്തുകൾ വൃക്ഷമാമീശ്വരാജ്ഞാബലാൽ
സത്തുവൎദ്ധിപ്പതുമപ്രകാരം.
ചട്ടമിന്നിങ്ങനെ കാണ്മുമെന്നാകിലും
നഷ്ടരാം മന്ദരായ് നിന്നിടുന്നോർ
ദൈവികനിൎണ്ണയം സാധിതമാക്കുവാൻ
ദാവിദൻ രാപ്പകൽ വേലചെയ്തു
രാഷ്ട്രസംസ്ഥാപനം വാഞ്ഛിച്ച നീയെന്തേ
നിഷ്ക്രിയായായതിൽ നില്പതില്ല?

ദൈവത്തിനിഷ്ടനെന്നാകാശഭാരതി
കൈവന്ന കൊണ്ടിന്നോരാലസ്യമോ?
ഈശ്വരാനുഗ്രഹമുണ്ടായിരിക്കയാൽ
ശാശ്വതമാം യത്നം വേണ്ടെന്നതോ?
മോഹിക്കവേണ്ടനീ ദൈവംത്യജിച്ചിട്ട —
മർഹിപ്പതില്ലെങ്കിലാശിസ്സിനെ
ദൈവാഭിഷിക്തനാംശാവുലൻത്യക്തനായ്
ആ വിധം ലോകത്തിലെത്രകണ്ടു
വാരിധിതീരനിവാസികളൊക്കെയും
വാരുകില്ലോക്കണ്ണം രത്നജാലം
മാനിച്ചു വാനവതാതനിങ്ങേകിയ
സ്ഥാനങ്ങളൊക്കെയും രക്ഷിക്കണം.
സാമവും ദാനവും ഭേദവും ദണ്ഡവും
ഭൂമിയിലത്രതാൻ രാജതന്ത്രം
പദ്ധതിയൊന്നുതേലാക്കമറെറാന്നുതേ
ഔദ്ധത്യമെന്തിനു ശുദ്ധബുദ്ധേ!
ഉള്ളതു കേൾക്കുകിൽ നല്ലവർ കൊള്ളണം
വല്ലഭ! വീര!മൽചൊല്ലുകേൾനീ
രാട്ടായഞ്ഞാനിനിശ്ശാന്തമായ്‌വേറൊരു
മട്ടായി ജീവിതം തേടിക്കൊള്ളാം,
സാമ്രാജ്യസർവസ്വമൊക്കെയും ഞാൻതവ
നിമ്മായമേകുന്നു യൂദപ്രഭോ!
ഒന്നാണപേക്ഷെങ്കിൽ വാങ്ങുന്നുമമ്പങ്ങു
നന്ദിച്ചുനിൽക്കണം നിന്ദയെന്തേ?
വന്ദിച്ചു നിൽക്കുകിൽ കുമ്പിട്ടുകേഴുകിൽ

ന്ദിച്ച സവ്വം നൽകിടുന്നേൻ.
വന്ദിച്ചു വാങ്ങുകിൽ കുമ്പിട്ടെടുക്കുകിൽ
തന്നിടാം ഞാൻ മഹാസാമ്രാജ്യത്തെ.

റാവുസാഹിബ് ഒ. എം. ചെറിയാൻ ബി. എ. എൽ. റി.

# 29

## യൂദായുടെ കുട്ടംകൈ.

അഥവാ

### ഗുരുദ്രോഹിയായ ഒരു ക്രിസ്തുശിഷ്യൻ.

(മഞ്ജരി)

1.

നിർമ്മലമായുള്ള നീലാംബരത്തിങ്കൽ
കാർമ്മുകിൽ പാറിപ്പറന്നുകേറാം;
ചേതോഹരമായ താരകാമാലയിൽ
കേതുവുദിച്ചു വിളങ്ങിയേക്കാം;
ശ്രേഷ്ഠമാംമാലേയ ദാരുക്കളോടൊത്തു
പുഷ്ടമായ് ദുർവിഷവൃക്ഷമുണ്ടാം;
നെല്ലുകലച്ചു വിളങ്ങുമിടങ്ങളിൽ
പുല്ലുമുളച്ചു പുളച്ചുനിൽക്കാം,
നന്മതന്നാസ്ഥാനത്തെവ്വിധമെങ്കിലും
തിന്മകലൎന്നിടാം—എന്നപോലെ
ശിഷ്ടരിൽ ശിഷ്ടരാമേശുവിൻ ശിഷ്യരിൽ
ദുഷ്ടനാമേകനും പെട്ടിരുന്നു!

ലോകമോഹങ്ങളിലിമ്പമാൎന്നക്ഖലൻ
ലോകാധിനാഥനെ വിസ്മരിച്ചു.
ഉള്ളിൽകൊട്ടുംകാളകൂട,മധരത്തിൽ
വെള്ളപ്പൂമ്പുഞ്ചിരി —എന്നീമട്ടിൽ
വൎത്തിച്ച"യൂദ" തന്നന്തരംഗത്തിലായ്
നൎത്തിച്ചുപോൽ ധനതൃഷ്ണപാരം.
അക്കാലമേശുവാം നാകനാഥാത്മജൻ
വക്കാണക്കാരായ ശാസ്ത്രിമാരെ
നിൎഭയംശാസിച്ചു, കാട്ടുകാട്ടീടുന്നോ—
രൎഭകന്മാരെപ്പിതാവുപോലെ.
അപ്പരീശന്മാരും ശാസ്ത്രിഗണങ്ങളു—
മപ്പൊഴെ വൈരാഗ്യമൂൎത്തികളായ്;
ക്രിസ്തുവാംനിസ്തുല മംഗളസൂൎയ്യനെ
സത്വരമസ്തമിപ്പിച്ചിടുവാൻ
ദുഷ്ടരാമായവരത്യാന്തംയത്നിച്ചാർ;
വിഷ്ടപനാഥനോ പുഞ്ചിരിച്ചു!!
യൂദതൻ കൎണ്ണത്തിലീവാൎത്തയെത്തവെ
മോദകം തിന്നപോലായിനീചൻ.
മാത്രയും താമസിയാതെചെന്നക്ഖലൻ
ശാസ്ത്രിഗണത്തോടു സഖ്യംചെയ്താൻ.
കേവലംമുപ്പതുവെള്ളിയ്ക്കുവേണ്ടിയ—
പ്പാവനാത്മാവാകുമേശുവിനെ,
ലോകൎക്കുനിത്യമായ്മോക്ഷമണയ്ക്കുവാൻ
നാകമുപേക്ഷിച്ചോരാദ്യന്തനെ
ആതുരൎക്കാശ്വാസദായകനെ, പാരി—

പൂതപ്രഭാവനാം സൽഗ്ഗുരുവെ—
നിന്ദ്യമായ് കാപട്യമേറുന്ന ചുംബന—
മൊന്നിനാലൊററിക്കൊടുക്കുവാനായ്
സാത്താൻെറ കൂടെപ്പിറവിയാം യൂദയ്യൂൻ—
മത്തനെപ്പോലഹോ! ധൈര്യമുണ്ടായ്.

2.

ഗാത്രസമേതനെന്നാപൂവന, മേശുവാം
പൂതസ്വഭാവൻെറ പാദസ്പർശം
കോൾമയിർ ചേർത്തിതു, ഹർഷാശ്രുപോലവെ
തൂമധു തൂകിപോൽ പൂക്കളെല്ലാം.
ഭംഗിതിരളുമത്തോട്ടത്തിലങ്ങിങ്ങായ്
മംഗലരൂപൻ നടന്നശേഷം
ശ്യാമളകോമളമായൊരു പുൽത്തട്ടി—
ലാമയവായ് പൊടെമുട്ടുകുത്തി!
തൽക്ഷണം വീപ്പിട്ടുകൊണ്ടുപറന്നുപോയ്
താർഗന്ധസാരംനുകന്നവാതം.
വല്ലിലതാദികളെന്തോവിചാരത്താൽ
തെല്ലിടനിന്നുവിറച്ചുപോയി.
ചന്ദ്രികാലംകൃതമായപൂങ്കാവിൻെറ
സൗന്ദര്യമൊന്നുമയങ്ങിമങ്ങി.
പാരിതിനൊക്കയുമീശനാമേശുവിൻ
വാരിജരാജിതലോചനങ്ങൾ
ശ്രദ്ധപര്യാകുലം, നാകസിംഹാസനാ—
രൂഢനാം താതനിലേക്കുയൎന്നു.
വീണുപോയ് നാലഞ്ചുബാഷ്പകണമപ്പോൾ

ചേണുറ്റമുത്തുമണികൾപോലെ.
ഏതാൻവിനാഴികകഴ്പോകവെയെത്തിനാർ
ഏതാനുംദുഷ്ടന്മാരസ്ഥലത്തിൽ
സാധുജനങ്ങൾതൻ കണ്ണിൽപൊടിയിട്ടു
നീതിമാന്മാർതങ്ങളെന്നുകാട്ടി
ജേതൃത്വംനേടിയശാസ്ത്രിമാരാംസംഘ—
നേതൃത്വംഹന്ത!വഹിച്ചിരുന്നു
ചുറ്റുമണഞ്ഞുപകച്ചുനിന്നീടുമാ—
പ്പുറ്റലർവൃന്ദത്തോടേശുദേവൻ
വിസ്മയമേതുമെക്കൂടാതെ ചോദിച്ചാൻ
സസ്മിത"മാരെത്തിരവൂനിങ്ങൾ"?
ഉത്തരമുണ്ടായി"നസ്രായനായിടും
ധൂർത്തനെ"യെന്നുടൻനിർവ്വിശങ്കം.
"ഞാനിതാനിങ്ങൾതൻമുമ്പി"ലെന്നാദ്ദിവ്യ—
നാ നിലനിന്നുകൊണ്ടുച്ചരിക്കെ,
ഏതൊരുഭാഗത്തുനിന്നോപറന്നുദുർ—
ഭൂതമെന്നോണമണഞ്ഞുയൂദാ
തെല്ലൊന്നുമുൻപോട്ടുചാഞ്ഞുചുംബിച്ചിതു
സ്വർല്ലോകനാഥന്റെതൃമുഖത്തിൽ.
കാപട്യമേറുമാച്ചുംബനംകാണവെ
പാപപ്രഭുക്കളെക്കശ്മലന്മാർ
സച്ചിദാനന്ദനെബന്ധിച്ചുകൊണ്ടുപോയ്
കൊച്ചുകിടാവിനെവ്യാഘ്രങ്ങൾപോൽ

(പി. സി കോരുത്ത് പുളിക്കീഴ്)

# 30

## വലത്തുഭാഗത്തെ കള്ളൻ.

1 ദുരിതജലധിയിൽപതിച്ചുനട്ടം—
തിരിയുമൊരുൽക്കടതസ്കരപ്രമാണി
കുരിശുകയറിയൊരമാനുഷൻത
ന്നരികിൽവലത്തുവശത്തുതൂങ്ങിനിൽപ്പൂ —

2 ചതി, കളവുതുടങ്ങിയുള്ള നാനാ-
പ്രതിഭയദുശ്ചരിതങ്ങൾമൂലമാകും
മതിയിലതിഭയംവളർന്നുവന്നീ
സ്ഥിതിവരികെന്നതിലെന്തുവിസ്മയിപ്പാൻ?

3 ഗുരുതരനിജഘോരകർമ്മചിന്താ
പരുഷത തദ്രുദ്ധഹൃത്തടംമഥിക്കേ
ഇരുളടയുമതിങ്കൽനിന്നുപെട്ടെ-
ന്നൊരുചെറുതീപ്പൊരിയങ്ങുപൊങ്ങിവന്നു.

4 ധ്രുവവിമലവിചാരമാംമരുത്തിൻ-
നവനവനിശ്വസിതത്തിലാസ്ഫുലിംഗം
ജവമൊടുവികസിച്ചുഹൃത്തിൽവായ്ക്കും
ചവറുസമസ്തമെരിച്ചുചാമ്പലാക്കി

5 പെരിയ വാരനുശയോഗ്രരശ്മിതട്ടീ–
ട്ടെരിപൊരികൊള്ളുമവന്റെയന്തരംഗം
ത്വരിതമഭയകാംക്ഷകൊണ്ടുപാഞ്ഞാ-
ക്കുരിശുമരത്തണലാർന്നുവിശ്രമിച്ചു.

6 "വലിയൊരമൃതവൃഷ്ടിയാൽ ജഗത്തിൻ
മലിനതമാററിയദിവ്യമേഘമേ,നീ
കലിതശുഭമിവൻെറമേൽപ്രസാദി-
ച്ചലിയണമേപൊരിയുന്നമാനസംമേ.

7 പുരുമഹിമനിറഞ്ഞനിൻെറപേരും
പെരുമയുമേതുമറിഞ്ഞിടാത്തമൂഢൻ
ഒരുവനിത ഭവാനെഹന്ത!പാരം
പരുഷതരംപലതുംപഠിച്ചിടുന്നു.

8 അനുനയവചനങ്ങൾവാമനാമാ-
മനുജനിലൊക്കെനിരർത്ഥകങ്ങളായി
മഹിഷമറിയുമോ മികച്ചപാട്ടിൻ-
മഹിമകൾമററുജനങ്ങളോതിയാലും?

9 "കരളിലവനുനൈജഘോരകന്മ-
സ്മരണകൾനേർവഴികാട്ടിടട്ടെവേഗം
പരമടിയനെനീവെടിഞ്ഞിടൊല്ലേ
പരമഗുരോ!തവപാദസേവകൻഞാൻ.

10 "ജനഹിതമതിനെപ്പുലർത്തുവാനായ്
തനതുസുഖത്തെവെടിഞ്ഞ ദിവ്യമൂർത്തേ
വിനകളഖിലവും പൊറുത്തുപേർത്തും
കനിവിനൊടെന്നെയനുഗ്രഹിക്ക നാഥാ!"

11 അവനകമുരുകിത്തളർന്നിവണ്ണം
സവിനയസംഭ്രമമന്നിരന്നനേരം
നവമൊരമൃതവർഷമേ.ചമുണ്ടോ—
യവനുടെകർണ്ണപുടത്തിലൂടെഹൃത്തിൽ.

12 "അലമതികദനം, മഹാന്തതാപാ—
നലപരിദഗ്ദ്ധസമസ്തകല്മഷൻ നീ
വിലയരഹിതമെന്നൊടൊത്തുവാനാം
നിലയനമാന്നുവസിച്ചിടും, ശുഭം തേ"

(വിദ്വാൻ എ. ഡി. ഹരിശർമ്മാ)

# 31

## ദീർഘനിദ്രാപ്രബുദ്ധത.

ലാസർ എന്നു പേരുള്ള തൻെറ മരിച്ചുപോയ പ്രാണസ്നേഹിതനെ ക്രിസ്തു ഉയിർപ്പിക്കുന്നതു്.

(പാന.)

ശാന്തിയേററം വളത്തുവാൻ ലോകത്തിൽ
സ്വാന്തമോദാലവതാരം ചെയ്തോരു
ചിത്സ്വരൂപൻെറ പാദാരവിന്ദങ്ങൾ
സോത്സാഹം "മേരി" വന്ദിച്ചു നന്ദിയായ്
സങ്കടം കൊണ്ടുവാവിട്ടുകേണവൾ
തമ്പിതൻ ചരമത്തിനാലയ്യയ്യോ
കണ്ണുനീർബിന്ദുകൊണ്ടുജഗദീശ—
സുന്ദരപാദക്ഷാളനം ചെയ്തവൾ
മൃത്യുവാം കൊടുംരാക്ഷസവയ്യനെ
സത്യമായിജ്ജയിച്ചുജയധ്വജം
ഇജ്ജരയിൽ പ്രതിഷ്ഠിച്ചദേവാ! നീ—

യെത്തിയെങ്കിൽ സഗർഭ്യൻ മരിക്കുമോ?
രോദനമിത്തുകേൾക്കയാൽ ക്രിസ്തുവിൻ
ചേതസ്സാമബ്ധിവീചികളന്യോന്യം
ഭീകരമായടിച്ചു ബാഷ്പോദകം
ശോകലക്ഷ്യമായ് ചിന്തുന്നു കൺകളിൽ
ആർത്തിനാശകനാകും ഭഗവാനി—
ന്നാർത്തിയുണ്ടാകാനെന്തൊരു ബന്ധമോ?
മുക്തിദായകനോതിയിട്ടുണ്ടല്ലോ
ദുഃഖിതന്മാരിൽ വേണം സഹതാപം.
പിന്നെയായഹൂദാവലി മുന്നിലായ്
മിന്നലിന്നൊളിപൂണ്ടൊരു തമ്പുരാൻ
സന്നതാംഗികളൊത്തു കബറിങ്കൽ
ചെന്നു ചേർന്നിതു ഖിന്നനായ് തൽക്ഷണം
കേവലം ഗുഹയായൊരു കല്ലറ—
മീതെ വൻശിലകാൺകയാൽ വല്ലഭൻ
വേഗമങ്ങതു മാററുകയെന്നോതി
നാകനായകൻ കാരുണ്യവാരിധി
ശബ്ദസുന്ദരവാണി കളച്ചെവി—
പ്പുക്കടൻമാർത്ത ചൊല്ലിനാളീവണ്ണം
ഇപ്പൊഴിങ്ങനെ ചെയ്യുന്നാൽദുർഗ്ഗന്ധം
വർദ്ധമാനമായ്തീരും ഭഗവാനെ.
ശങ്കവേണ്ടായെൻ മാർത്തേ! നിനക്കേതും
മങ്കമാർമണിമൗലേ! ധരിച്ചാലും
ഇന്നുദൈവമഹൽ ശക്തിദർശിക്കാൻ
സംഗതിയാകും വിശ്വസിച്ചീടുകിൽ.
ശാന്തിയേകുമിസ്സൽഗ്ഗിരം മങ്കയ്ക്കു

സ്വാന്തസൗഖ്യം വളൎത്തിവഴിപോലെ
ആയവൎക്ക താനല്ലവനിസ്സ്കൃതി
മായംകൂടാതെ ചൊല്ലിയതോൎക്കുകിൽ.
കല്ലറയ്ക്കുമേൽ നിന്നുടനാശില—
മെല്ലെനീക്കിയനുജ്ഞയാലാളുകൾ
എന്തിനിബ് ഭവിച്ചീടുമെന്നോൎത്തിട്ടോ,
ചിന്തചെയ്യുന്നു നിശ്ചലരായവർ.
ഭക്തവത്സലൻ തൻനയനദ്വയം
സത്വരം ഗഗനത്തേക്കുയൎത്തീട്ടു
അൎത്ഥനചെയ്തീവണ്ണം സവിശ്വാസം
എത്തിടാനഭിലാഷമരക്ഷണാൽ.
സ്വൎഗ്ഗനായകനാകുമെൻതാതനെ!
അൎത്ഥനയാം മണിമാല്യമല്ലയോ
ഭക്തിയായ് സമൎപ്പിക്കുന്നതുപ്പടേ
ഭക്തവത്സലാ! പാഹിമാംപാഹിമാം.
എപ്പോഴുമഭിലാഷമെനിയ്ക്കുനീ
ഉൾക്കരൾ തുറന്നോകുകയില്ലയോ!
ഇപ്പോഴും നിൻ കൃപാവൎഷം പെയ്യിച്ചി—
ട്ടിജ്ജനത്തിൽ വിശ്വാസം വളൎത്തുക.
എന്നുടനവൻ ചൊന്നിട്ടലാസരെ,
വന്നിടു പുറത്തെന്നു വിളിക്കവേ
നിദ്രവിട്ടെഴുന്നേററുവരുന്നപോൽ
എത്തിനാനടുത്താമൃതമൎത്ത്യനും
അത്ഭുതസിന്ധുതന്നിൽ നിമഗ്നരായ്,
അസ്ഥലത്തുടനെത്തിയോരേവരും
ചിൽപുമാന്റെ പ്രവൎത്തികളല്ലവും

വ്യത്ഥമാവുകില്ലെന്നരച്ചീടിനാർ.
പൃഥ്വിയിലഘമെന്നുള്ള മൃത്യുവാൽ
നിദ്രദീർഘമായ് ചെയ്തിട്ടന്നോർക്കെല്ലാം
നിത്യജീവനെ നൽകുമൊരൗഷധം
നിത്യനാംദേവ; നീയല്ലാതാരുള്ളൂ.

(വി. ജെ. തോമ്മസ്സ്. ആറന്മുള)

# 32

## ഒരു പരീക്ഷ.

അഥവാ

ഭക്തനായ ജോബ്.

(കേക.)

മുത്താൻനിത്യം ഹൃത്തിൽച്ചേർത്തു താനുറപ്പിച്ച
ഭക്തിവിശ്വാസങ്ങളെ പ്രത്യക്ഷം പരീക്ഷിപ്പാൻ
സർവ്വജ്ഞനെന്നാകിലും സാത്താനാൽ സംപ്രേരിതൻ
സർവ്വസംപൂജ്യൻ ശ്രേഷ്ഠൻ പ്രപഞ്ചമഹാഗുരു
ദീർഘമായ് തന്റെ നേരെ നിർദ്ദയം നിക്ഷേപിച്ച
ദുർഘടപ്രശ്നത്തിനൊരുത്തരമോതാനിതാ,
കുപ്പക്കുന്നിന്മേൽ കേറിയിരുന്നു മാടോടിനാൽ
മെയ്പുണ്ണു മാന്തീട്ടേതോ ചിന്തിപ്പൂ നരനേകൻ.
ഇരിപ്പാൻവില്ലസ്സിന്റെ വിരിപ്പില്ലംഗങ്ങളിൽ
ധരിപ്പാൻ മൃദുക്കളാം പട്ടുടുപ്പുകളില്ല;

വെക്കുമ്പോഠം വീശീട്ടുവാൻ വേലക്കാരില്ല; കണ്ണീർ
വാക്കുമ്പോഠം തുടയ്ക്കുവാൻ മക്കളുമവനില്ല.
എല്ലാമപ്പരീക്ഷകൻ പ്രപഞ്ചമഹാശാല—
യ്ക്കുള്ളിൽ നിന്നകററിനാനോരോന്നായാദ്യം തന്നെ.
കാന്തയാൽപ്പോലുമിപ്പോഠം ഭർത്സിതനവൻ ചിന്താ—
ക്രാന്തിയാൽ പരിക്ലാന്തഹൃദന്തൻനിരന്തരം
ഹന്ത! ദുസ്സഹരോഗഗ്രസ്തനസ്വസ്ഥൻ—കഷ്ട
മെന്തൊരു ഭയങ്കരപരീക്ഷാപരിപാടി.
"വന്ദ്യനാംജഗൽപ്രഭോ! പാദദാസനാമെന്നെ—
യെന്തിനീമട്ടിൽപരീക്ഷിക്കുന്നു, ശിക്ഷിക്കുന്നു?
ഞാനെന്തുപിഴചെയ്തേൻ? ന്യൂനമെപ്പൊഴുമെൻെറ
മാനസംഭവൽപാദശുശ്രൂഷാപരമല്ലോ.
എത്രതാൻഭയങ്കരമായെന്നെശ്ശിക്ഷിച്ചാലും
ഭക്തവത്സല! വെടിഞ്ഞീടുമോ ഭവാനെഞാൻ?
ആയതസ്നേഹംകാത്തുരക്ഷിക്കും കരങ്ങഠംക്കു
ന്യായമായെന്നും ശിക്ഷിപ്പാനുമുണ്ടധികാരം
സശ്രദ്ധം സദാഭവൽപാദാന്തേ വാസം ചെയ്യും
ശിഷ്യനാമെന്നോടെന്തിനിത്തരം പെരുമാററം?
"വിളങ്ങും വിയത്താകമാ നീലപ്പലകമേൽ
തിളങ്ങും ലിപികളാൽ സത്യത്തിൻമാഹാത്മ്യത്തെ
രാപ്പകൽമാറിമാറിക്കുറിച്ചുകാണിക്കുന്നു.
ചിൽപുമാൻ സർവ്വചരാചരൈകാചാര്യൻ ഭവാൻ
ഇമ്പമായ്ക്കുയിലിനെപ്പാടുവാൻ പഠിപ്പിച്ചു;
മാൺപുററുമയിലിനെയാടുവാൻ ശീലിപ്പിച്ചു;
കേടററകാലജ്ഞാനം പൂങ്കോഴിക്കേകി; പാരം
പാടവംപറക്കുവാൻ പക്ഷിക്കു നൽകീ ഭവാൻ.

"പുഞ്ചിരിതൂകീടുന്ന പുഷ്പങ്ങൾ പ്രഭാതത്തിൽ;
സഞ്ചിതമോദം ഗാനം ചെയ്യുന്ന പറവകൾ
ഭംഗിയായ് വിതാനിപ്പൂ വിൺതട്ടു പയോദങ്ങൾ;
ഭംഗമറ്റെങ്ങും പങ്കവീശുന്നു പവമാനൻ.
"ഇങ്ങനെയെല്ലാം പ്രപഞ്ചേശനാമവിടുത്തെ —
യിംഗിതംപോലെ ചരാചരങ്ങൾ പ്രവർത്തിപ്പൂ
"ഇതെല്ലാം കണ്ടും കേട്ടും പണ്ടേ മച്ചിത്തേ നന്നായ്
പതിഞ്ഞ പാഠത്തെ ഞാൻ പെട്ടെന്നു മറക്കുമോ?
എന്നുടെ രക്തമഷീഭാജനം രിക്തമായി—
ത്തീർന്നുപോയീടുംവരെയീവക തത്വങ്ങളെ
അകത്തെക്കടലാസ്സിൽ മനസ്സിൻ മുനകൊണ്ടു
പകർത്തിപ്പകർത്തി ഞാൻ പ്രത്യഹം സൂക്ഷിക്കുവൻ.
എപ്പൊഴും ഭവാനതു തുറക്കാം, വായിക്കാം, മീ—
യല്പപ്രജ്ഞന്റെയവിവേകത്തെപ്പരീക്ഷിക്കാം;
വല്ലവീഴ്ചയുമിടയ്ക്കെങ്ങാനും കണ്ടെത്തീടിൽ
ചൊല്ലാം ഞാൻ ജഗൽഗുരോ! സർവ്വം നീ ക്ഷമിച്ചാലും"
പരീക്ഷാകാരിന്യത്താൽ കേവലം നിരാശനായ്
പ്പരക്കെത്തൻ കർത്താവെപ്പഴിക്കാതേവം ചൊല്ലി
നിശ്വസിച്ചിതു ഭക്തൻ ദീർഘമായതിൻ ചൂടാ—
വിശ്വഭർത്താവിൻ മൃദുമാനസം ദ്രവിപ്പിച്ചു

* * * * * *

ഊഢകൗതുകം ലോകനായകൻ നടത്തിയ
ഗാഢമാം പരീക്ഷയിൽപ്പേർപെറ്റ ജയം നേടി
ശോഭിക്കും തൃക്കൈകൊണ്ടു സമ്മാനം സമ്പാദിച്ച
ഹേ! ഭക്തശിരോമണേ! നീ തന്നെ മഹാധന്യൻ!!!

(പണ്ഡിതർ ആർ. സി. ശർമ്മ)

## 33

# യറുശലേം നഗരത്തിലേക്കുള്ള ക്രിസ്തുവിന്റെ ഘോഷയാത്ര.

സമഭാവ,മവൎണ്ണനീയമാം—
ക്ഷമ, സാധുക്കളിലാർദ്രതാസ്ഥിതി,
സുമഃനാഗതി, വ്യക്തിനിഗ്ഗ്രമ —
ക്രമമീമട്ടെഴുമീശനാശ്രയം

ഭവസാഗരമഗ്നരാംനര—
ക്കവമാവസ്ഥ വരാതുയൎത്തുവാൻ
ശിവമാൎഗ്ഗമണഞ്ഞുമന്നിൽവ—
ന്നവതാരം വിളംബ ചെയ്തു ക്രിസ്തുവായ്. 2

ക്ഷിതിവാസികൾതൻ മഹാഘസം-
സ്ഥിതിസൂക്താമൃതധാരയാൽ സ്വയം
അതിദൂരമകറ്റിയാശ്രുസൽ —
ഗതിതൻ മാൎഗ്ഗമവൎക്കു കാട്ടിനാൻ. 3

പലശിഷ്യജനങ്ങളൊത്തുനി-
ശ്ചലഭക്ത്യജ്വലനീമഹാശയൻ
ഛലമെന്നിയെ സഞ്ചരിച്ചുഭൂ —
തലമെങ്ങും സ്വമതപ്രചാരകൻ 4

ഛലമറ്റവരൊത്തവൻ യെറൂ-
ശലമെന്നുള്ളൊരു ദേശസീമയിൽ
നലമൊത്തൊരു ബെത്ഫഗയ്ക്കടു—
ത്തളവാശ്ശിഷ്യരൊടാജ്ഞ നൽകിനാൻ 5

"ഇതിലേവഴിതെല്ലുപോകിലു—
ണ്ടതിരേഗ്രാമമതിൽസവത്സയായ്
ദ്ധൃതിയുള്ളൊരുരാസഭാംഗനാ—
സ്ഥിതികാണാമവിടേയ്ക്കുചെല്ലുവിൻ 6

അവരണ്ടിനെയും ഗ്രഹിച്ചുകൊ
ണ്ടിവിടേക്കെത്തുവിനെന്തിനെന്നൊരാൾ"
വിവരിപ്പതിനോതിയാൽനമു-
ക്കിവയാവശ്യകമെന്നുമോതുവിൻ" 7

ഇരുശിഷ്യരിതാദരിച്ചുകേ-
ട്ടരുളിച്ചെയ്തവിധത്തിലൊക്കെയും
പുരമുത്തൊട്ടുചെയ്തുപിന്നതി-
ന്നുരുവിൽതൻതുകിലിട്ടുനിർത്തിനാർ 8

"ഖരവാഹനമാൻസൗമ്യനാ-
യരചൻനിന്നരികത്തിലെത്തിടും"
പരമിങ്ങനെവാചകൻമുഖാ—
ന്തരമായ്ചൊന്നതുസത്യമാകുവാൻ 9

ശരിതല്പരനെന്നപോൽഖരോ-
പരിമിന്നുന്നവിരിപ്പിലത്ഭുതം
പരിശോഭിതനായ്ജനങ്ങളാ-
ത്തരികിൽചുറ്റിയണഞ്ഞുസാദരം 10

ഉടനാളുകളാദരംപരി-
സ്ഫുടമാക്കുംപടിരോഡിലൊക്കെയും
പടഹധ്വനിപോലെയാർത്തുതൻ-
പടജാലങ്ങൾവിരിച്ചുനീളവേ. 11

ഇലയുംതളിരുംഫലങ്ങളും പൂ—
ക്കുലയും ചേർന്നനഗാഗ്രശാഖകൾ
പലതുംവഴിയിൽപൊഴിച്ചുതൽ—
സ്ഥലമെങ്ങുംസുഷമാഢ്യമാക്കിനാർ 12

ജയശബ്ദമുടൻദിഗന്തസ—
ഞ്ചയമൊട്ടുക്കുമുഴങ്ങിയേററവും
സ്വയമപ്പുരമത്ഭുതംമഹോ—
ദയമായ്ക്ഷുബ്ധതപൂണ്ടസിന്ധുപോൽ 13

"നരസത്തമനാരി"തെന്നുതൽ—
പുരവാസ്തവ്യർപരിഭ്രമിക്കവേ
ഉരചെയ്തുജനങ്ങളത്ഭുതം
തിരളുംയേശുവിശേഷവൈഭവം 14

പ്രിയമൊത്തവനെത്തിദൈവതാ—
ലയമത്തട്ടതിൽനിന്നുസത്വരം
ക്രയവിക്രയകൃത്യസക്തരേ
സ്വയമൊട്ടുക്കുവെളിക്കിറക്കിനാൻ 15

"ഇതുദൈവഗൃഹംമഹോദയം
പൊതുവിൽപ്രാർത്ഥനതൻശുഭസ്ഥലം
അതുകൊണ്ടുപുറത്തുതന്നെന—
ല്ലതുമേൽകച്ചവടങ്ങളൊക്കെയും 16

"തെരുവല്ലിതുവഞ്ചതിത്തരം
പെരുകുംതസ്കരദുഷ്കൃതാശയർ
മരുവുംഗുഹയാക്കിനിങ്ങളോ
പെരുതിപുണ്യപരാത്മമന്ദിരം 17

അരുതിങ്ങനെ"യെന്നു ചൊല്ലിയാ
പുരുഷശ്രേഷ്ഠനകത്തു പുക്കുടൻ
പെരുകുംപലവസ്തുവും പുറ-
ത്തൊരുഭാഗത്തു വലിച്ചെറിഞ്ഞുതാൻ. 18

---

കുരുടൻ,ചെകിടൻ,മുടന്തനെ-
ന്നൊരുകൂട്ടം ജനമപ്പൊഴുത്തമം
കരുതിസ്വയമീവിശിഷ്ടനാം
പുരുഷൻ തന്നരികത്തിലെത്തിനാർ, 19

അവശാശയ ദേഹതാന്തരാ-
മവരേ സ്വാഗതം പൂവ്മാമഹാൻ
അവധാനമൊടൊത്തരോഗതാ-
ദ്ധ്യവദാനാത്ഭുത ചിത്തരാക്കിനാൻ. 20

കൃതകൃത്യവിധേയരാംപുരോ—
ഹിതരും ശാസ്ത്രികളും മററുകൂട്ടരും
ചിതമല്ലിതു സാഹസംസുദു—
ഷ്കൃതമെന്നോർത്തു വെറുത്തുഗ്രത്തിനാൽ 21

അനുഗാമികൾ"ദാവിദിൻതനൂ-
ജനഹോശാന"യിതെന്നനക്ഷണം
നനവാഴ്ത്തിയതും പുരോഹിത-
ക്കനുകൂലസ്ഥിതി ചേരുതില്ലതാൻ. 22

അവർയേശുവിനോടരച്ചുറീ
യിവരോതുംമൊഴി കേട്ടിടന്നിതോ-
നവബാലകരേവ"മെന്നതി-
നാവനവ്വെന്നരുൾ ചെയ്തിതു ത്വരം 23

“ചെറിയശിശുജനത്തിൻവാഴ്ത്തൽതൻ-
വ്യക്തമാംസ-
ത്തറിവതിന്നിടയില്ലെഹന്തനിങ്ങൾക്കതെല്ലം”
പരിചിനൊടിത്ഥം ചൊല്ലിശ്ശിഷ്യരൊന്നിച്ചുമുത്താ-
ന്നരിയബഥനിയിൽപോയ് പാർത്തിതാ —
രാത്രിസൗഖ്യം. 24

(പി. എസ്. പുരുഷോത്തമൻ നമ്പൂതിരി)

## 34

## ആ ദിവ്യരൂപം.

അഥവാ

### ക്രൂശിൽ കിടക്കുന്ന ക്രിസ്തു.

അന്നനട

പരമപാവനം പരമമോഹനം
പരമാനന്ദത്തെ പരം തരുന്നതായ്,
സുരതതികളും വരമുനിമാരും
നരനികരവും നമിച്ചിടുന്നതായ്
ധരണിയിലെങ്ങും പുരുപുകൾ പൂശി
ച്ചരണതാരിണ പണിയുവോർക്കെന്നും
സുരതരുവായിപ്പുരാണവേദത്തിൽ
പരം വിലസുന്ന ഭുവനേശൻപോലെ
ഗുരുതരപാപനിരകളഞ്ഞുട
നരുതരസുഖമണച്ചിടുന്നതായ്,

ഒരുകുറികണ്ടാൽജഗന്മയപദ
സ്മരണമാനസെ.ചരുത്തിടുന്നതായ്,
ധരിത്രിയിൽമിന്നുംമഹൽത്ത്യാഗമാകും
വരഗുണംപരമരുളിടുന്നതായ്
തരുണിമാൎക്കതൻ,പതികൾപോലവെ
സരോജിനിക്കൊരുദിനകരൻപോലെ
വരമുനികൾക്കുപരപ്പൂമാൻപോലെ
നരനയനത്തിൽകുളിരണയ്പതായ്,
പുരാണപൂരുഷനികരങ്ങൾ പോലും
ചിരായകുമ്പിട്ടുസ്തുതിച്ചിടുന്നതായ്,
പരാൽപരസുതപരിപുണ്യതനു
പുരാധരിക്കയാൽപരിപൂതമായി
ധരണിയിൽക്രിസ്തുമതത്തിനുള്ളൊരു
പരിശുദ്ധമാകുമടയാളമായി,
ഒരു കുരിശിതാവിലസുന്നു; ദിവ്യ
തരുചിപൂരനടനരംഗമായ്
പരിപാവനമാമതിലൊരുദിവ്യൻ
പരിലസിക്കുന്നുപരമപുണ്യവാൻ.
മരതകമണിമരീചിചിന്തിടും
മകുടംചാൎത്തണ്ടശിരസികേവലം
അരികൾചേൎത്തൊരുവികൃതകണ്ടക
കിരീടമല്ലയൊവിലസുന്നുപരം
പരന്തപാത്മജകരാബ്ജലാളനാൽ
പരിശുദ്ധമായൊരളകസഞ്ചയം
സരസിജമതിൽസുവൎണ്ണഷൾപ്പദം
സരഭസമേറിക്കളിപ്പതുപോലെ

പരിലസിക്കുന്നപരമശോഭനം
പരമപാവനവദനസീമനി
ശിരസിന്നിന്നഹോവരുന്നൊരാനിണം
പുരണ്ടുമിന്നുന്നലലാടതല്ലജം
സാരില്പതിതന്നിൽപകുതിതാണതാ
മരുണബിംബത്തിൻപരിപാടിനേടി
ചിരന്തനൻതന്റെവിശിഷ്ടവൈഭവം
നിരന്തരംകാട്ടിലസിച്ചിടുന്നതെ
ധരാതലമെല്ലാംപരിപാലിച്ചോററം
വരാഭപൂണ്ടെഴുംവിലോചനയുഗ്മം
ചരമഭാവത്തെയണഞ്ഞപോതിലും
വരരുചിതേടിവിലസിടുന്നതെ
പരവശനായിട്ടിടത്തുതോളില
ശ്ശിരസ്സുചേർത്തഹോമുകളിൽമിന്നിടും
ചിരന്തനൻതന്റെമുഖാംബുജംതന്നിൽ
ചൊരിയുന്നദിവ്യകടാക്ഷജാലകം
മരുഭൂമിപോലുംവിളനിലമാക്കാൻ
വിരുതെഴുന്നൊരാതിരുമിഴിയല്ലൊ
നരകജീവിതമകററിനിശ്ശേഷ
നരകുലത്തിനുസുഖമേകിമന്നാം
പരിശുദ്ധവേദപ്പൊരുളാകുംദിവ്യ
മരന്ദസഞ്ചയംചൊരിഞ്ഞൊരാമുഖം
തെരുതെരെചോരപുരണ്ടുകാഞ്ചന
സരസിജംപോലെവിളങ്ങിടുന്നതെ
നരർക്കെഴുംരോഗംകളഞ്ഞുകൗതുകം
വരുത്തുവാൻവിരുതെഴുന്നപാണികൾ

ഇരുവശത്തേക്കുമൊരുപോലെനീട്ടി
കരിശൊട്ടേചേർത്തുതറെച്ചുകാണ്മുനാം
ഇടത്തുപാർശ്വത്തിൽ വിമഹന്മാർകുന്തം
കടത്തിയമുറിവൊരുനോക്കകണ്ടാൽ
ധരണിപാലിച്ചുവരുന്നൊരാദിവ്യ
പുരുഷനപാർത്താൽജഗന്മയനീശൻ
സരസമാകിനസുവർണ്ണമുദ്രയെ
നരച്ചിട്ടുമാരുമതീവകൌതുകാൽ
പരമപവിത്രമെന്നത്തഭാസ്കരൻ
കിരണസഞ്ചയംചൊരിയുന്നപോലെ
ഗിരിമുകളിൽനിന്നമലതീർത്ഥങ്ങൾ
ധരിത്രിയിൽത്താനെപതിപ്പതുപോലെ
പരന്നപാരിടംപരിശുദ്ധമാക്കാൻ
വിരവൊടെങ്ങുംനിന്നൊഴുകുന്നനിണം
മനമതിലതിവിനയഭക്തിയാൽ
മനസ്വിനീമണിമറിയപൂശിയ
പരിമളംചിന്തുംവിശിഷ്ടതൈലത്താൽ
പരിചൊടുമിന്നുംചരണതല്ലജം
ചൊരിയുന്നഘോരകനകസാരസം
മരന്ദസഞ്ചയമതുകണക്കിനെ
മദനസുന്ദരൻമദാഹരൻഗുണ
സദനമാശ്രിതകുലകാമധേനു
കദനസഞ്ചയമണച്ചദുഷ്ടരെ
മുദമാർന്നുവീക്ഷിച്ചനുഗ്രഹമേകി
വദനപത്മത്തിൽവിലസുമാറുള്ള
മൃദുഹസിതത്തിൻമനോജ്ഞശോഭയും

കരുണനതൻകളിക്കിരിപ്പിടമാകും
തിരുമിഴികളുംകടാക്ഷജാലവും
പരിശുദ്ധവേദപ്പൊരുളാംനന്മധു
പരംചൊരിഞ്ഞൊരാമുഖസരോജവും
ധരാതലംകാത്തുപരിപാലിച്ചിടും
വിരാടപുരുഷൻെറവിശിഷ്ടകാന്തികൾ
ഒരുമൂർത്തിയായിട്ടവതരിച്ചതാം
സുരുചിരതരതനുപ്രകാണ്ഡവും
അരുളുന്നജഗൽപതിയുടെപ്രീതി
പുരുഷനെന്നുള്ള "സുവിശേഷ"മെങ്ങും

(പന്തളം പി. കെ. കേരളവർമ്മരാജാ)

## 35

## ക്രിസ്തുദേവൻെറ സ്വർഗ്ഗാരോഹണം.

1 മദ്ധ്യാഹ്നം കഴിഞ്ഞിതു, ലോകബാന്ധവൻതൻെറ
മുഗ്ദ്ധമാംരഥത്തിന്നുസൂതനാമരുണനെ
സത്വരഗതിക്കായി പ്രേരണംചെയ്യുന്നോന്തോ,
ബദ്ധപ്പാടിൻെറ ഭാവം മുഖത്തും സ്ഫുരിക്കുന്നു.
പ്രത്യൂഹപ്രണാശനംചെയ്തുകൊണ്ടസ്താദ്രിമീ—
തെത്തിസ്സ്വർണ്ണഭൂഷാ ശോഭിതസന്മൂർത്തിയായ്,
ചെങ്കനൽപ്രഭപാരം പരത്തിപ്പസ്താനാളിൽ
ചെഞ്ചോരതളിച്ചുള്ളോരിസ്രയേൽ ഗൃഹത്തിൻെറ
സാധർമ്മ്യമരുളുന്നവാനിന്നു, കരോൽക്കരം

ബാധിക്കുന്നിരുളിനെ യാഗ്നേയബാണംപോലെ
2 സന്ധ്യാക്ക്രരോചിസ്സിങ്കൽ വികാരഭാരാർദ്ദിത—
സ്വാന്തരായ്‌നിലകൊൾവൂഹെർമ്മണുംലിബണനും†
വൃക്ഷങ്ങളത്യാദരനിശ്ചലഭാവംപൂണ്ടു *
സൂക്ഷിച്ചുനോക്കീടുന്നു ബത്ഥന്യശൈലാഗ്രത്തെ
ശോണിമയകന്നിപ്പോൾ ഗഗനദേശം, സാന്ദ്ര—
നീലകംബളഗളഗ്രാഹിയാവുകമൂലം
കുററിക്കാടുകൾക്കുള്ളിൽ പ്രകൃതിതെളിയ്ക്കുന്ന
ചെറുചെറെറാളിതൂകുംഖദ്യോതവിളക്കുകൾ
രാത്രിതൻനിശ്ശബ്ദതഭഞ്ജിപ്പാൻ ഝില്ലിവൃന്ദം
മാത്രമെത്തുനിഞ്ഞുള്ളൂ; ചെറിയോർക്കാകാമെന്നും.

3 ക്ഷുദ്രശൈലകമായ ബത്ഥന്യമലമാത്രം
ചിത്തമോദത്താലൊന്നുകുതിച്ചുനിന്നീടുന്നു.
താഴ്വരപൊഴിക്കുന്ന കണ്ണുനീർ, സ്വപൃഷ്ഠത്തിൽ
വീഴ്വൊരുവെൺമഞ്ഞെന്ന വ്യാജേന, നൈരാ—
ശ്യത്താൽ
ഗദ്ഗദപൂർവ്വം പക്ഷിസംഹതിദുഃഖഗാനം
നിർഗ്ഗതീകരിക്കുന്നു; താദൃശസന്ദർഭത്തിൽ
ബത്ഥന്യമലയുടെ കദ്ധ്വാവിങ്കൽ തന്റെ
ഭക്തരാംശിഷ്യന്മാരോടൊത്തുടൻ ക്രിസ്തുദേവൻ
മിത്രനും ഗ്രഹങ്ങളുമെന്നപോൽ' വിചാരിച്ചു
തച്ഛൈലമതിന്നൂർദ്ധ്വഭാഗത്തുകയറുവാൻ
തുനിഞ്ഞു; പാദസ്പർശംകൊണ്ടതിൻനൈച്യത്തിന്നു
കനിഞ്ഞുപരിഹാരമുണ്ടാക്കിനടകൊണ്ടാൻ

† പാലെസ്തീനിലെ രണ്ടുപർവ്വതങ്ങൾ.

* ബത്ഥന്യമലയിൽ നിന്നാണ് ക്രിസ്തുസ്വർഗ്ഗാരോഹണം ചെയ്യുന്നതു

4 മേലോട്ടുപോകുന്തോറും ദേവന്നുമുഖകാന്തി
ചേലോട്ടവർദ്ധിച്ചിതു ശുക്ലപക്ഷാബ്ജൻപോലെ
ശുദ്ധിയുംപ്രശാന്തിയും സൂചിക്കുമിബ്ഭാസ്സിനാൽ
ഭക്തമാനസവാർദ്ധിയിളകിയലക്കൊണ്ടു.
മലതൻമീതിലെത്തിയഗ്രത്തുനിന്നാൻ, ലോക—
ഗുരുക്കൾക്കെല്ലാവർക്കുമഗ്രഗനിത്യയുക്തം

5 പാൽക്കതിരൊളിചിന്നും തന്നുടെവസ്ത്രമാദി—
ത്യോൽക്കടതേജസ്സായി മാറിയാനിമിഷത്തിൽ
ശുഭ്രമാംതിരുമുഖമൈരാവതാഭ്രത്തിൽനി—
ന്നുദ്ഗമിച്ചീടും ശരൽസൌദാമനിയെജ്ജയിക്കുന്നു.
സമസ്തഭൂതങ്ങൾക്കും തേജസ്സുനൽകീട്ടുള്ള
സമൃദ്ധപ്രഭാവവാനേശുവാംതിരുവടി
അമ്മഹസ്സാകെത്തിരിച്ചെടുക്കും പൊഴുതിലാ-
വന്മയൂഖാബ്ധിവീചിത്തള്ളലിലതിതരാം
ഭയന്നുപിൻവാങ്ങിപ്പോയാപ്തമിത്രമാം *യോഹൻ
സദണ്ഡം ചക്രിയായിത്തീരവേ മോസസ്സുപോൽ

6 എന്താമോ? സംഭവിപ്പാൻ പോവതെന്നന്നക്ഷണം
ചിന്തിച്ചു പരിഭ്രാന്തിതേടിയതച്ഛിഷ്യന്മാർ
കണ്ണുകളുയർത്തിത്തൽ ഗോത്രശൃംഗത്തിൽനിൽക്കു-
മണ്ണോജബന്ധുകല്പനാകിയദേവേശനെ
നോക്കിനാർ; അതിൻ ഫലമെന്തഹോ! പരേശപരാ-
ഭിഖ്യകൊണ്ടവരുടെ നേത്രമഞ്ചുകമാത്രം.

7 ശൈലാഗ്രമതിൽ നിന്നുവീക്ഷിച്ചാൻനാലുപാടും
ത്രൈലോക്യനാഥൻ ലോകവിജയപ്രമോദീപ്തൻ.

---

* യോഹന്നാൻ

നീലരത്നാഭകോലും വിസ്തൃതഗഗനത്തിൽ
ശ്രീലനാംക്രിസ്തുദേവന്റെ ലോകൈകഗുരുവര്യൻ
പാദക്ഷേപണംചെയ്യുംനേരത്തു ഭാരാധിക്യാൽ
പാതിത്യംനഭസ്സിന്നു സംഭവിക്കായ്വാൻ,മിന്നും
വർണ്ണക്കല്ലിനാൽ നിർമ്മിച്ചുള്ളനൽസ്ഥൂണങ്ങളെ
മണ്ഡിതശീർഷംതന്നിൽ വഹിച്ചുനിലകൊള്ളും
മഞ്ജുളദേവാഗാരമക്ഷിയെ പ്രേരിക്കുന്നു
രഞ്ജിതഗുരുപീഠമാകിയ മലതന്മേൽ.

8 തൃപ്പദങ്ങളാൽ നിജമൃത്തിന്നുപവിത്രത
വർദ്ധിതമാക്കിച്ചെയ്ത ഗുരുവിൻവിയോഗത്തെ
ചിന്തിച്ചുദുഃഖാർത്തയായ് നിലത്തുകിടക്കുന്നു
ബന്ധുരഗാത്രസ്വീനയാകിയപൂമങ്കയാം

9 ഹിമവച്ഛിഖരത്തിൽ നിൽക്കുന്നാപഞ്ചാസ്യന്നു
സമനാംമഹോന്നതൻ സർവലോകോദ്ധാരകൻ
കണ്ടിതുനിജപാദപൂതമാം ദേശങ്ങളെ
കണ്ടിതുനിജാരവശ്രുദ്ധമാം ചൈത്യങ്ങളെ
കണ്ടിതുനിജാഹിതമന്ത്രണാഗാരങ്ങളെ
കണ്ടിതുനിജവീര്യശമിതോല്ലോലങ്ങളെ
അൽപ്പദൂരത്തിലായിക്കാണുന്നുതന്റെമൃത്യ-
തൽപ്പമാംകുരിശിനെവഹിച്ചഗോൽഗോത്താദ്രി
ഇപ്പൊഴായതുനാണിച്ചൊതുങ്ങിനിന്നീടുന്നു
ചിൽപ്പുമാനുള്ളദിവ്യദൃഷ്ടിതൻപ്രകാശത്തിൽ
തന്നുടെമനുഷ്യായുർജീവിതവൃത്താകാര

മന്യൂനമൊരുമാത്രകൊണ്ടുതാൻ ചുററിക്കണ്ടു

പൂർണ്ണസംതൃപ്തിയാർന്നു; ശാശ്വതജീവാപ്തിയാൽ
ശീർണ്ണമായ്ഭവിച്ചെല്ലാശാത്രവസങ്കല്പവും

10 ബ്രഹ്മാണ്ഡോല്പത്തിസ്ഥിതിലയങ്ങൾക്കവർജ്ജ്യമായ്
നിർമ്മായന്മാരിൽദിവ്യകാരുണ്യംചൊരിവതായ്,
ശർമ്മബാധകഗുരുശാപഗർത്തത്തിൽനിന്നു
ധർമ്മപന്ഥാവിലേക്കു*പിത്രനെനയിച്ചതായ്,
സ്ഥൂലരൂപത്തെക്കൊണ്ടാൻവൃക്ഷാധിരൂഢനായ
ബാലബുദ്ധിയാംനൃക്കായ്ത്തനിക്കുസൂക്ഷ്മരൂപം
ചേലോടുകാട്ടിസ്സദ്യോമുക്തിയെദാനംചെയ്‌വാൻ
മേലോട്ടുപായുന്നതിനുതസഹിച്ചീടുന്നതായ്,
ദിവ്യമായ്സ്സുജനൈകഭാവ്യമായനുവേലം
നവ്യമായ്നതജനസഞ്ചയസംഭാവ്യമായ്
തിക്തമാനസന്മാർക്കുവഹ്നിനാളമായ്, ശുദ്ധ-
ഭക്തർക്കുപാരാവതനേത്രംപോൽസമാർദ്രമായ്
നിൽപ്പൊരുതത്താദൃശംഭഗവദ്ദൃഷ്ടിപ്രചാരം
നിസ്തുലതേജഃപൂർണ്ണമായിജ്ജയശ്രീയാൽ

11 അജയ്യമായപാപമൃതികൾ, ഗുരുവിനാൽ
സുജയ്യമായീമുററുംസൂര്യനാലിരുൾപോലെ
ഈശ്വരവസ്ത്രത്തിലെമറയോടൊപ്പംകീറി
നശ്വരഭോഗോൽഭൂതദുഃഖമാംജവനിക.
ഓതിനാൻ, പ്രപഞ്ചൈകസ്തംഭമാംഗുരുവര്യൻ
പാദസന്നിഹിതരാംശിഷ്യരോടേവംവിധം
"എന്നുടെസുഖദുഃഖഭാഗഭാക്കുകൾനിങ്ങൾ
കണ്ണിനാൽകാൺമൂമേലിലെന്നുടെതേജസ്സിനെ

---

* പിത്രൻ=പത്രോസ്.

മൽപിതാവെനിക്കേകുംപാരിതോഷികമതും
കെൽപ്പോടുകാണാംനിങ്ങൾക്കിനിയുംവത്സന്മാരെ!
ഞാനിതാപോകുന്നെൻറ ദിവ്യമാംവസതിയിൽ
ദീനബന്ധുവാംമമതാതനെന്നതുപോലെ;
നിങ്ങളെപ്രേഷിക്കുന്നു,ലോകത്തിലതുമൂല—
മെങ്ങുമേപോയിട്ടെൻറസദ്വാർത്തയുൽഘോഷിപ്പിൻ
തദ്വാരാശിഷ്യന്മാരെ ചേർക്കുവിൻ,നിമജ്ജന—
കൃത്യത്തിന്നധീനരാക്കീട്ടുവിൻ, മമവിധി
നിത്യവും പഠിപ്പിപ്പിൻ,യുഗാന്ത്യംവരെത്തന്നെ
സംസ്ഥിതിചെയ്യുംനിങ്ങളൊത്തുഞാനിദ്ധാത്രിയിൽ
മാനസാംബോധിപാരമിളകിമറികയാൽ
മാനലംഘികളായവികാരതരംഗങ്ങൾ
അന്യോന്യസംഘട്ടനം ചെയ്യൊരുമട്ടിൽദൈവ—
നന്ദനനിദംചൊന്നിട്ടിരുകൈത്തലങ്ങളെ
സംസാരാതപനിവൃത്തിക്കുള്ള നൽഛത്രംപോൽ
ധ്വംസിതപാപൻവിരിച്ചീടിനാൻ ശിഷ്യർമീതിൽ.

12 ആനതശിരസ്കരായ്ശിഷ്യന്മാർ മുട്ടുകുത്തി
വാനവനാഥാശിസ്സുകൈക്കൊള്ളുംനേരംദേവൻ
തൻനിലവിട്ടുപെട്ടെന്നുയർന്നാൻ, നഭസ്സിങ്കൽ
മന്നിൽനിന്നുയരുന്നാമിന്നലെന്നതുപോലെ.
തന്നുടെപരിത്രാതാവെന്നല്ല, സാക്ഷാൽപ്രാണൻ
താനവിട്ടകലവെഭ്രതധാത്രിയാൾദേവി
മൂന്നുനാൾമുൻപുണ്ടായസന്നിപീഡനംമൂല—
മിന്നുതന്നന്ത്യശ്വാസംകഴിച്ചമട്ടിലായി.
ഭുവിനോടാമന്ത്രിച്ചില്ലായതു "വീണ്ടുംവരു"
മീവിധംദേവനുള്ളിലോർക്കുകമൂലമാവാം.

13 അംബരാംബുധിതന്റെഹരിതപ്രഭകോലും
ശംബരമതിനാഴംതുളയുംദൃഷ്ടിയോടെ
വിശ്വനാഥനെനോക്കിയോതിനാൻ,ദൈവാത്മജ
“നിസ്സൃഷ്ടലോകത്തിന്നുമുൻപുനിൻസവിധത്തിൽ
ഏതൊരുതേജസ്സന്തിയിരുന്നോനത്തേജസ്സാൽ
താത!നീയെന്നെതേജസ്വീകൃതനാക്കിയാലും”
വാക്കുകളിതുകേട്ടുവക്രങ്ങളുയർത്തിനാർ
നോക്കിനാരഖിലേശനന്ദനമുഖാബ്ജത്തിൽ
ആശീർവ്വാദാർത്ഥംഫുല്ലശയനായ്ഗഗനത്തിൽ
ശോചിഷ്കേശന്നുതുല്യമുയരുംഭഗവാനെ
ദർശിച്ചാരീവിയോഗമവർതൻചിത്തതന്ത്രി
ഘർഷിക്കമൂലംവാവിട്ടുച്ചത്തിൽ മുറയിട്ടാർ
പെട്ടെന്നുവിരമിച്ചാരേററുടൻനോക്കീടിനാർ
ദൃഷ്ടികൾദുഃഖാപ്ളാവക്രൂപങ്ങളാക്കിത്തീർത്താർ

14 ഭൂമിയോടകലുന്നരീതിയിൽ ഗന്താവിന്റെ
മാമഹസ്സഭിവർദ്ധമാനമായ്ഭവിച്ചിതു.
വ്യോമമണ്ഡലംകടന്നുള്ളൊരുനേരംകാണായ്
ധാമപൂരിതമായവെൺമേഘവിമാനങ്ങൾ
തദന്തർഭാഗത്തുനിന്നിറങ്ങീബഹുലക്ഷം
ത്രിദശരാശ്വത്ഥത്തിൽതിങ്ങിനബീജങ്ങൾപോൽ
പ്രകാശകണ, മതിൻപുഞ്ജത്തിലെന്നമട്ടീ—
വികാശസ്വരൂപരാദേവന്നുചുററുംനിന്നു
മേഘഗർജനാധികഘോഷസംഘോഷത്തോടെ
മേഘദ്വാരാതീതമാംദിക്കിന്നുഗതിചെയ്താർ

15 സൌരയൂഥോപാന്തത്തിൽ ചരിക്കും വിശ്വേശ്വരൻ
ഗൌരവമെഴുംമട്ടിൽ സ്വാഗതസമ്പന്നനായ്.
ചിലഗോളങ്ങൾ പച്ചനിറമാംകാന്തിനൽകി
ചിലഗോളങ്ങൾ നീലമരീചിസമർപ്പിച്ചു.
ചിലഗോളങ്ങൾ ചുവപ്പേകിന്വാടിവ്യന്നുമേൽ
ചിലഗോളങ്ങൾ കർബ്ബുരാഭയാലാശ്ലേഷിച്ചു.
ചന്ദ്രികാധവളങ്ങൾ ചിലവ, സൂര്യ്യാതപ-
സാന്ദ്രങ്ങൾ മററു ചിലഗോളങ്ങൾ, ഹിമാനികൾ
തിങ്ങിയിട്ടതിശൈത്യമുള്ളവ ചിലതിവ
തങ്ങടെമുതൽമൂലമീശ്വരനെസ്സംബന്ധിച്ചു
നിർജ്ജീവഗോളങ്ങള സ്സ്രഷ്ടാവിൻതനൂജനെ
ദുർജ്ജനമെന്നവണ്ണമാദരിച്ചില്ലാതെല്ലാം
ക്ഷുദ്രലോകത്തെസ്നേഹിച്ചെങ്ങളെമറന്നതു
ഭ്രമല്ലേവമുള്ളിൽ ഭാവിക്കമൂലമല്ലീ?
മാർത്താണ്ഡകോടികളെനാണിപ്പിച്ചീടും പ്രഭാ-
മൂർത്തിയാം ക്രിസ്തുദേവൻ ദൂതസന്നാഹത്തോടും
ചെന്നിതു സർവ്വോപരിസ്ഥിതമാം സ്വർല്ലോകത്തിൻ
പൊന്മയകവാടാഗ്രഭൂമിയിലഗ്രയായി.
നിയുതായുതകോടിലക്ഷങ്ങൾക്കധീശ്വരൻ,
നയകോവിദൻ, നിത്യയൌവനകളേബരൻ
സ്വർഗ്ഗീയപരിച്ഛദസംയുതൻ, സ്വാധികാര —
നിർഗ്ഗതവചസ്സേവം ചൊന്നിതു ദൂതശ്രേഷ്ഠൻ.
"ശിരസ്സുകിളർത്തുവിൻ സ്വഃപ്രതീഹാരങ്ങളെ!
ചിരസ്ഥായികളായ കവാടങ്ങളെ! നിങ്ങൾ

തേജസ്സാമ്രാജ്യപ്രതിഷ്ഠാപിതനതിപ്രൌഢൻ
ഭ്രാജൽ പ്രാഭവനകം പൂകട്ടെ കുമാരകൻ”
വാക്കിന്നു ക്രിയമൂലമുത്തരമെന്നമട്ടിൽ
ദ്വാസ്ഥന്മാർദ്വാരമുക്തിനിർവ്വഹിച്ചൊരു നേരം
സ്ഫാടികപ്രാകാരസംക്രാന്തമാകിയദിവ്യ—
ഹാടകഹർമ്മ്യംപാദഭൂഷിതമാക്കീ ദേവൻ.

(മഹാകവി കെ. വി. സൈമൺ. ഇടയാറൻമുള.)

ശുഭം.

എസ്സ് എ… ലീ…

മംഗലപ്പുഴ…

ആല…

DC Library
*00007143*
T61 T37

---

ക്രിസ്തുമതസംബന്ധങ്ങളായ വിഷയങ്ങളെ ആസ്പദമാക്കി മലയാള സാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠന്മാരായ പല സാഹിത്യകാരന്മാർ ചേൎന്ന് എഴുതിയുണ്ടാക്കിയ ഒരു ഉത്തമ കൃതിയാണ് സാഹിത്യ മഞ്ജൂഷ. സനാതനങ്ങളായ വിഷയങ്ങളെ സ്വീകരിച്ചു കൈരളിയുടെ ഒരു പൊതു സമ്പത്തുപോലെ വിവിധ പണ്ഡിതന്മാർ രചിച്ച ഈ കവനമാല്യത്തിന് മലയാളികൾ പരമാനന്ദ തുന്ദിലരായി സ്വാഗതം പറയുമെന്നുള്ളതിൽ സംശയമില്ല. ഇപ്രകാരം സൎവ്വജനീനശ്രേയോഭിമുഖമായ ഒരു ശ്രമം ചെയ്തു കൈരളിയെ അനുഗ്രഹിച്ച പ്രസാധകനേയും അദ്ദേഹത്തോടു സഹകരിച്ച കവികളേയും ഞങ്ങൾ അഭിനന്ദിക്കുകയും സാഹിത്യമഞ്ജൂഷക്കു ശോഭനമായ പ്രചാരം ഉണ്ടാകണമെന്നു പ്രാൎത്ഥിക്കുകയും ചെയ്യുന്നു. ഈ പുസ്തകം ആവശ്യമുള്ളവർ ലീഗാഫീസിൽ ആവശ്യപ്പെടുക.

---

സമസ്ത

## കേരള സാഹിത്യപരിഷത്തിന്റെ

വിസ്തൃതമായ അഭിനന്ദനത്തിന്റെ ഒരു ഭാഗം

പ്രസ്തുത കൃതി പവിഴവും പച്ചരത്നക്കല്ലുമൊന്നിച്ചു കോൎത്ത മാലപോലെ അത്യന്തം മനോഹരമായിരിക്കുന്നു.

# സാഹിത്യമഞ്ജൂഷ.

(ഒന്നാം ഭാഗം)

(സർക്കാർ അംഗീകരിച്ചിട്ടുള്ളതു്)

പ്രസാധകൻ

ജെ. തോമ്മസ്

ആറന്മുള.

T61
T37